# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

2015 മാര്‍ച്ച് 18, ബുധന്‍

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങള്‍

**[ആകെ ചോദ്യങ്ങള്‍--300]**

| മറുപടി നല്‍കുന്ന മന്ത്രിമാര്‍ | ചോദ്യ നമ്പര്‍ |
|---|---|
| ഊര്‍ജ്ജ വകുപ്പുമന്ത്രി | : 2067 മുതല്‍ 2142 വരെ |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി | : 2143 മുതല്‍ 2173 വരെ |
| ധനകാര്യവും നിയമവും ഭവനനിര്‍മാണവും വകുപ്പുമന്ത്രി | : 2174 മുതല്‍ 2258 വരെ |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | : 2259 മുതല്‍ 2323 വരെ |
| പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : 2324 മുതല്‍ 2366 വരെ |

### വൈദ്യുതി കുടിശ്ശിക

2067. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യത്തിന് ഊര്‍ജ്ജ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) വൈദ്യുതി ബോര്‍ഡിന് പിരിഞ്ഞുകിട്ടാനുള്ള തുക പിരിക്കുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചുവരുന്നു എന്ന് വിശദീകരിക്കാമോ?

### സണ്‍ ഷിഫ്റ്റ് പദ്ധതി

2068. ശ്രീ.കെ.ശിവദാസന്‍ നായര്‍

,, അന്‍വര്‍ സാദത്ത്

,, പി.എ.മാധവന്‍

,, എ.റ്റി.ജോര്‍ജ് : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ഊര്‍ജ്ജ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) വൈദ്യുതി ബോർഡിന്റെ സൺ ഷിഫ്റ്റ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) സൗരോർജ്ജത്തിൽ നിന്ന് വൈദ്യുതി ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ചടയമംഗലം മണ്ഡലത്തിൽ ഊർജ്ജ വകുപ്പുമുഖാന്തിരം നടത്തിയ പ്രവൃത്തികൾ</u>

2069. **ശ്രീ.**മുല്ലക്കര രത്നാകരൻ **:** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മേയ് മുതൽ 2015 ഫെബ്രുവരി വരെ ചടയമംഗലം മണ്ഡലത്തിൽ ഊർജ്ജ വകുപ്പ മുഖാന്തിരം നടത്തിയതും പൂർത്തീകരിച്ചിട്ടില്ലാത്തതും ഭരണാനുമതി ലഭിച്ചിട്ടുള്ളതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

<u>കേന്ദ്രീകൃത കോൾ സെന്ററും ഡേറ്റാ സെന്ററും</u>

2070. **ശ്രീ.**പാലോട് രവി

**,,** കെ.ശിവദാസൻ നായർ

**,,** എ.റ്റി.ജോർജ്

**,,** വർക്കല കഹാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യുടെ കേന്ദ്രീകൃത കോൾ സെന്ററും ഡേറ്റാ സെന്ററും പ്രവർത്തന സജ്ജമായിട്ടുണ്ടോ ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിന് ലഭിക്കുന്നത് ;

(ഡി) ഉപഭോക്താക്കൾക്ക് എന്തെല്ലാം സൗകര്യമാണ് ഇതിൽ ഒരുക്കിയിരിക്കുന്നത് ?

<u>ജലവൈദ്യുതി പദ്ധതിയിൽ കൂടിയല്ലാതെയുള്ള വൈദ്യുതി ഉല്പാദനം</u>

2071. **ശ്രീ.**എ.കെ.ബാലൻ

**,,** വി.ചെന്താമരാക്ഷൻ

,, വി.ശിവൻകുട്ടി

,, പി.ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലവൈദ്യുതി പദ്ധതിയിൽ കൂടിയല്ലാതെ വൈദ്യുതി ഉല്പാദനം നടത്തുന്നതിനുള്ള മറ്റ് സാദ്ധ്യതകൾ പര്യാപ്തമായ രീതിയിൽ ഉപയോഗപ്പെടുത്തുന്നതിന് സാദ്ധ്യമാകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ; ഏതെല്ലാം മേഖലയിൽ എത്ര മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട് ;

(ബി) സംസ്ഥാനത്ത് സൗരോർജ്ജം വഴി എത്രത്തോളം വൈദ്യുതി ഉല്പാദിപ്പിക്കാമെന്ന് എന്തെങ്കിലും ശാസ്ത്രീയപഠനം നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ജല / താപ പദ്ധതികളിൽ കൂടിയല്ലാതെ ഇതര സ്രോതസ്സുകളിലൂടെ ഊർജ്ജോല്പാദനം നടത്തുന്നതിനുള്ള സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുന്നതിൽ സർക്കാർ വീഴ്ച വരുത്തുന്നതായ ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ;

(ഡി) കാറ്റിൽ നിന്നുള്ള വൈദ്യുതി ഉല്പാദനത്തിൽ, എൻ.ടി.പി.സി.യുമായി ഏർപ്പെട്ട കരാറിലൂടെ ലക്ഷ്യമിട്ട വൈദ്യുതി എത്ര ; ഇതിലൂടെ ഇതിനകം എത്ര ശതമാനം ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞു ;

(ഇ) ഇത്തരം പദ്ധതികളിൽ വീഴ്ചവരുത്തുന്നത് സംസ്ഥാനത്ത് വൈദ്യുതി പ്രതിസന്ധിക്ക് കാര ണമാകുന്നതായ വിലയിരുത്തലുകളിൽ നിലപാട് വ്യക്തമാക്കുമോ ?

## കർഷകർക്ക് സൗജന്യ വൈദ്യുതി താരിഫ് .

2072. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് നൽകി വരുന്ന സൗജന്യ വൈദ്യുതി നിരക്ക് വ്യവസായ ആവശ്യത്തിനുള്ള താരിഫ് നിരക്കിലേക്ക് ഉയർത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ തീരുമാനം പിൻവലിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ തീരുമാനം മൂലം കർഷകർ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## പവർക്കട്ടും ലോഡ്ഷെഡിങ്ങും ഒഴിവാക്കുന്നതിനുള്ള നടപടികൾ

2073. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷാ കാലയളവിൽ പവർക്കട്ടും ലോഡ്ഷെഡിങ്ങും ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>കെ എസ് ഇ ബി സബ് സ്റ്റേഷനുകൾ</u>

2074. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 കാലത്ത് എത്ര സബ് സ്റ്റേഷനുകളുടെ പണി പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; അതിനായി എത്ര കോടി രൂപ വകയിരുത്തിയിരുന്നു;വ്യക്തമാക്കുമോ;

(ബി) 2014-15 കാലഘട്ടത്തിൽ എത്ര സബ് സ്റ്റേഷനുകൾ ഉദ്ഘാടനം കഴിഞ്ഞു; ഏതെല്ലാം; വിശദാംശം ലഭ്യമാക്കാമോ;

(സി) പാലക്കാട് ജില്ലയിൽ ഏതെല്ലാം സബ് സ്റ്റേഷനുകൾ ആണ് മേൽ കാലയളവിൽ ഉദ്ഘാടനം ചെയ്യപ്പെട്ടത്; വിശദാംശം ലഭ്യമാക്കാമോ?

<u>കെ. എസ്. ഇ. ബി. യിൽ കരാറടിസ്ഥാനത്തിലോടുന്ന വാഹനങ്ങൾ</u>

2075. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകളിലെ ഗതാഗത ആവശ്യങ്ങൾ നിറവേറ്റുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ ;

(ബി) കെ.എസ്.ഇ.ബി. ഓഫീസുകളിൽ വാഹനങ്ങൾ കോൺട്രാക്റ്റ് വ്യവസ്ഥയിൽ ഓടുന്നുണ്ടോ ; ഏതെല്ലാം തരം വാഹനങ്ങളാണ് കരാറടിസ്ഥാനത്തിൽ ഓടിക്കുന്നത് ; ഓരോ കെ.എസ്.ഇ.ബി.ഓഫീസിലും ഇത്തരത്തിൽ പരമാവധി എത്ര വാഹനങ്ങൾവരെ ഉപയോഗിയ്ക്കാം ; വിശദാംശം ലഭ്യമാക്കുമോ ;

(സി) കരാറടിസ്ഥാനത്തിൽ ഓടിക്കുന്ന വാഹനങ്ങൾക്ക് ഒരു മാസം പരമാവധി എത്ര കിലോമീറ്റർ വരെ ഓടാം എന്ന് നിഷ്കർഷിച്ചിട്ടുണ്ടോ ; ഇവയ്ക്ക് ഒരു മാസം നൽകാവുന്ന പരമാവധി തുകയെത്രയാണെന്നും കിലോമീറ്ററൊന്നിന് എത്ര രൂപയാണ് നൽകുന്നതെന്നും വിശദമാക്കുമോ ;

(ഡി) എന്തെല്ലാം ആവശ്യങ്ങൾക്കാണ് പ്രസ്തുത വാഹനങ്ങൾ ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ളത് ; തകരാറുകൾ പരിഹരിക്കുന്നതിനായി പോകുന്നതിനും കെ.എസ്.ഇ.ബി.സ്റ്റോറുകളിൽനിന്നും സാധന സാമഗ്രികൾ കൊണ്ടുവരുന്നതിനും

കൊണ്ടുപോകുന്നതിനും ഈ വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ടോ ;

(ഇ) കെ.എസ്.ഇ.ബി. ഓഫീസുകളിലെ ഏതെല്ലാം ഉദ്യോഗസ്ഥർക്ക് ഏതെല്ലാം ആവശ്യങ്ങൾക്കായി ഈ വാഹനങ്ങൾ ഉപയോഗിക്കാനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(എഫ്) കെ.എസ്.ഇ.ബി. ഓഫീസുകളിലെ ആവശ്യങ്ങൾക്കായി കരാറടിസ്ഥാനത്തിൽ വാഹനങ്ങൾ തെരെഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

## കെ.എസ്.ഇ.ബി യുടെ ഭൂമി

2076. ഡോ.എൻ. ജയരാജ്
ശ്രീ.പി.സി. ജോർജ്
,, റോഷി അഗസ്റ്റിൻ
,, എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബിയുടെ അധീനതയിൽ എത്ര ഹെക്ടർ ഭൂമിയുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഭൂമിയിൽ ആദായകരമായ വികസന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(സി) കെ.എസ്.ഇ.ബി യുടെ അധീനതയിലുള്ളതും നിലവിൽ വികസന പ്രവർത്തനങ്ങൾക്ക് സാധ്യതയില്ലാത്തതുമായ സ്ഥലങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ ഇതര സർക്കാർ സ്ഥാപനങ്ങൾക്കോ ഓഫീസ് ആവശ്യാനുസരണം വിട്ടുനൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## കെ.എസ്.ഇ.ബി മീറ്റർ

2077. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി മീറ്റർ വാങ്ങുന്നത് ആരിൽ നിന്നെല്ലാമാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) കെ.എസ്.ഇ.ബി.ക്ക് ആവശ്യാനുസരണമുള്ള മീറ്ററുകൾ യഥാസമയം ലഭ്യമാക്കാൻ പ്രസ്തുത കമ്പനികൾക്ക് കഴിയുന്നുണ്ടോ;

(സി) കേടായ മീറ്ററുകൾ യഥാസമയം മാറ്റി നൽകാൻ കഴിയാത്തതിനാൽ വൈദ്യുതി

ബോർഡിന് നഷ്ടമാകുന്ന തുകയുടെ കണക്ക് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് എത്ര മീറ്ററുകൾ നിലവിൽ കേടായ നിലയിൽ ഉണ്ടെന്ന് വെളിപ്പെടുത്തുമോ?

## കെ.എസ്.ഇ.ബി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളിൽ മാറ്റം

2078. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യിൽ വരുത്തിയ ഘടനാ മാറ്റങ്ങളെ തുടർന്ന് ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളതെന്നു വ്യക്തമാക്കാമോ?

## കെ.എസ്.ഇ.ബി. വാങ്ങിയ മെക്കാനിക്കൽ/ഇലക്ട്രോണിക് മീറ്ററുകൾ

2079. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം നാളിതുവരെ ഓരോ വർഷവും കെ.എസ്.ഇ.ബി. ഏതെല്ലാം സ്ഥാപനങ്ങളുടെ മെക്കാനിക്കൽ/ഇലക്ട്രോണിക് മീറ്ററുകളാണ് വാങ്ങി ഉപയോഗിക്കുന്നത് എന്നും ഇവ ഓരോന്നിനും എന്തു വില നൽകിയാണ് വാങ്ങുന്നത് എന്നും എത്രയെണ്ണം ഇത്തരത്തിൽ വാങ്ങിയെന്നും ഈയിനത്തിൽ ചെലവായ തുക എത്രയെന്നും കമ്പനി തിരിച്ച്/വർഷം തിരിച്ച്/ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിൽ വാങ്ങിയ മെക്കാനിക്കൽ/ഇലക്ട്രോണിക് മീറ്ററുകളിൽ തകരാറിലായതും ഉപയോഗശൂന്യമായതും എത്രയെന്ന് സ്ഥാപനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കൾ ഉപയോഗിക്കുന്ന മീറ്ററുകളിൽ കേടായ മീറ്ററുകൾ എത്ര; ഇവയിൽ നാളിതുവരെ എത്രയെണ്ണം മാറ്റി നൽകി; ഇനി എത്രയെണ്ണം മാറ്റി നൽകുവാനുണ്ട്; വിശദമാക്കുമോ;

(ഡി) ഇതുമൂലം വൈദ്യുതി ബോർഡിന് പ്രതിവർഷം എത്ര തുക നഷ്ടമുണ്ടാകുമെന്നു വ്യക്തമാക്കുമോ;

(ഇ) പൊതു/സ്വകാര്യ കമ്പനികളിൽ നിന്നും മീറ്ററുകൾ വാങ്ങുമ്പോൾ മീറ്ററുകളുടെ ഗുണനിലവാര പരിശോധന നടത്താറുണ്ടോ; എങ്കിൽ ഇതിന് നിയോഗിക്കപ്പെട്ട

ഉദ്യോഗസ്ഥർ ആരെല്ലാം; വ്യക്തമാക്കുമോ;

(എഫ്) മീറ്ററുകൾ വാങ്ങുമ്പോൾ ഗ്യാറന്റി/വാറന്റി സമയം നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ

(ജി) നിലവിൽ സംസ്ഥാനത്താകമാനം എത്ര മെക്കാനിക്കൽ മീറ്റർ ഉപയോഗിക്കുന്നുവെന്നും എത്ര ഇലക്ട്രോണിക് മീറ്റർ ഉപയോഗിക്കുന്നുവെന്നും വ്യക്തമാക്കുമോ; ഇത്തരം മീറ്ററുകളിലെ കൃത്രിമം സംബന്ധിച്ച് കെ.എസ്.ഇ.ബി. വിജിലൻസ് വിഭാഗം എന്തെല്ലാം കാര്യങ്ങളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും ആയതിൻപ്രകാരം എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

## കെ.എസ്.ഇ.ബി. ജീവനക്കാർ അഭിമുഖീകരിക്കേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ

2080. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിത്തകരാറുകൾ പരിഹരിക്കാൻ വിവിധ സ്ഥലങ്ങളിലേക്ക് പോകുന്ന കെ.എസ്.ഇ.ബി. ജീവനക്കാർ കൂടുതലായും സ്വന്തം ഇരുചക്രവാഹനങ്ങളിലും മറ്റും ആണ് യാത്ര ചെയ്യുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇങ്ങനെ സ്വന്തം വാഹനങ്ങൾ ഡ്യൂട്ടിക്കായി ഉപയോഗിക്കുന്ന ജീവനക്കാർക്ക് എന്തെങ്കിലും അധിക അലവൻസോ ആനുകൂല്യങ്ങളോ നല്കുന്നുണ്ടോ ; ഇല്ലെങ്കിൽ ഇത് നൽകുവാൻ സന്നദ്ധമാകുമോ ;

(സി) അസമയങ്ങളിൽ സ്വന്തം വാഹനങ്ങളിൽ വൈദ്യുതിത്തകരാറുകൾ പരിഹരിക്കാനായി വിദൂരസ്ഥലങ്ങളിലേക്ക് പോകുമ്പോൾ പലവിധ ബുദ്ധിമുട്ടുകളും അഭിമുഖീകരിക്കേണ്ടി വരുന്നതിനാൽ പ്രസ്തുത ജീവനക്കാരുടെ വാഹനങ്ങളിൽ കെ.എസ്.ഇ.ബി. എന്നെഴുതി വയ്ക്കുന്നതിനോ സ്റ്റിക്കർ പതിക്കുന്നതിനോ അനുമതി നൽകുമോ ; വിശദമാക്കാമോ?

## മറ്റു കമ്പനികളുടെ ഉപയോഗത്തിനായി നല്കിയ കെ.എസ്.ഇ.ബി. പോസ്റ്റുകൾ

2081. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.ക്ക് വൈദ്യുതി ഉപയോഗത്തിനായി എത്ര പോസ്റ്റുകൾ നിലവിൽ ഉപയോഗിക്കുന്നു എന്നും അവയിൽ എത്രയെണ്ണം കേബിൾ ഉപയോഗത്തിനും മറ്റുമായി വിവിധ കമ്പനികൾക്ക് നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ പോസ്റ്റുകൾ കേബിൾ ഉപയോഗത്തിനായി അനുവദിക്കുന്നതിന് ഈടാക്കുന്ന ഫീസ് തുക എത്രയെന്നും ഓരോ കമ്പനികളിൽ നിന്നും 2011 ജൂൺ

മുതൽ 2015 ഫെബ്രുവരി വരെ ഓരോ വർഷവും ഈയിനത്തിൽ എത്ര തുക കെ.എസ്.ഇ.ബി ക്ക് ലഭിച്ചു എന്നും വ്യക്തമാക്കുമോ;

(സി) കെ.എസ്.ഇ.ബി തൂണുകൾ സ്ഥാപിക്കാൻ പൊതുമരാമത്ത് വകുപ്പിന്റെ അനുമതി വാങ്ങുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ എന്തെല്ലാമെന്നും ഇവ കെ.എസ്.ഇ.ബി പാലിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ;

(ഡി) കെ.എസ്.ഇ.ബി. തൂണുകളിൽ കേബിൾ വലിക്കാൻ കമ്പനികൾക്ക് അനുമതി നൽകുമ്പോൾ ഇക്കാര്യത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ അനുമതി വാങ്ങാറുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) പോസ്റ്റുകൾ വഴി കേബിൾ വലിക്കാൻ ബി.എസ്.എൻ.എൽ, വൈദ്യുതി ബോർഡിന്റെ അനുമതിക്കായി ആവശ്യപ്പെട്ടുവോ; അനുമതി നൽകാത്തതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(എഫ്) റിലയൻസ് ഉൾപ്പെടെ മറ്റേതെല്ലാം കമ്പനികൾക്കാണ് കെ.എസ്.ഇ.ബി അനുമതി നൽകിയത് ; വിശദാംശം വ്യക്തമാക്കുമോ;

(ജി) റിലയൻസിന് നാല് ജി (4G) കേബിൾ വലിക്കാൻ കെ.എസ്.ഇ.ബി. യുടെ തൂണുകളിൽ അനുമതി നൽകിയതിലൂടെ സർക്കാരിന് എത്ര കോടിയുടെ നഷ്ടം വരുമെന്നാണ് കണക്കാക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

## കേടായി കിടക്കുന്ന മീറ്ററുകൾ

2082. **ശ്രീ.കെ.കെ.നാരായണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുത ബോർഡിന് കീഴിൽ എത്ര മീറ്ററുകൾ കേടായി കിടക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഏതൊക്കെ കമ്പനികൾ വിതരണം ചെയ്യുന്ന മീറ്ററുകളാണ് കൂടുതലായി കേടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

## കാർഷിക/വ്യാവസായിക വൈദ്യുതി ചാർജ് വർദ്ധനവ്

2083. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികാവശ്യങ്ങൾക്കായി പ്രത്യേകം നൽകിയിട്ടുള്ള വൈദ്യുതികണക്ഷനുകൾക്ക് ഒരു യൂണിറ്റിന് എത്ര രൂപയാണ് ഈടാക്കിവരുന്നത്; കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി ചാർജ് 2011-12, 2014-15 കാലയളവിൽ എത്ര പ്രാവശ്യം വർദ്ധിപ്പിച്ചു ; വിശദാംശം ലഭ്യമാക്കാമോ;

(ബി) വ്യവസായ ആവശ്യങ്ങൾക്കായുള്ള വൈദ്യുതിക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പ്രാവശ്യം ചാർജ് വർദ്ധിപ്പിച്ചു; നിലവിൽ എത്രയാണ് ഈടാക്കി വരുന്നത് ; വിശദാംശം ലഭ്യമാക്കാമോ?

ചെറുകിട ജലവൈദ്യുത പദ്ധതികൾ

2084. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് കഴിഞ്ഞ സർക്കാർ അനുമതി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ എത്രയെണ്ണം പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര പദ്ധതികൾ പ്രവൃത്തി പൂർത്തീകരിച്ചുവെന്നും വെളിപ്പെടുത്തുമോ;

(സി) പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുതി പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് അനുമതി നൽകിയിട്ടുള്ളത് എന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ഇ) ഭൂമി ഏറ്റെടുക്കൽ നടപടിക്ക് കാലതാമസം നേരിടുന്നതിന്റെ കാരണം എന്തെന്ന് വെളിപ്പെടുത്തുമോ;

(എഫ്) പ്രസ്തുത ജലവൈദ്യുത പദ്ധതി എപ്പോൾ പ്രവൃത്തി ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

ചെറുകിട ജലവൈദ്യുത പദ്ധതികൾ

2085. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട ജലവൈദ്യുത പദ്ധതികൾവഴിഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്തെ ചെറുകിട ജലവൈദ്യുത പദ്ധതികൾ സംബന്ധിച്ച് എന്തെങ്കിലും പഠനം സർക്കാർ നടത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് എത്ര ചെറുകിട ജലവൈദ്യുത പദ്ധതികൾ ഐഡന്റിഫൈ ചെയ്തിട്ടുണ്ട്; അതിൽ നിന്നും എത്ര യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ കഴിയും എന്നാണ് സർക്കാർ കരുതുന്നത്; വിശദാംശം ലഭ്യമാക്കാമോ?

ഊർജ്ജ പ്രതിസന്ധി

2086. ശ്രീ.ഷാഫി പറമ്പിൽ

,, ഡൊമിനിക് പ്രസന്റേഷൻ

,, ജോസഫ് വാഴയ്ക്കൻ

,, സി.പി.മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ പ്രതിസന്ധി രൂക്ഷമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സൗരോർജ്ജ സംസ്കാരം വളർത്തുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ; പുതുതായി നിർമ്മിക്കുന്ന വീടുകളിൽ സൗരോർജ്ജ പാനൽ നിർബന്ധമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സൗരോർജ്ജം കൂടുതലായി ഉപയോഗിക്കാവുന്ന മേഖലകൾ കണ്ടെത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ഡി) ചെലവ് കുറഞ്ഞ സൗരോർജ്ജ പാനലുകൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള സാങ്കേതിക വിദ്യ വികസിപ്പിക്കുന്നതിന് പദ്ധതി ഉണ്ടോ; വ്യക്തമാക്കുമോ?

## ഊർജ്ജ ഓഡിറ്റിംഗ്

2087. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ സംരക്ഷണ നിയമം നിഷ്കർഷിച്ചിട്ടുള്ള പ്രകാരമുള്ള വൻകിട ഉപഭോക്താക്കളുടെ ഊർജ്ജ ഓഡിറ്റിംഗ് സംസ്ഥാനത്ത് നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത ഓഡിറ്റിംഗിന് ചുമതലപ്പെട്ടവർ ആരൊക്കെയാണെന്നറിയിക്കുമോ;

(സി) കെ.എസ്.ഇ.ബി.ലി . നെ പ്രസ്തുത ഓഡിറ്റിംഗിന് ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എന്നു മുതലാണ് അതിനുള്ള അനുമതി ലഭിച്ചതെന്നറിയിക്കുമോ;

(ഡി) പ്രസ്തുത നിയമം അനുശാസിക്കുന്ന പ്രകാരമുള്ള ഊർജ്ജ ഓഡിറ്റിംഗ് കർശനമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ ശ്രദ്ധിക്കുമോ?

## സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ്

2088. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിന് കുടിശ്ശികയിനത്തിൽ എത്ര തുക കിട്ടാനുണ്ട് ; വ്യക്തമാക്കുമോ;

(ബി) ഇതിൽ ഗാർഹിക ഉപഭോക്താക്കളും വാണിജ്യ ഉപഭോക്താക്കളും എത്ര തുക വീതമാണ് കുടിശ്ശികയാക്കിയിട്ടുള്ളതെന്നു പ്രത്യേകം വിശദമാക്കാമോ;

<u>സോളാർ ഇൻവെർട്ടറുകൾ</u>

2089. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ ഇൻവെർട്ടറുകൾ സബ്സിഡി നിരക്കിൽ നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏത് ഏജൻസിയ്ക്കാണ് അവയുടെ വിൽപന - വിതരണാവകാശം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രവർത്തനക്ഷമതയും ദീർഘകാല സേവനവും ഉറപ്പുതരുന്നതും വിലകുറഞ്ഞതുമായ സോളാർ ഇൻവെർട്ടറുകൾ സ്ഥാപിക്കുന്നതിന് കുറഞ്ഞ പലിശനിരക്കിലും സബ്സിഡിയോടു കൂടിയതുമായ വായ്പകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>കാർഷിക വൈദ്യുതി ഉപയോഗം വ്യാവസായിക താരിഫിലേക്ക് മാറ്റിയ കെ എസ് ഇ ബി ഉത്തരവ്</u>

2090. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി ഉപയോഗം വ്യാവസായിക താരിഫിലേക്ക് മാറ്റി കെ എസ് ഇ ബി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) വ്യാവസായിക താരിഫിലേക്ക് മാറ്റുന്നതിനുമുമ്പുള്ള കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി നിരക്ക് എപ്രകാരമായിരുന്നുവെന്ന വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി നിരക്ക് എത്ര പ്രാവശ്യം വർദ്ധിപ്പിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) കാഷിക ആവശ്യത്തിനുള്ള വർദ്ധിപ്പിച്ച വൈദ്യുതി നിരക്ക്അടയ്ക്കാത്തതിന്റെ പേരിൽ എത്ര കർഷകരുടെ വൈദ്യുതി കണക്ഷൻ വിഛേദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>വൈദ്യുതി മോഷണ കേസുകൾ.</u>

2091. **ശ്രീ.ബാബു എം. പാലിശ്ശേരി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി മോഷണവുമായി ബന്ധപ്പെട്ട് 2014ൽ എത്ര കേസുകൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട് ;

(ബി) പ്രസ്തുത ഇനത്തിൽ എത്ര കോടി രൂപ പിഴ കെ.എസ്.ഇ,ബിയ്ക്ക് ലഭിച്ചിട്ടുണ്ട്;

(സി) വൈദ്യുതി മോഷ്ടിക്കുന്നതിനെക്കുറിച്ച് അറിവു നൽകുന്നവർക്ക് പാരിതോഷികം നൽകാറുണ്ടോ;

(ഡി) എങ്കിൽ പിഴയുടെ എത്ര ശതമാനം തുകയാണ് ഇവർക്ക് നൽകിവരുന്നത്; ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

## വൈദ്യുതി മോഷണം

2092. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മോഷണം സംബന്ധിച്ച് പിഴയിനത്തിൽ ഓരോ ദിവസവും ശരാശരി എന്തു തുകയാണ് ലഭിക്കുന്നത്; കണക്കുകൾ വെളിപ്പെടുത്തുമോ;

(ബി) 10 ലക്ഷം രൂപയ്ക്കു മുകളിൽ വൈദ്യുതി കുടിശ്ശിക അടക്കുവാനുള്ള സ്ഥാപനങ്ങളുടെയും സർക്കാർ വകുപ്പുകളുടെയും പേരുകൾ വെളിപ്പെടുത്തുമോ?

## വൈദ്യുതി മോഷണം

2093. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ ചീഫ് വിജിലൻസ് ഓഫീസറായി ശ്രീ. ഋഷിരാജ്സിംഗ് ചുമതലയേറ്റശേഷം എത്ര തുകയുടെ വൈദ്യുതി മോഷണം കണ്ടെത്തിയെന്നും ഈ വകയിൽ എത്ര തുക ഈടാക്കിയെന്നും വ്യക്തമാക്കുമോ;

(ബി) ഒരു ലക്ഷം രൂപയിൽ കൂടുതൽ പിഴ അടച്ചിട്ടുള്ള വൈദ്യുതി മോഷണം നടത്തിയ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങൾ ലഭ്യമാക്കുമോ?

## വൈദ്യുതി ലൈനിൽ നിന്നും ഷോക്കേറ്റ് മരിക്കുന്നവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം

2094. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ അനാസ്ഥമൂലം വൈദ്യുതി ലൈനുകളിൽ നിന്നും ഷോക്കേറ്റ് മരിക്കുന്ന പൊതുജനങ്ങളുടെ ആശ്രിതർക്ക് നൽകിവരുന്ന നഷ്ടപരിഹാര തുക എത്രയാണ്;

(ബി) ഷോക്കേറ്റ് മരിക്കുന്ന ബോർഡിലെ കരാർ തൊഴിലാളികളുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകുന്നതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) പ്രസ്തുത നഷ്ടപരിഹാര തുക കാലോചിതമായി ഉയർത്തുന്നതിനും അത് കാലതാമസം കൂടാതെ അനന്തരാവകാശികൾക്ക് ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കും?

## വൈദ്യുതി ക്ഷാമം

2095. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ ദൗർലഭ്യം പരിഹരിക്കുവാൻ വേണ്ടി പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ പരമാവധി ഉപയോഗിക്കാവുന്ന വിധം പുതിയ പദ്ധതികൾ നടപ്പിലാക്കുമോ എന്ന് വ്യക്തമാക്കുമോ?

## വൈദ്യുതി പ്രസരണ നഷ്ടം

2096. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കുന്നതിന് പഴകിയ കമ്പികൾ, ട്രാൻസ്ഫോമറുകൾ എന്നിവ മാറ്റുന്നതിന് പ്രത്യേകം പ്രോജക്ട് തയ്യാറാക്കുമോ;

(ബി) ഭൂമിക്കടിയിലൂടെയുള്ള കേബിളുകൾ സ്ഥാപിക്കുന്നത് മൂലം പ്രസരണ നഷ്ടം കുറയ്ക്കുവാൻ സാധിക്കുമോ; എങ്കിൽ ഇവയ്ക്ക് പ്രാധാന്യം നൽകുമോ?

## വൈദ്യുതി ബോർഡ് - അപകടങ്ങൾക്ക് നഷ്ടപരിഹാരങ്ങൾ

2097. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
,, അൻവർ സാദത്ത്
,, പി.എ.മാധവൻ
,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ വിതരണ ശൃംഖലയുമായി ബന്ധപ്പെട്ട് സംഭവിക്കുന്ന അപകടങ്ങൾക്ക് എന്തെല്ലാം നഷ്ടപരിഹാരങ്ങളാണ് നൽകി വരുന്നത്;

(ബി) ഈ സർക്കാരിന്റെ കാലത്ത് നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുക ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) നഷ്ടപരിഹാര തുക ലഭിക്കുന്നതിന് എന്തെല്ലാം വ്യവസ്ഥകളാണ് നിലവിൽ ഉള്ളത്;

(ഡി) നഷ്ടപരിഹാര തുക സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## വൈദ്യുതി ഉല്പാദനം

2098. ശ്രീ.എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ജനുവരി മാസത്തിൽ സംസ്ഥാനത്തെ ആകെ വൈദ്യുതി ഉല്പാദനം, ഉപഭോഗം എന്നിവ എത്രയായിരുന്നു;

(ബി) പ്രസ്തുത മാസം സംസ്ഥാനത്തിന്റെ പുറത്തുനിന്ന് എത്ര വൈദ്യുതി വാങ്ങേണ്ടിവന്നു?

## വൈദ്യുതി കുടിശ്ശിക

2099. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഞ്ച് കോടി രൂപയ്ക്കുമേൽ വൈദ്യുതി കുടിശ്ശികയുള്ള ഉപഭോക്താക്കളായ കമ്പനികൾ എതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെങ്കിലും സ്വകാര്യ കമ്പനികൾ വൈദ്യുതമോഷണം നടത്തിയതായി ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

## വൈദ്യുതി ദുരുപയോഗം തടയുവാൻ നടപടികൾ

2100. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ദുരുപയോഗം, അനധികൃതമായി കണക്ഷൻ എടുക്കൽ, കാർഷിക കണക്ഷൻ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കൽ എന്നിവ തടയുവാനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) ശ്രീ. ഋഷിരാജ്സിംഗ് കെ.എസ്.ഇ.ബി ചീഫ് വിജിലൻസ് ഓഫീസറായി നിയമിതനായത് എന്ന് എന്നും ശേഷം എത്ര കോടി രൂപയുടെ വൈദ്യുതി മോഷണം കണ്ടെത്തിയിട്ടുണ്ടെന്നും എത്ര തുക പിഴയായി ഈടാക്കിയെന്നും വ്യക്തമാക്കുമോ;

(സി) വൈദ്യുതിമോഷണം സംബന്ധിച്ച് വിവരം നൽകുന്നവർക്ക് വകുപ്പ് പാരിതോഷികം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ എന്നു മുതലാണ് ഇത് പ്രഖ്യാപിച്ചത് ; ഇതിലൂടെ എത്ര മോഷണക്കേസ്സുകൾ കണ്ടെത്തി; എത്ര തുക ഇതിലൂടെ പിഴയിനത്തിൽ ഈടാക്കി ;

എത്ര തുക പാരിതോഷികമായി നൽകി; വിശദാംശം ലഭ്യമാക്കുമോ?

<u>വൈദ്യുതി പോസ്റ്റുകളിൽ പരസ്യങ്ങൾ</u>

2101. **ശ്രീ.വി.എസ്.സുനിൽ കുമാർ**

**,, ഇ.ചന്ദ്രശേഖരൻ**

**ശ്രീമതി.ഇ.എസ്.ബിജിമോൾ**

**ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി പോസ്റ്റുകളിൽ പരസ്യങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് അനുമതി നല്കിയിട്ടുണ്ടോ, എങ്കിൽ അകെ എത്ര പോസ്റ്റുകളാണ് പരസ്യത്തിനായി വിട്ടുകൊടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പോസ്റ്റുകളിൽ അലുമിനിയം ക്ലാഡിംഗുകൾ സ്ഥാപിക്കുന്നതിന് കരാറായിട്ടുണ്ടോ, എങ്കിൽ എത്ര ലക്ഷം രൂപയ്ക്കാണ് കരാറായിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) പരസ്യ നികുതി കിഴിച്ച് വരുന്ന തുകയുടെ എത്ര ശതമാനമാണ് വൈദ്യുതി വകുപ്പിന് ലഭിക്കുന്നതെന്ന് വിശദമാക്കുമോ?

<u>കാർഷിക ആവശ്യത്തിനുള്ള വൈദ്യുതിയുടെ ചാർജ്ജ് വർദ്ധന</u>

2102. **ശ്രീമതി.ഇ.എസ്.ബിജിമോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 ജനുവരിയിൽ കാർഷിക ആവശ്യത്തിനുള്ള വൈദ്യുതിയുടെ നിരക്ക് യൂണിറ്റ് ഒന്നിന് എത്ര ആയിരുന്നു എന്ന് വ്യക്തമാക്കാമോ ; 2015 ജനുവരിയിൽ ഇതേ ആവശ്യത്തിനുള്ള വൈദ്യുതിയ്ക്ക് യൂണിറ്റ് ഒന്നിന് ഈടാക്കിയ തുക എത്ര എന്ന് വ്യക്തമാക്കാമോ ;

(ബി) കാർഷിക ആവശ്യത്തിന് നൽകുന്ന വൈദ്യുതിയുടെ ചാർജ്ജ് വർദ്ധന പിൻവലിക്കുവാൻ നടപടി സ്വീകരിക്കുമോ ?

<u>കാറ്റിൽ നിന്നും വൈദ്യുതി</u>

2103. **ശ്രീ.എ.എ.അസീസ്**

**,, കോവൂർ കുഞ്ഞുമോൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാറ്റിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്ന ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളത് എന്ന് വിശദീകരിക്കാമോ;

(ബി) കാറ്റിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്ന കൂടുതൽ പദ്ധതികൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

## വൈദ്യുതി ഉൽപാദന പദ്ധതി

2104. **ശ്രീ.എളമരം കരീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മെയ് 1 മുതൽ 2014 ഡിസംബർ 31വരെ, സംസ്ഥാനത്ത് വൈദ്യുതി ഉൽപാദനത്തിൽ എത്ര വർദ്ധനവുണ്ടായി;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏതെല്ലാം വൈദ്യുതി ഉൽപാദന പദ്ധതികളാണ് കമ്മീഷൻ ചെയ്തത്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം, ഏതെല്ലാം വൈദ്യുതി ഉൽപാദന പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചു എന്ന് വിശദമാക്കുമോ?

## വൈദ്യുതി ഉൽപ്പാദനം-പുതിയ പദ്ധതികൾ

2105. **ശ്രീ.പി.എ.മാധവൻ**

**,,** ആർ . സെൽവരാജ്

**,,** ലൂഡി ലൂയിസ്

**,,** എ.പി.അബ്ദുള്ളക്കുട്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉൽപ്പാദനത്തിന് പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം പദ്ധതികളാണ് പുതുതായി ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികൾ പ്രകാരം എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ;

(ഇ) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

## കടമക്കുടി പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം

2106\. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടമക്കുടി പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ ജനങ്ങൾ വോൾട്ടേജ് ക്ഷാമം മൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശുദ്ധജലവിതരണ ടാങ്ക് സ്ഥിതി ചെയ്യുന്ന കടമക്കുടി പഞ്ചായത്തിലെ പിഴലയിലും മറ്റും കടുത്ത വോൾട്ടേജ് ക്ഷാമം മൂലം ശുദ്ധജലം യഥാവിധം വിതരണം ചെയ്യുവാൻ കഴിയാത്ത സാഹചര്യം മാറ്റിയെടുക്കുന്നതിന് ഉതകും വിധം വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കാമോ?

## സൗരോർജ്ജ പദ്ധതി

2107\. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജ പദ്ധതികൾ വികസിപ്പിച്ച് 60 മെഗാവാട്ട് വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ 2014-15-ലെ ബജറ്റിൽ നീക്കി വച്ചിരുന്ന പദ്ധതിയിൽ എവിടെയൊക്കെ ഏതൊക്കെ പ്രോജക്ടുകളാണ് നടപ്പിലാക്കിയത് എന്നുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## സൗരോർജ്ജ വികസനത്തിന് പദ്ധതി

2108\. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജ വികസനത്തിന് വൈദ്യുതി ബോർഡും അനെർട്ടും ചേർന്ന് പദ്ധതി നടപ്പിലാക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) സൗരോർജ്ജ വികസനത്തിന് കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം നൽകുമോ?

## സൗരോർജ്ജ പ്ലാന്റുകൾ

2109. ശ്രീ.സി.മമ്മൂട്ടി

,, എൻ .എ.നെല്ലിക്കുന്ന്

,, സി.മോയിൻ കുട്ടി

,, പി.ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ കീഴിലെ സബ് സ്റ്റേഷനുകൾ, പവർ ഹൗസുകൾ തുടങ്ങിയവയുടെ പരിസരത്ത് ഒഴിഞ്ഞ് കിടപ്പുള്ള സ്ഥലങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാൻ ലക്ഷ്യമിടുന്ന പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) ഇതിനായി എത്ര സ്ഥലം കണ്ടെത്തിയിട്ടുണ്ടെന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതിക്കായുള്ള സാങ്കേതിക സഹായത്തിനും അനുബന്ധ ഉപകരണങ്ങൾക്കുമായി ഏതൊക്കെ ഏജൻസികളുടെ സഹകരണമാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കുമോ?

<u>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വൈദ്യുത കണക്ഷൻ</u>

2110. ശ്രീ.ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വൈദ്യുത കണക്ഷൻ പുതതായി ലഭിക്കുന്നതിലേക്കായി കഴിഞ്ഞ സർക്കാരിന്റെ കാലാവധി വരെ എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിയിരുന്നത്; വിശദാംശം അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെങ്കിലും ആനുകൂല്യങ്ങൾ നിറുത്തലാക്കിയിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെയാണെന്ന് അറിയിക്കുമോ?

<u>കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ കെ.എസ്.ഇ.ബി. സൗത്ത് സെക്ഷൻ ഓഫീസ് വിഭജനം</u>

2111. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ കെ.എസ്.ഇ.ബി . സൗത്ത് സെക്ഷൻ ഓഫീസ് വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം പരിഗണിക്കുമോ ; വ്യക്തമാക്കാമോ;

(ബി) ഈ ആവശ്യത്തിനായി സർക്കാരിനും വകുപ്പമന്ത്രിക്കും സമർപ്പിച്ചിട്ടുള്ള നിവേദനങ്ങളും അപേക്ഷകളും ഉണ്ടെങ്കിൽ പകർപ്പുകൾ ലഭ്യമാക്കാമോ?

(സി) മുൻസർക്കാരിന്റെ കാലത്ത് ഈ ആവശ്യത്തിനായി സർക്കാരിൽ ലഭിച്ചിട്ടുള്ള നിവേദനങ്ങളുടെ പകർപ്പും അന്ന് കൈകാര്യം ചെയ്യപ്പെട്ട ഫയലുകളുടെ വിശദാംശവും വ്യക്തമാക്കാമോ?

<u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ വൈദ്യുതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി</u>

2112. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ വൈദ്യുതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വിശദമാക്കാമോ;

(ബി) കാഞ്ഞങ്ങാട് മിനി വൈദ്യുതി ഭവൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ നടപടികൾ വിശദമാക്കാമോ;

(സി) രാജപുരം 110 KV സബ്സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ഗാർഹിക-വാണിജ്യ വൈദ്യുതി കണക്ഷനുകൾ</u>

2113. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ചിറ്റാരിപ്പറമ്പ്, കോളയാട്, പടിയൂർ-കല്യാട്, മാലൂർ, തില്ലങ്കേരി, കീഴല്ലൂർ, കൂടാളി, മാങ്ങാട്ടിടം എന്നീ ഗ്രാമപഞ്ചായത്തുകളിലും മട്ടന്നൂർ നഗരസഭയിലും 2011 മെയ് മാസത്തിനു ശേഷം നാളിതുവരെ എത്ര പുതിയ ഗാർഹിക-വാണിജ്യ വൈദ്യുതി കണക്ഷനുകളാണ് നൽകിയിട്ടുള്ളത്;

(ബി) പ്രസ്തുത പഞ്ചായത്തുകളിലും നഗരസഭകളിലും പുതിയ വൈദ്യുത കണക്ഷനുവേണ്ടി എത്ര അപേക്ഷകളാണ് സമർപ്പിക്കപ്പെട്ടിട്ടുള്ളത്; ഇവർക്ക് എപ്പോൾ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി .</u>

2114. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഗവൺമെന്റിന്റെ കാലയളവിൽ എത്ര നിയോജകമണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടത്തി; അവ ഏതെല്ലാം നിയോജകമണ്ഡലങ്ങളാണ്;

(ബി) ഈ പദ്ധതിയുടെ തുടർച്ചയെന്നോണം ഈ ഗവൺമെന്റിന്റെ കാലയളവിൽ എത്ര നിയോജകമണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടത്തി; അവ ഏതെല്ലാം ;

(സി) ഇനി എത്ര നിയോജകമണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കാനുണ്ട്; ആ നിയോജകമണ്ഡലങ്ങൾ ഏതെല്ലാമാണ് ; വിശദാംശം ലഭ്യമാക്കുമോ?

## പാരമ്പര്യേതര ഊർജ്ജം

2115. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യേതര ഊർജ്ജം ഉപയോഗപ്പെടുത്തുന്നതിന് കെ.എസ്.ഇ.ബി. നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കുമോ;

## വൈത്തിരിയിൽ പുതിയ വൈദ്യുത പദ്ധതി

2116. **ശ്രീ.എം.വി.ശ്രേയാംസ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ വൈത്തിരിയിൽ പുതിയ വൈദ്യുത പദ്ധതി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഇതിലൂടെ ഉല്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## വള്ളിക്കുന്നം ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്

2117. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ വള്ളിക്കുന്നംഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) സെക്ഷൻ ഓഫീസ് അനുവദിക്കുന്നതിന്റെ നിലവിലെ സ്ഥിതി ലഭ്യമാക്കുമോ ;

## കാറ്റാടിപ്പാടം

2118. ശ്രീ.ആർ . സെൽവരാജ്

,, എ.പി.അബ്ദുള്ളക്കുട്ടി

,, ഡൊമിനിക് പ്രസന്റേഷൻ

,, ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാറ്റാടിപ്പാടം സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് സാദ്ധ്യതാപഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉത്പ്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) പദ്ധതി നടത്തിപ്പിന് അനുയോജ്യമായി കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങൾ ഏതൊക്കെയാണ് വിശദാംശം വ്യക്തമാക്കുമോ?

## വൈദ്യുതിചാർജ്ജ് വർദ്ധന

2119. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽവന്ന ശേഷം ഓരോ തവണ വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചപ്പോഴും കമ്പനിക്ക് എന്തു തുകയുടെ അധികവരുമാനം ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കാമോ ?

## വൈദ്യുതാഘാതമേറ്റ് മരണമടയുന്ന തൊഴിലാളികൾ

2120. ശ്രീ.ടി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുത ലൈനുകളുടെ തകരാർ പരിഹരിക്കുന്ന സന്ദർഭത്തിൽ വൈദ്യുതാഘാതമേറ്റ് മരണമടയുന്ന തൊഴിലാളികൾക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നത്;

(ബി) സംസ്ഥാനത്ത് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഇങ്ങനെ എത്രപേർ മരണപ്പെട്ടിട്ടുണ്ട്; കണ്ണൂർ ജില്ലയിൽ മരണപ്പെട്ടവരുടെ വിശദാംശം നൽകുമോ;

ഇവർക്ക് എന്തെല്ലാം സഹായങ്ങളാണ് സർക്കാരും കെ.എസ്.ഇ.ബിയും നൽകിയത്; വിശദാംശം നൽകുമോ;

(സി) ഇങ്ങനെയുണ്ടാവുന്ന അപകടങ്ങൾ ഒഴിവാക്കാൻ എന്തൊക്കെ മുൻകരുതലുകളാണ് കെ.എസ്.ഇ.ബി എടുത്തിട്ടുള്ളത്; അതിന്റെ ഫലമായി അപകടം കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ടോ?

## ആദിവാസികോളനികളിലെ വൈദ്യുതീകരണം

2121. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ നാഗത്താൻപാറ എസ്.സി. കോളനി വൈദ്യുതീകരിയ്ക്കുന്നതിനും അതിരപ്പള്ളി പഞ്ചായത്തിലെ അരേക്കാപ്പ്, വെട്ടുവിട്ടകാട് എന്നീ ആദിവാസി കോളനികൾ വൈദ്യുതീകരിയ്ക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

## ചാത്തൻകോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതി

2122. **ശ്രീ.ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തൻകോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## കാർഷികാവശ്യത്തിനുള്ള വൈദ്യുതി

2123. **ശ്രീ.പി.തിലോത്തമൻ**

**,,** കെ.രാജു

**,,** ജി.എസ്.ജയലാൽ

**,,** മുല്ലക്കര രത്നാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികാവശ്യത്തിനുള്ള വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ടോ, എങ്കിൽ വർദ്ധനവ് എത്ര;

(ബി) കാർഷികാവശ്യം എന്ന നിർവ്വചനത്തിൽ ഏതെല്ലാം വിളകളാണ് ഉൾപ്പെട്ടിരിക്കുന്നത്, ഇതിൽ നിന്ന് ഏതെല്ലാം വിളകളെ ഇപ്പോൾ ഒഴിവാക്കി;

(സി) പ്രസ്തുത ആവശ്യത്തിനുള്ള വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചതും സബ്സിഡി നിറുത്തലാക്കിയതും കാർഷിക മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കർഷകരെ രക്ഷിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## വൈദ്യുതിബോർഡിന്റെനഷ്ടം

2124. **ശ്രീ.കെ.കെ.നാരായണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേടായ മീറ്ററുകൾ മാറ്റിവയ്ക്കാത്തതു കാരണം വൈദ്യുതിബോർഡിന് ഒരു മാസം എന്ത് നഷ്ടം സംഭവിക്കുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ബി) ഇപ്രകാരമുള്ള നഷ്ടം തടയുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ;എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

## കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി നിരക്ക്

2125. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വൈദ്യുതിയുടെ നിരക്ക് ഈ സർക്കാർ വർധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

## ചെറായി **110** കെ.വി സബ് സ്റ്റേഷന്റെ നിർമ്മാണവുമായി ബന്ധപ്പെട്ടിട്ടുള്ള തർക്കം

2126. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട ചെറായി 110 കെ.വി സബ് സ്റ്റേഷന്റെ നിർമ്മാണവുമായി ബന്ധപ്പെട്ടിട്ടുള്ള തർക്കപരിഹാരത്തിന് എറണാകുളം എ.ഡി.എമ്മിനെ ചുമതലപ്പെടുത്തിയിരുന്നുവോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ എത്ര നാളുകളായെന്നും ഇതുവരെ സ്വീകരിച്ച നടപടികളെന്തൊക്കെയെന്നും വിശദീകരിക്കാമോ;

(സി) എ.ഡി.എമ്മിന്റെ റിപ്പോർട്ട് ലഭിച്ചുകഴിഞ്ഞാൽ എത്ര നാളുകൾക്കുള്ളിൽ ടി പ്രവൃത്തി

പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

<u>ബാലുശ്ശേരി മണ്ഡലത്തിലെ കിനാലൂരിൽ **110** കെ. വി. സബ്ബ് സ്റ്റേഷൻ</u>

2127. **ശ്രീ.**പുരുഷൻ കടലുണ്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ കിനാലൂരിൽ കെ. എസ്. ഐ. ഡി. സി. വ്യവസായ വികസന കേന്ദ്രത്തിൽ 110 കെ. വി. സബ്ബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഭൂമി ലഭ്യമായിട്ടുണ്ടോ;

(ബി) പ്രസ്തുത സബ്ബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് കെ. എസ്. ഐ. ഡി. സി. പണമടച്ചിട്ടുണ്ടോ;

(സി) സബ്ബ് സ്റ്റേഷനിലേക്കുള്ള 110 കെ. വി. ലൈൻ നിർമ്മിക്കുന്നതിന് സർവ്വെ പൂർത്തിയായോ; നിലവിലെ എത് ടവറിൽ നിന്നാണ് ലൈൻ വലിക്കുന്നത്;

(ഡി) സബ്ബ് സ്റ്റേഷൻ നിർമ്മാണപ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും പ്രതിസന്ധി നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ഇ) നിർമ്മാണ പ്രവൃത്തി എപ്പോൾ തുടങ്ങുമെന്ന് പ്രഖ്യാപിക്കാമോ;

(എഫ്) പ്രസ്തുത സബ്ബ് സ്റ്റേഷന്റെ സമയ ബന്ധിതമായ നിർമ്മാണത്തിന് ഒരു സ്പെഷ്യൽ ടീം /ടാസ്ക് ഫോഴ്സ് രൂപീകരിക്കുന്ന കാര്യം പരിഗണിക്കാമോ?

<u>ഊർജ്ജ ഉല്പാദന മേഖലയ്ക്കായി **2014-15** ൽ വകയിരുത്തിയ തുക</u>

2128. **ശ്രീ.**എം. ഹംസ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ ഉല്പാദന മേഖലയ്ക്കായി 2014-15 ൽ എത്ര തുക വകയിരുത്തിയിരുന്നു; ഏതെല്ലാം പ്രോജക്ടുകൾക്കായാണ് വകയിരുത്തിയിരുന്നത്;

(ബി) അതിൽ എത്ര തുക ഏതെല്ലാം പ്രോജക്ടുകൾക്കായി ചെലവഴിച്ചു; എത്ര തുക ചെലവഴിക്കാത്തതായുണ്ട്; അതിനുള്ള കാരണം വിശദമാക്കാമോ?

<u>കേളകം **33** കെ.വി സബ് സ്റ്റേഷൻ</u>

2129. **ശ്രീ.**സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേളകം 33 കെ.വി സബ് സ്റ്റേഷൻ നിർമ്മാണ നടപടികൾ ഏതു ഘട്ടത്തിലാണെന്നറിയിക്കുമോ;

(ബി) കാലതാമസം ഒഴിവാക്കി സബ് സ്റ്റേഷൻ നിർമ്മാണം ആരംഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>പേരാമ്പ്ര **33** കെ.വി സബ് സ്റ്റേഷൻ</u>

2130. **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര 33 കെ.വി സബ് സ്റ്റേഷൻ നിർമ്മാണ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) സബ് സ്റ്റേഷൻ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നതിന് കാരണമെന്തെന്ന് വെളിപ്പെടുത്തുമോ;

(സി) എന്തെല്ലാം പ്രവൃത്തിയാണ് നടത്താൻ ബാക്കിയുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) സബ് സ്റ്റേഷൻ പ്രവൃത്തി എപ്പോൾ പൂർത്തീയാക്കും എന്ന് അറിയിക്കാമോ?

<u>കാലപ്പഴക്കം ചെന്ന തീവണ്ടി കോച്ചുകൾ</u>

2131. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീവണ്ടികളിലെ പഴക്കം ചെന്ന കോച്ചുകൾ മാറ്റുന്നതിന് റെയിൽവെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) 20 വർഷത്തിലധികം പഴക്കമുള്ള എത്ര കോച്ചുകൾ സംസ്ഥാനത്ത് ഓടുന്ന തീവണ്ടികളിൽ ഇപ്പോൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇത് സമയബന്ധിതമായി മാറ്റി പുതിയ കോച്ചുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>റയിൽവേ അടിസ്ഥാന വികസനം</u>

2132. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ**

**,,** ബാബു എം. പാലിശ്ശേരി

**,,** എം. ഹംസ

**,,** പുരുഷൻ കടലുണ്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി

സദയം മറുപടി നൽകുമോ:

(എ) നൂതനമായ അടിസ്ഥാനവികസനം റെയിൽവേ മേഖലയിൽ നടത്തേണ്ടതിനെകുറിച്ചുള്ള എന്തെങ്കിലും ശാസ്ത്രീയമായ പഠനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഓട്ടോമാറ്റിക് സിഗ്നൽ സംവിധാനമടക്കം സംസ്ഥാനത്ത് സ്ഥാപിതമായിട്ടില്ലാത്തത് സുഗമമായ യാത്രാ സൌകര്യം ഒരുക്കുന്നതിന് വിഘാതമാകുന്നത് വിലയിരുത്തിയിട്ടുണ്ടോ;

(സി) മറ്റ് സംസ്ഥാനങ്ങളിൽ അടിസ്ഥാന സൌകര്യങ്ങളിൽ വൻ പുരോഗതിയുണ്ടാകുമ്പോഴും സംസ്ഥാനത്ത് ഈ രംഗത്തെ അവഗണന തുടരുന്നത് സംസ്ഥാനത്തിന്റെ അലംഭാവം കൊണ്ടുകൂടിയാണെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ?

## റെയിൽവേ വികസനം

2133. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ റെയിൽവേ വികസനത്തിനായി എന്തെല്ലാം പ്രപ്പോസലുകളാണ് ഇത്തവണത്തെ റെയിൽവേ ബഡ്ജറ്റിന് മുമ്പ് കേന്ദ്രത്തിന് സമർപ്പിച്ചത്; അതിൽ ഏതിനെല്ലാമാണ് ബഡ്ജറ്റിൽ തുക വകയിരുത്തിയതെന്ന് വിശദമാക്കുമോ?

## ചാലക്കുടി റെയിൽവെ സ്റ്റേഷൻ

2134. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി റെയിൽവെ സ്റ്റേഷനിൽ കൂടുതൽ ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നതു സംബന്ധിച്ച് സർക്കാർ സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ എന്തെങ്കിലും നടപടി റെയിൽവേ മന്ത്രാലയത്തിൽ നിന്ന് ഉണ്ടായിട്ടുണ്ടോ;

(ബി) കൂടുതൽ ട്രെയിനുകൾക്ക് ചാലക്കുടിയിൽ സ്റ്റോപ്പ് അനുവദിക്കുന്നതിനായി ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുമോ;

(സി) കൊരട്ടി റെയിൽവെ സ്റ്റേഷനെ ഫ്ലാഗ് സ്റ്റേഷനായി ഉയർത്തുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ ?

## റെയിൽവേ പദ്ധതികൾ

2135. ശ്രീ.കോടിയേരി ബാലകൃഷ്ണൻ

,, പി.ടി.എ. റഹീം

,, സി.രവീന്ദ്രനാഥ്

,, എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽവേ പദ്ധതികളുടെ പകുതി ചെലവ് സംസ്ഥാനം വഹിക്കണമെന്ന നിർദ്ദേശം കേരളം പോലുള്ള പരിമിത വിഭവശേഷിയുള്ള സംസ്ഥാനങ്ങളുടെ റയിൽ വികസനത്തെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ;

(ബി) നിലവിൽ സംസ്ഥാന വിഹിതം നൽകാൻ സാധിക്കാത്തതിന്റെ പേരിൽ ഏതെങ്കിലും പദ്ധതികൾ പ്രാവർത്തികമാക്കാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) കേന്ദ്രനിബന്ധനകൾ മൂലം പദ്ധതികൾ മുടങ്ങാതിരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തിന്റെ സാമ്പത്തിക സഹകരണത്തോടെ ഏതെല്ലാം റെയിൽവേ പദ്ധതികൾ 2013-14 വർഷത്തെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു.; അവ നടപ്പിലാക്കിയോ?

## റെയിൽവേ വികസനത്തിന് ബജറ്റ് വിഹിതം

2136. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചുവേളിയിലെ കോച്ച് റിപ്പയർ ആന്റ് മെയിന്റനൻസ് കേന്ദ്രം, പ്രമുഖ റെയിൽവേ സ്റ്റേഷനുകളുടെ വികസനം എന്നിവയ്ക്ക് 2013-14 ലെ സംസ്ഥാന ബഡ്ജറ്റിൽ എത്ര തുകയാണ് വകയിരുത്തിയത്; ഇതിൽ എത്ര തുകയാണ് ചെലവഴിച്ചത്?

## കൊയിലാണ്ടി റെയിൽവേ സ്റ്റേഷൻ പരിസരത്ത് ഫൂട്ട് ഓവർ ബ്രിഡ്ജ് നിർമ്മാണം

2137. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി റെയിൽവേ സ്റ്റേഷൻ പരിസരത്ത് ഫൂട്ട് ഓവർ ബ്രിഡ്ജ് നിർമ്മിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റെയിൽവേ സ്റ്റേഷന് കിഴക്ക് ഭാഗത്തുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങൾക്ക് നഗരത്തിൽ എത്തുന്നതിന് വലിയ ബുദ്ധിമുട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റെയിൽവേ തലത്തിൽ ഇടപെട്ട് ഇവിടെ ഫൂട്ട് ഓവർ ബ്രിഡ്ജ് നിർമ്മിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഗുരുവായൂർ തിരുനാവായ റെയിൽപ്പാത നിർമ്മാണം</u>

2138. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ തിരുനാവായ റെയിൽപ്പാത നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കൽ അടക്കമുള്ള നടപടികൾ എതു ഘട്ടത്തിലാണ്; എവിടെയെല്ലാം സ്ഥലം ഏറ്റെടുക്കൽ പൂർത്തീകരിച്ചിട്ടുണ്ട്;

(ബി) റെയിൽപ്പാത നിർമ്മാണ നടപടികൽ ത്വരിത ഗതിയിലാക്കാൻ കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

<u>ചെങ്ങന്നൂർ-അടൂർ-കൊട്ടാരക്കര-തിരുവനന്തപുരം റയിൽവേലൈൻ</u>

T 2139. ശ്രീ.ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വെ ജോലികൾ പൂർത്തീകരിച്ച ചെങ്ങന്നൂർ-അടൂർ-കൊട്ടാരക്കര-തിരുവനന്തപുരം റെയിൽവേ ലൈനിന്റെ നിലവിലുള്ള പദ്ധതി പുരോഗതി ലഭ്യമാക്കുമോ;

(ബി) നാലു ജില്ലകളെ ബന്ധിപ്പിക്കുന്ന ഈ പദ്ധതി നടപ്പിലാക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) കായംകുളം-അടൂർ-കൊട്ടാരക്കര റെയിൽവേലൈൻ സംബന്ധിച്ച പദ്ധതി പുരോഗതി അറിയിക്കുമോ;

(ഡി) പ്രായോഗികമായി നടപ്പിലാക്കുന്നതിന് സാഹചര്യമുള്ള ഈ പദ്ധതി കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി പ്രാവർത്തികമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ട്രെയിനുകളിൽ ലഭ്യമാകുന്ന ഭക്ഷണ സാധനങ്ങളുടെ ഗുണമേന്മ

2140. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന ട്രെയിനുകളിൽ ലഭ്യമാകുന്ന ഭക്ഷണ സാധനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് സർക്കാർ റയിൽവേയുമായി ബന്ധപ്പെട്ട് എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ബി) ട്രെയിനുകളിൽ ലഭ്യമാകുന്ന ഭക്ഷണ സാധനങ്ങളുടെ അളവും, വിലയും റെയിൽവേ നിഷ്കർഷിച്ച തോതിലാണ് ലഭിക്കുന്നത് എന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) ഇതു സംബന്ധിച്ച പരാതികൾ എവിടെയാണ് ഉന്നയിക്കേണ്ടത്; വിശദാംശം വ്യക്തമാക്കാമോ?

ബയോ മെഡിക്കൽ മാലിന്യ നിർമ്മാർജ്ജന സംവിധാനം

T 2141. ശ്രീ.കെ.ശിവദാസൻ നായർ

,, ലൂഡി ലൂയിസ്

,, ഐ.സി.ബാലകൃഷ്ണൻ

,, ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതു ബയോ മെഡിക്കൽ മാലിന്യ നിർമ്മാർജ്ജന സംവിധാനം നിലവിലുണ്ടോ; എങ്കിൽ എവിടെയൊക്കെയാണെന്നും അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള സംവിധാനം പര്യാപ്തമാണോയെന്നും ഇല്ലെങ്കിൽ പുതിയവ ആരംഭിക്കുന്നതിനുള്ള പദ്ധതികളുടെ നിലവിലുള്ള സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ;

(സി) അതാത് സ്ഥാപനങ്ങളിൽ തന്നെ മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമായി ചെയ്യുന്നതിന് ഇപ്പോൾ വ്യവസ്ഥയുണ്ടോ; ഇല്ലെങ്കിൽ എങ്ങനെയാണ് ഇവ കൈകാര്യം ചെയ്യുന്നത്;

(ഡി) ഇതിന് കേന്ദ്രസഹായം ലഭിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

മലിനീകരണ നിയന്ത്രണ ബോർഡ്

2142. ശ്രീ.എ.റ്റി.ജോർജ്
,, അൻവർ സാദത്ത്
,, എം.പി.വിൻസെൻറ്
,, ടി.എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) ഇതിന്റെ പ്രവർത്തനങ്ങൾക്ക് എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) വിവിധ മേഖലകളിലെ മലിനീകരണ നിയന്ത്രണത്തിൽ ബോർഡ് എങ്ങനെയെല്ലാമാണ് ഇടപെട്ട് പ്രവർത്തിയ്ക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ബോർഡിനെ ശാക്തീകരിക്കാൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## സഹകരണ ബാങ്കുകളിൽ റിസ്ക് ഫണ്ട്

2143. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് മരണപ്പെടുകയും, മറ്റ് ഗുരുതര രോഗങ്ങൾ ബാധിക്കുകയും ചെയ്തവർക്ക് സർക്കാർ പ്രഖ്യാപിച്ച റിസ്ക് ഫണ്ടിൽ നിന്നും സംസ്ഥാനത്ത് എത്ര പേർക്ക് എത്ര തുക വീതം വിതരണം ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വിശദമാക്കാമോ;

(ബി) തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ നിന്നും റിസ്ക് ഫണ്ടിനായി എത്ര അപേക്ഷ ലഭ്യമായെന്നും എത്ര പേർക്ക് എത്ര തുക വീതം അനുവദിച്ചെന്നും വിശദമാക്കാമോ?

## നന്മ, ത്രിവേണി സ്റ്റോറുകൾ

2144. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിന് കീഴിൽ പ്രവർത്തിച്ചിരുന്ന എത്ര നന്മ സ്റ്റോറുകളും ഓഫീസുകളുമാണ് പ്രവർത്തന രഹിതമായതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് മൂലം എത്ര ജീവനക്കാരുടെ ജോലി നഷ്ടപ്പെട്ടിട്ടുണ്ട് എന്ന് അറിയിക്കുമോ;

(സി) സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾക്ക് എത്ര വാഹനങ്ങൾ വാങ്ങിയിരുന്നുവെന്ന്

വ്യക്തമാക്കുമോ;

(ഡി) ഇതിൽ എത്രയെണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നു എന്നും പ്രവർത്തന രഹിതമായ വാഹനങ്ങൾ എവിടെയാണുള്ളത് എന്നും വ്യക്തമാക്കുമോ?

<u>സഹകരണ ആശുപത്രികളിലെ ചികിത്സാ ചെലവുകൾ</u>

2145. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ എത്ര ആശുപത്രികളാണ് പ്രവർത്തിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ പുരോഗതിക്ക് വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) സഹകരണ ആശുപത്രികളിലെ ചികിത്സാ ചെലവുകൾ ശ്രദ്ധിക്കാറുണ്ടോ; ഇക്കാര്യത്തിൽ സർക്കാരിന് നിയന്ത്രണങ്ങൾ ഉണ്ടോയെന്നറിയിക്കുമോ;

(ഡി) പ്രസ്തുത ആശുപത്രികളിലെ ചികിത്സാ ചെലവ് ഏകീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ?

<u>ഐ.സി.ഡി.പി വായ്പാ കുടിശ്ശിക</u>

2146. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.സി.ഡി.പി വായ്പ കുടിശ്ശിക തുക തവണയായി അടയ്ക്കാൻ സാവകാശം അനുവദിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് ഹൈറേഞ്ച് ഡയറി കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്-K 10(D), ചെങ്കുളം, ഉടുമ്പൻചോല എം.എൽ.എ, മുഖാന്തിരം മന്ത്രിക്ക് അപേക്ഷ സമർപ്പിക്കുകയുണ്ടായോ ;

(ബി) ഈ അപേക്ഷയിൻമേൽ സഹകരണവകുപ്പ് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശം നൽകാമോ ?

<u>ആലില പദ്ധതി</u>

2147. **ശ്രീ.കെ.അച്ചുതൻ**

**,,** ബെന്നി ബെഹനാൻ

**,,** പാലോട് രവി

**,,** ആർ . സെൽവരാജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി

ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ 'ആലില പദ്ധതി ' നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) പദ്ധതിയുടെ കാലാവധി വ്യക്തമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## കേരളാ കോ ഓപ്പറേറ്റീവ് ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം

2148. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപങ്ങളുടെ സുരക്ഷിതത്വത്തിനായി സർക്കാർ സ്വീകരിച്ച് ഡെപ്പോസിറ്റ് ഗാരന്റി ഫണ്ട് ബോർഡിൽ വിഹിതം അടയ്ക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഒരു നിക്ഷേപകന് ഒരു ലക്ഷത്തിനുമേൽ നിക്ഷേപം ഉണ്ടെങ്കിൽ ക്ലെയിം ഒരുലക്ഷം മാത്രം എന്ന നിർബന്ധന നിക്ഷേപകന് സുരക്ഷിതത്വം ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഒഴിവാക്കാൻ ശ്രമിക്കുമോ;

(സി) നിക്ഷേപകന്റെ മുഴുവൻ തുകയ്ക്കും സുരക്ഷിതത്വം നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഡി) കേരളാ കോ ഓപ്പറേറ്റീവ് ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീമിന്റെ ഉദ്ദേശ ലക്ഷ്യം അറിയിക്കാമോ?

## കള്ള് സഹകരണ സംഘങ്ങൾ

2149. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന കള്ള് സഹകരണ സംഘങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സംഘങ്ങളിൽ എത്രയെണ്ണം ഇപ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ടി സംഘങ്ങളെ കള്ള് വ്യവസായത്തിൽ നിന്നും സർക്കാർ ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) കള്ള് സഹകരണ സംഘങ്ങളുടെ ബൈലോ പ്രകാരം അവയ്ക്ക് കള്ള് വ്യവസായം നടത്തുന്നതിന് തടസ്സമുണ്ടോ;

(ഇ) ടി സംഘങ്ങൾക്ക് സർക്കാർ അംഗീകരിച്ച് നൽകിയ ബൈലോ പ്രകാരം കള്ള്

വ്യവസായം നടത്താമെന്നിരിക്കേ, അവയ്ക്ക് കള്ള് ഷാപ്പുകൾ അനുവദിക്കുന്നതിൽ വിലക്ക് ഏർപ്പെടുത്തിയതിന്റെ നിയമവശം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

<u>സഹകരണ ഭവൻ നിർമ്മാണം</u>

2150. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് നിർമ്മിക്കുന്ന സഹകരണഭവൻ കെട്ടിടനിർമ്മാണത്തിന് എത്ര തുകയുടെ എസ്റ്റിമേറ്റിനാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്;

(ബി) സഹകരണ ഭവൻ നിർമ്മാണത്തിന് എത്ര തുകയാണ് ബഡ്ജറ്റ് അലോക്കേഷനായി അനുവദിച്ചിട്ടുള്ളത്;

(സി) സഹകരണഭവൻ നിർമ്മാണത്തിനാവശ്യമായ തുക മറ്റു മാർഗ്ഗങ്ങളിലൂടെ വകുപ്പുതന്നെ കണ്ടെത്തണമെന്ന് ധനവകുപ്പ് നിർദ്ദേശിച്ചിട്ടുണ്ടോ; ഏത് ഉത്തരവു പ്രകാരമാണ് നിർദ്ദേശിച്ചത്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) സഹകരണഭവൻ നിർമ്മാണത്തിന് സഹകരണസംഘങ്ങളിൽ നിന്നും സഹകരണ സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് ശേഖരിക്കുന്നതിനായി ഉത്തരവു പുറപ്പെടുവിക്കുകയുണ്ടായോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) സഹകരണസ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും സഹകരണവകുപ്പ് ജീവനക്കാരിൽ നിന്നും ഫണ്ട് ശേഖരിക്കുന്നതിനായി ഉത്തരവു പുറപ്പെടുവിക്കുകയുണ്ടായോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(എഫ്) സഹകരണവകുപ്പിലൂടെ ഏത് ആവശ്യങ്ങൾ നേടുവാനും എത്തുന്ന പൊതുജനങ്ങളിൽ നിന്നും സഹകരണഭവനനിർമ്മാണത്തിന് ആവശ്യമായ ഫണ്ട് ശേഖരണം നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ജി) സഹകരണഭവനനിർമ്മാണത്തിനായി സഹകരണ സ്ഥാപനങ്ങളിൽ നിന്നും , സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും എത്ര തുക ശേഖരിക്കയുണ്ടായി; പൊതുജനങ്ങളിൽ നിന്നും എത്ര തുക ശേഖരിക്കുകയുണ്ടായി; സംസ്ഥാന ഗവൺമെന്റിന്റെ ഭാഗമായി പ്രവർത്തിക്കുന്ന സഹകരണ വകുപ്പിന്റെ ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതിന് ബഡ്ജറ്റ് വിഹിതം ലഭ്യമാക്കാതെ ഇത്തരത്തിൽ ഫണ്ട് ശേഖരണം നടത്തുന്നതിനുള്ള ന്യായീകരണം എന്താണെന്ന് വ്യക്തമാക്കുമോ?

<u>സഹകരണ സംഘങ്ങളെ പ്രവർത്തന സജ്ജമാക്കുന്നതിനായുള്ള പദ്ധതികൾ</u>

2151. **ശ്രീ.കെ.കെ.നാരായണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി പ്രവർത്തനമാരംഭിച്ചതും സാമ്പത്തിക പരിമിതികൾ മൂലം പ്രവർത്തനം മന്ദഗതിയിലുമായ സഹകരണ സംഘങ്ങളെ പ്രവർത്തന സജ്ജമാക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ പ്രഖ്യാപിക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രാഥമിക പ്രവർത്തനങ്ങൾക്കായി ഗ്രാന്റോ പലിശ രഹിത വായ്പകളോ നൽകുന്നകാര്യം പരിഗണിക്കുമോ;

(സി) സംഘങ്ങളുടെ സാമ്പത്തിക സമാഹരണത്തിന് സുതാര്യവും സുരക്ഷിതവുമായ മാർഗ്ഗ നിർദ്ദേശം നൽകുമോ;

(ഡി) നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിനായുള്ള നിബന്ധനകൾ വ്യക്തമാക്കാമോ ?

<u>സഹകരണ സംഘങ്ങളുടെ പ്രവർത്തനം</u>

2152. **ശ്രീ.സി.പി.മുഹമ്മദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽ നിന്നും വായ്പയെടുത്ത് തിരിച്ചടവിൽ വീഴ്ച വരുത്തിയിട്ടുള്ളവർക്കെതിരെ നിയമപ്രകാരം നടപടിയെടുക്കാൻ വ്യവസ്ഥ ഉണ്ടായിരിക്കെ സർവ്വീസ് സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള പല സംഘങ്ങളും വീഴ്ചക്കാർക്കെതിരെ ബ്ലേഡ് മാഫിയ സംഘങ്ങൾ പോലെ പ്രവർത്തിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) സഹകരണ സംഘങ്ങളിൽ നിന്നും വായ്പയെടുത്തവരിൽ നിന്നും മുൻകൂറായി വാങ്ങുന്ന തുകയെഴുതാത്ത ചെക്കു ലീഫുകൾ പല സംഘങ്ങളും ദുരുപയോഗം ചെയ്ത് വായ്പകാർക്കെതിരെ ചെക്കു കേസുകൾ ഫയൽ ചെയ്യുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർക്ക് ലഭിക്കുന്ന പരാതികളിന്മേൽ യുദ്ധകാലടിസ്ഥാനത്തിൽ നടപടിയെടുക്കുവാനും വായ്പക്കാർക്ക് നീതി ലഭിക്കുവാനും സംഘം ഭാരവാഹികൾക്കെതിരെ നടപടിയെടുക്കാനും നിർദ്ദേശം നൽകാമോ?

<u>സഹകരണ ബാങ്കുകൾ കാർഷികാവശ്യങ്ങൾക്ക് നല്കുന്ന വായ്പ</u>

2153. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളുടെ വായ്പകളിൽ 25% കാർഷികാവശ്യങ്ങൾക്ക് നല്കണമെന്ന നിർദ്ദേശം പാലിക്കപ്പെടുന്നുണ്ടോ ; പരമ്പരാഗത തൊഴിൽ മേഖലയെയും കാർഷികമേഖലയെയും അഭിവൃദ്ധിപ്പെടുത്തുന്നതിന് സഹകരണ ബാങ്ക് വായ്പകൾ എപ്രകാരമാണ് അനുവദിച്ചുവരുന്നതെന്നു പറയാമോ ;

(ബി) പ്രസ്തുത മേഖലകളുടെ അഭിവൃദ്ധി ലക്ഷ്യമിട്ട് ഒരു നിശ്ചിത ശതമാനം സഹകരണ വായ്പകൾ വിനിയോഗിക്കപ്പെടുന്നതിനും അവ മോണിറ്റർ ചെയ്യപ്പെടുന്നതിനും ഒരു സംവിധാനം ഉണ്ടാക്കുമോ;വ്യക്തമാക്കാമോ ?

<u>സഹകരണ ബാങ്കുകളുടെ പുനരുദ്ധാരണം</u>

2154. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ സഹകരണ ബാങ്കുകളുടെ പുനരുദ്ധാരണത്തിനു സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; അത് പ്രകാരം ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണ്?

<u>ജില്ലാ സഹകരണ ബാങ്കുകളിലെ പാർട്ട് ടൈം ജീവനക്കാരുടെ പ്രൊമൊഷൻ</u>

2155. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളിൽ പാർട്ട് ടൈം സ്വീപ്പർമാർക്ക് ശിപായി തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ; പ്രൊമോഷൻ ലഭിക്കാൻ അർഹതയുള്ള നിരവധി പാർട്ട് ടൈം സ്വീപ്പർമാർ നിലവിലുണ്ടെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇവരുടെ പ്രൊമോഷൻ ക്വാട്ട വർദ്ധിപ്പിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ബി) ജില്ലാ സഹകരണ ബാങ്കുകളിലെ സബ് സ്റ്റാഫ് ജീവനക്കാരുടെ പ്രൊമോഷൻ തസ്തിക പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കാത്തത് എന്ത്കൊണ്ടാണെന്നു പറയാമോ; ഇതു പുനഃസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>സംസ്ഥാന സഹകരണ വിജിലൻസ് വിഭാഗം</u>

2156. **ശ്രീ.അൻവർ സാദത്ത്**

**,,** ജോസഫ് വാഴയ്ക്കൻ

**,,** പി.എ.മാധവൻ

**,,** പാലോട് രവി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി

ഗ്രാമവ്യവസായവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ വിജിലൻസ് വിഭാഗത്തിന്റെ അധികാരങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(ബി) സഹകരണ വിജിലൻസ് വിഭാഗം നിലവിൽ വന്നശേഷം എത്ര കേസുകൾ അന്വേഷിച്ചിട്ടുണ്ട് ; വർഷം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇതിൽ എത്ര കേസുകൾ ഇനിയും അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് നൽകാനുണ്ട്; വിശദമാക്കാമോ;

(ഡി) വിജിലൻസ് വിഭാഗത്തിന്റെ ശമ്പളത്തിനും മറ്റാനുകൂല്യങ്ങൾക്കും വാഹനങ്ങളുടെ ഇന്ധന ചെലവ് ഉൾപ്പെടെ നാളിതവരെ എന്ത് തുക ചെലവഴിച്ചിട്ടുണ്ട്; ഒരു കേസന്വേഷണത്തിന് ശരാശരി എന്ത് തുക ചെലവ് വന്നിട്ടുണ്ട്;

(ഇ) നിലവിലെ സഹകരണ വിജിലൻസിന്റെ പ്രവർത്തനത്തിൽ പോരായ്മകളുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; എങ്കിൽ സഹകരണ വിജിലൻസ് സംവിധാനം പുനസംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

## <u>പബ്ലിക് റിസ്ക് ഫണ്ട്</u>

2157. ശ്രീ.സി.പി.മുഹമ്മദ്

,, തേറമ്പിൽ രാമകൃഷ്ണൻ

,, ലൂഡി ലൂയിസ്

,, എം.പി.വിൻസെൻറ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ പബ്ലിക് റിസ്ക് ഫണ്ട് നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പബ്ലിക് റിസ്ക് ഫണ്ട് നടപ്പിലാക്കുന്നത് മൂലം എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളുമാണ് നൽകിയിട്ടുള്ളതെന്നു വിശദമാക്കാമോ;

(ഡി) ഏതെല്ലാം തലത്തിലുള്ള സഹകരണ സംഘങ്ങളിലും ബാങ്കുകളിലുമാണ് പദ്ധതി നടപ്പാക്കിയതെന്നു വിശദീകരിക്കാമോ ?

## <u>ത്രിവേണി / നന്മ സ്റ്റോറുകൾ</u>

2158. ശ്രീ.ടി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം കൺസ്യൂമർഫെഡിന്റെ കീഴിൽ എത്ര ത്രിവേണി / നന്മ സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട് ; എത്ര എണ്ണം പൂട്ടിയിട്ടുണ്ട് ;

(ബി) കണ്ണൂർ ജില്ലയിൽ ആരംഭിച്ച ത്രിവേണി / നന്മ സ്റ്റോറുകളുടെ വിശദാംശം നൽകുമോ ;

(സി) നിത്യോപയോഗ സാധനങ്ങൾ യഥാസമയം ലഭ്യമാക്കാത്തത് മൂലം പ്രസ്തുത സ്ഥാപനങ്ങൾ പൂട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത്തരം സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനും അതുവഴി ജനങ്ങൾക്ക് വിലക്കുറവിൽ നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിനും എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ ?

## റിസർവ് ബാങ്ക് മാർഗ്ഗ നിർദ്ദേശങ്ങൾ

2159. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളെ തകർക്കുന്ന നിലയിൽ റിസർവ്വ് ബാങ്ക് പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ ഇറക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാർ സ്വീകരിച്ച നിലപാട് എന്താണെന്ന് വിശദമാക്കാമോ?

## നിക്ഷേപക സുരക്ഷാ ഫണ്ട് ബോർഡ്

2160. ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി
,, ടി.എൻ. പ്രതാപൻ
,, ആർ . സെൽവരാജ്
,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിക്ഷേപക സുരക്ഷാ ഫണ്ട് ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ബോർഡിന്റെ പ്രവർത്തനങ്ങൾ മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ബോർഡിന്റെ പ്രവർത്തനങ്ങളിൽ

ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം തരം സഹകരണ സംഘത്തിലെ നിക്ഷേപങ്ങൾക്കാണ് സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

## ത്രിവേണി, നീതി, നന്മ സ്റ്റോറുകളുടെ പ്രവർത്തനം

2161. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ത്രിവേണി, നീതി, നന്മ സ്റ്റോറുകൾ പുതുതായി ആരംഭിച്ചു; അവയിൽ എത്ര എണ്ണം അടച്ചുപൂട്ടി ; വിശദവിവരം നൽകുമോ ;

(ബി) അടച്ചുപൂട്ടാനുണ്ടായ സാഹചര്യം വ്യകതമാക്കാമോ ;

(സി) ത്രിവേണി സ്റ്റോറുകളിൽ ആവശ്യത്തിന് സാധനങ്ങൾ ലഭ്യമാകാത്തതാണ് ത്രിവേണി സ്റ്റോറുകളും നന്മ സ്റ്റോറുകളും നഷ്ടത്തിൽ പ്രവർത്തിക്കാൻ കാരണമെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

## കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്ക്

2162. **ശ്രീ.എളമരം കരീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്കിന്, ജില്ലായിലാകെ പ്രവർത്തിക്കാൻ സഹകരണ വകുപ്പ് അനുമതി നല്കിയിട്ടുണ്ടോ;

(ബി) മേൽപറഞ്ഞവിധം അനുമതി നല്കിയതിന് നിയമ സാധുതയുണ്ടോ;

(സി) പ്രസ്തുത ബാങ്കിന്റെ പ്രവർത്തനപരിധി കോഴിക്കോട് ജില്ലയാകെ എന്ന് തീരുമാനിക്കുന്നതിനെതിരെ, ജില്ലയിലെ മറ്റ് സഹകരണ ബാങ്കുകൾ കൂട്ടായി എതിർപ്പ് പ്രകടിപ്പിച്ചത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

## പട്ടികജാതി വിഭാഗങ്ങൾക്കായി രജിസ്റ്റർ ചെയ്ത സഹകരണ സ്ഥാപനങ്ങൾ

2163. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ടവരുടെ ക്ഷേമത്തിനായി രജിസ്റ്റർ ചെയ്തിട്ടുള്ള എത്ര സഹകരണ സ്ഥാപനങ്ങളാണുള്ളതെന്നു വ്യക്തമാക്കാമോ ;

(ബി) ഇവയിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവ എത്രയെന്നും നഷ്ടത്തിൽ പ്രവർത്തിക്കുന്നവ എത്രയെന്നും പൂട്ടിക്കിടക്കുന്നവ എത്രയെന്നും വിശദമാക്കാമോ ;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്നവ ലാഭകരമാക്കാൻ നടപടിയുണ്ടോ എന്ന് വിശദമാക്കാമോ ?

## സഹകരണമേഖലയെ ദുർബലമാക്കുന്ന നയങ്ങളും നിലപാടുകളും

2164. ശ്രീ.ഇ.പി.ജയരാജൻ

,, എം.ചന്ദ്രൻ

,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

,, കെ.കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നയങ്ങളുടെയും നിലപാടുകളുടെയും ഫലമായി സംസ്ഥാനത്തെ സഹകരണമേഖല ദുർബലമാക്കുന്നുണ്ടോ :

(ബി) അടിക്കടിയുള്ള സഹകരണ നിയമത്തിലെ ഭേദഗതിയും നിർദ്ദേശങ്ങളും സഹകരണ പ്രസ്ഥാനങ്ങളെ തകർക്കുന്നുണ്ടോ;

(സി) എങ്കിൽ സഹകരണ മേഖലയെ തകർക്കുന്ന നിലപാടുകൾ തിരുത്തിക്കുന്നതിന് സർക്കാർ സ്വീകരിക്കേണ്ട കാര്യങ്ങളെക്കുറിച്ച് വിവിധ മേ ഖലകളിൽ നിന്നും ഉയരുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിന് തയ്യാറാകുമോയെന്ന് വിശദമാക്കാമോ?

## കേപ്പിൻറെ കീഴിലുള്ള അസിസ്റ്റന്റ് തസ്തികകൾ .

2165. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേപ്പിൻറെ കീഴിലുള്ള സ്ഥാപനങ്ങളിലും ഹെഡ് ഓഫീസിലുമായി എത്ര അസിസ്റ്റന്റ്മാരുടെ തസ്തികകൾ നിലവിലുണ്ട്; ഇവയിൽ സ്ഥിരമായും കരാർ വ്യവസ്ഥയിലും എത്രപേരാണുള്ളത്; സ്ഥിരം അസിസ്റ്റന്റ്മാരുടെ എത്ര ഒഴിവുകളാണ് ഉള്ളത്; ഇതിൽ കരാറുകാർ ജോലിചെയ്യുന്നുണ്ടോ; ഇനം തിരിച്ചുള്ള വിവരം നൽകുമോ;

(ബി) അവസാനമായി ഈ തസ്തികയിലേക്ക് നിയമനം നടത്തിയത് എന്നായിരുന്നു; പുതുതായി നിയമന നടപടികൾ തുടങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നറിയിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഈ തസ്തികയിൽ സ്ഥിരം

നിയമനം നടത്തിയിട്ടുണ്ടോ?

<u>കണ്‍സ്യൂമര്‍ ഫെഡിന് കിട്ടാനുള്ള തുക .</u>

T 2166. **ശ്രീ.കെ.കുഞ്ഞിരാമന്‍ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) കണ്‍സ്യൂമര്‍ ഫെഡിന് കുടിശ്ശികയിനത്തില്‍ എത്ര തുക നല്‍കാനുണ്ട്; വിശദാംശങ്ങള്‍ അറിയിക്കാമോ;

(ബി) കുടിശ്ശിക തുക നല്‍കാത്തതു കാരണം കണ്‍സ്യൂമര്‍ ഫെഡിന്റെ കീഴില്‍ തുടങ്ങിയിട്ടുള്ള പല സ്ഥാപനങ്ങളും അടച്ചു പൂട്ടേണ്ടി വന്നിട്ടുണ്ടോ;

(സി) എങ്കില്‍ എത്ര സ്ഥാപനങ്ങള്‍ ; വിശദാംശങ്ങള്‍ നല്കാമോ ;

<u>കണ്‍സ്യൂമര്‍ ഫെഡിന് കീഴിലുള്ള സ്ഥാപനങ്ങള്‍</u>

2167. **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റര്‍ :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) നന്മ / ത്രിവേണി സ്റ്റോറുകളില്‍ താല്‍ക്കാലിക ജീവനക്കാരുള്‍പ്പെടെ എത്ര ജീവനക്കാര്‍ ജോലി ചെയ്യുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(സി) കണ്‍സ്യൂമര്‍ ഫെഡിന് കീഴിലുള്ള സ്ഥാപനങ്ങളില്‍ ആവശ്യമായ ജീവനക്കാരുടെ എണ്ണമെത്രയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇന്റേണല്‍ വിജിലന്‍സ് ഓഫീസര്‍മാരായി ഇപ്പോള്‍ എത്ര പേരെ നിയമിച്ചിട്ടുണ്ട് എന്നും ഇവരുടെ സേവന വേതന വ്യവസ്ഥകള്‍ എന്തൊക്കെയാണെന്നും വെളിപ്പെടുത്തുമോ ;

(ഇ) കണ്‍സ്യൂമര്‍ ഫെഡിന്റെ ഇപ്പോഴത്തെ ആസ്തി, ബാധ്യതകളുടെ വിശദാംശങ്ങള്‍ വ്യക്തമാക്കുമോ ;

(എഫ്) ഉത്സവ കാലയളവില്‍ സാധനങ്ങള്‍ക്ക് സബ്സിഡി നല്കിയ വകയില്‍ സര്‍ക്കാരില്‍ നിന്ന് എത്ര രൂപ ലഭിക്കാനുണ്ട് ; വിശദാംശങ്ങള്‍ വ്യക്തമാക്കുമോ ?

<u>കുന്നുമ്മല്‍ സര്‍വ്വീസ് സഹകരണ ബാങ്ക്</u>

2168. **ശ്രീ.സി.കെ സദാശിവന്‍ :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) കുന്നുമ്മൽ സർവ്വീസ് സഹകരണ ബാങ്ക് (കുന്നുമ്മ SCB 1040) ഓഫീസും ഗോഡൗണും നിർമ്മിക്കുന്നതിനായി NCDC ഫണ്ട് ലഭ്യമാക്കുന്നതിന് ആലപ്പുഴ ജെ.ആർ.മുഖേന (P 1 4949/14) സഹകരണ രജിസ്ട്രാർ ഓഫീസിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഫണ്ട് ലഭ്യമാക്കി നിർമ്മാണ പ്രവർത്തനം നടത്തുന്നതിനാവശ്യമായ ഉത്തരവ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>സഹകരണവകുപ്പിനു കീഴിലുള്ള സംഘങ്ങൾ</u>

2169. **ശ്രീ.സി.പി.മുഹമ്മദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണവകുപ്പിനു കീഴിൽ എത്ര അപെക്സ് സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര കേന്ദ്ര സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; അവയുടെ പേരു വിവരം നൽകാമോ;

(ബി) വകുപ്പിനു കീഴിലുള്ള ആഡിറ്റ് വിഭാഗം സഹകരണസംഘം രജിസ്ട്രാർ വഴി രജിസ്റ്റർ ചെയ്യാത്ത എത്ര അപെക്സ് കേന്ദ്രസംഘങ്ങളുടെ കണക്കുകൾ ആഡിറ്റ് ചെയ്തു വരുന്നുണ്ട്; അവയുടെ പേരു വിവരം നൽകാമോ;

(സി) ഒന്നിലേറെ സംസ്ഥാനങ്ങൾ പ്രവർത്തന പരിധിയുള്ള രജിസ്റ്റർ ചെയ്ത എത്ര സംഘങ്ങളാണ് പ്രവർത്തിച്ചു വരുന്നത് ; അവ ഏതൊക്കെയാണ്;

(ഡി) ഇത്തരം സംഘങ്ങളുടെ കണക്കുകൾ ആഡിറ്റു ചെയ്യുന്നത് ആരാണ് ; വിശദമാക്കുമോ ?

<u>സ്വദേശി ഉല്പന്നങ്ങളുടെ ഉല്പാദനം വിപണനം</u>

2170. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി-ഗ്രാമമവ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്വദേശി ഉല്പന്നങ്ങളുടെ ഉല്പാദനത്തിനും വിപണനത്തിനും നല്കിവരുന്ന സഹായങ്ങൾ വ്യക്തമാക്കാമോ ;

(ബി) ഇത്തരത്തിൽ എത്ര യൂണിറ്റുകൾക്കാണ് സഹായം നല്കിവരുന്നത് ;

(സി) 2014-15 സാമ്പത്തിക വർഷത്തിൽ ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ ?

<u>ഖാദി വ്യവസായ നവീകരണം</u>

2171. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി വ്യവസായ നവീകരണവുമായി ബന്ധപ്പെട്ട് പി. ഗോപിനാഥൻ നായർ കമ്മിറ്റി നൽകിയ റിപ്പോർട്ടിലെ നിർദ്ദേശം അനുസരിച്ച് എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) അനുവദിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഖാദി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ

2172. ശ്രീ.എ.എ.അസീസ്

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദിയുടെ പ്രോത്സാഹനത്തിനും പ്രചരണത്തിനുമായി കേന്ദ്ര സർക്കാരിൽ നിന്നും എന്തൊക്കെ സഹായങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഇൻകം സപ്പോർട്ട് സ്കീം

2173. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻകം സപ്പോർട്ട് സ്കീം പ്രകാരം 2014-15 വർഷത്തിൽ ഖാദി മേഖലയ്ക്ക് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും അതിൽ എത്ര തുക ഖാദി സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടെന്നും സ്ഥാപനം അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) ഈ ഇനത്തിൽ തൊഴിലാളികൾക്ക് ഏതു മാസം വരെയുള്ള കൂലി വിതരണം ചെയ്തിട്ടുണ്ടെന്നും ഏത്ര തുക വിതരണം ചെയ്തിട്ടുണ്ടെന്നും ഖാദിസ്ഥാപനങ്ങൾ അടിസ്ഥാനമാക്കി വിശദമാക്കാമോ?

കഴിഞ്ഞ സർക്കാറിന്റെ സാമ്പത്തിക ബാധ്യതകൾ

2174. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാറിന്റെ കാലത്തെ എത്ര തുകയുടെ സാമ്പത്തിക ബാധ്യത ഈ സർക്കാർ അടച്ചു തീർത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അതിനായി എത്ര തുക ഈ സർക്കാറിന് കടമെടുക്കേണ്ടി വന്നിട്ടുണ്ടെന്ന് വിശദമാക്കാമോ?

## സ്റ്റേഡിയത്തിന് ബജറ്റിൽ വകയിരുത്തിയ തുക

2175. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ ധനകാര്യമന്ത്രി ഇ. എം. എസ്. സ്റ്റേഡിയത്തിന് 5 കോടി രൂപ പ്രഖ്യാപിച്ചിരുന്നുവെങ്കിലും ഇതിനായി ബജറ്റിൽ തുക വകയിരുത്താൻ കഴിയാതെ വന്നതിന്റെ കാരണം വ്യക്തമാക്കാമോ?

## ശമ്പള കമ്മീഷന്റെ പ്രവർത്തന പുരോഗതി

T 2176. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെയും, അദ്ധ്യാപകരുടെയും ശമ്പളം എന്ന് മുതലാണ് പരിഷ്കരിച്ച് നൽകുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകാമോ;

(ബി) ശമ്പളകമ്മീഷന്റെ പ്രവർത്തന കാലാവധി ഇനിയും ദീർഘിപ്പിച്ച് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;എങ്കിൽ വിശദാംശം നൽകാമോ ;

(സി) ശമ്പള പരിഷ്കരണം വൈകുന്നതിനാൽ ജീവനക്കാർക്ക് ഇടക്കാലാശ്വാസം നൽകുവാൻ സർക്കാർ സന്നദ്ധമാകുമോ?

## ബഡ്ജറ്റിൽ വകയിരുത്തിയ തുക

2177. **ശ്രീ.കെ.വി.അബ്ദുൾ ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ വൈദ്യുത പദ്ധതികൾക്കായി വകയിരുത്തിയ തുക എത്രയായിരുന്നു; അതിൽ എത്ര തുക ഇതുവരെ ചെലവഴിക്കുകയുണ്ടായി;

(ബി) പെൻഷനും പലവകയും എന്ന ധനാഭ്യർത്ഥനയിൽ വകയിരുത്തിയ തുക എത്ര; ഇതുവരെ ചെലവഴിച്ചത് എത്ര;

(സി) നഗരവികസനത്തിനായി വകയിരുത്തിയ തുക എത്ര; ഇതുവരെ ചെലവഴിച്ച തുക എത്ര; വ്യക്തമാക്കാമോ?

## കോൺട്രാക്ടർമാർക്ക് നല്കാനുള്ള തുക

2178. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ നടത്തിയ നിർമ്മാണ പ്രവൃത്തികളുടെ ചെലവിനത്തിൽ സർക്കാർ കോൺട്രാക്ടർമാർക്ക് ആകെ എത്ര രൂപ നൽകാനുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഏതൊക്കെ കാലയളവിലെ പ്രവൃത്തികൾക്കാണ് കുടിശ്ശികയുള്ളതെന്ന് വിശദമാക്കാമോ;

(സി) ഈ കുടിശ്ശിക എന്നത്തേക്ക് തീർത്തു നൽകുമെന്ന് വിശദമാക്കാമോ?

## എം.എൽ.എ-എസ്.ഡി. ഫണ്ട് വിശദാംശം

T 2179. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിൽ 2011 മുതൽ എം.എൽ.എ-എസ്.ഡി.ഫണ്ടിൽ നിന്നും ഭരണാനുമതി നൽകിയവ, പ്രവൃത്തി പൂർത്തീകരിച്ചവ, പ്രത്യേകാനുമതി ലഭിച്ചവ എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) 2011-12, 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ എം.എൽ.എ-എസ്.ഡി.ഫണ്ടിൽ നിന്നും ചെലവഴിച്ച തുക, ലാപ്സായ തുക ഇവയുടെ വിശദാംശം ലഭ്യമാക്കുമോ;

## പി.ഡബ്ല്യു.ഡി. കരാറുകാർക്ക് കൊടുത്തുതീർക്കാനുള്ള കുടിശ്ശിക

2180. ശ്രീ.വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകൾവഴി കോൺട്രാക്ടർമാർക്ക് കൊടുത്ത് തീർക്കാനുള്ള തുകയിൽ 2015 മാർച്ച് 31 മുൻപായി എത്ര കോടി കൊടുത്തു തീർക്കാമെന്ന് പ്രതീക്ഷിക്കുന്നു ?

## ആസ്തി വികസന ഫണ്ട്

2181. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിനുപുറമെ ആസ്തി വികസന ഫണ്ടിന്റെ വിനിയോഗം മറ്റേതെല്ലാം സ്ഥാപനങ്ങൾ മുഖാന്തിരം നടപ്പിലാക്കാൻ സാധിക്കുമെന്നുള്ള വിവരം ലഭ്യമാക്കുമോ ;

(ബി) ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് എന്നീ തദ്ദേശ സ്ഥാപനങ്ങൾ മുഖാന്തിരം ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ വിശദമാക്കുമോ ?

## ആസ്തി വികസന ഫണ്ട് വിനിയോഗം

2182. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ടിൽ നിന്നും മുൻ വർഷങ്ങളിൽ തുക അനുവദിച്ച് ഉത്തരവായിട്ടുള്ളതും എന്നാൽ കരാറുകാർ ഏറ്റെടുക്കാൻ സന്നദ്ധത കാണിക്കാത്തതുമായ പ്രവൃത്തികൾ റദ്ദ് ചെയ്ത് പുതിയ പ്രവൃത്തികൾക്കായി തുക മാറ്റി നൽകുന്നതിലുള്ള നടപടി വിശദമാക്കാമോ;

(ബി) ഇത്തരത്തിലുള്ള പ്രവൃത്തികൾ റദ്ദുചെയ്യുന്നതിനും പുതിയവ പ്രൊപ്പോസ് ചെയ്യുന്നതിനും സമയപരിധിയുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

## വിവിധ വികസന പദ്ധതികൾക്കായി ചെലവഴിക്കപ്പെട്ട തുക

2183. **ശ്രീ.കെ.വി.അബ്ദുൾ ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) താഴെപ്പറയുന്ന പദ്ധതികൾക്ക് 2014-15 സാമ്പത്തിക വർഷത്തിൽ ഇതുവരെ സംസ്ഥാന ഖജനാവിൽ നിന്നും എന്ത് തുക വീതം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; വകയിരുത്തപ്പെട്ട മൊത്തം തുക എത്രയായിരുന്നു ; 1. വിഴിഞ്ഞം തുറമുഖപദ്ധതി 2. സ്മാർട്ട് സിറ്റി പദ്ധതി 3. കൊച്ചി മെട്രോ പദ്ധതി 4. കണ്ണൂർ വിമാനത്താവളം 5. ദേശീയ ജലപാത 6. മലയോര വികസന അതോറിറ്റി

(ബി) മേല്പറഞ്ഞ വികസന പദ്ധതികൾ ഓരോന്നിനും പൂർണ്ണ തോതിൽ കമ്മീഷൻ ചെയ്യുന്നതിന് ഇനിയും ആവശ്യമായ പദ്ധതി തുക എത്ര?

## സ്വയം സംരംഭക വികസന മിഷൻ

2184. **ശ്രീ.ബെന്നി ബെഹനാൻ**

**,,** എ.പി.അബ്ദുള്ളക്കുട്ടി

**,,** കെ.ശിവദാസൻ നായർ

**,,** കെ.മുരളീധരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എഫ്.സി. യുടെ നേതൃത്വത്തിൽ സ്വയം സംരംഭക വികസന മിഷൻ രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ പ്രവർത്തനങ്ങളെന്തെല്ലാം;

(സി) പ്രസ്തുത മിഷൻ സാമ്പത്തിക സഹായം നൽകുന്നത് ഏതെല്ലാം മേഖലകളിലുള്ളവർക്കാണ് ;

(ഡി) ജനങ്ങളിൽ സംരംഭക ശീലം വളർത്തുവാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് മിഷൻ കൈകൊണ്ടിട്ടുള്ളത് ; വിശദമാക്കുമോ?

<u>ശമ്പള പരിഷ്കരണ കമ്മീഷൻ പ്രവർത്തനത്തിനായുള്ള ചെലവ്.</u>

2185. **ശ്രീ.വി.ചെന്താമരാക്ഷൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ശമ്പള പരിഷ്കരണ കമ്മീഷൻ ചെയർമാനും അംഗങ്ങളും നാളിതുവരെ ശമ്പളം, T.A., D.A., മറ്റിനങ്ങൾ എന്നിവ ഉൾപ്പെടെ ആകെ എത്ര തുകവീതം വാങ്ങിയിട്ടുണ്ട് ; ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ ;

(ബി) കമ്മീഷനിൽ ഏതെല്ലാം തസ്തികയിലുള്ള എത്ര ഉദ്യോഗസ്ഥരെ നിയമിച്ചു എന്നും ഓരോരുത്തരും ശമ്പളം, T.A., D.A., മറ്റിനങ്ങൾ എന്നിവ ഉൾപ്പെടെ എന്ത് തുക നാളിതുവരെ വാങ്ങിയിട്ടുണ്ട് ; വിശദമാക്കാമോ ;

(സി) കമ്മീഷന്റെ പ്രവർത്തനത്തിനായി ഏതെല്ലാം ഇനത്തിൽപ്പെട്ട എത്ര വാഹനങ്ങൾ നാളിതുവരെ അനുവദിച്ചിട്ടുണ്ട് ; ഓരോ വാഹനത്തിനുവേണ്ടിയും നാളിതുവരെ ചെലവായ തുക എത്ര ; വിശദമാക്കുമോ ;

(ഡി) കമ്മീഷന്റെ കാലാവധി നീട്ടിയതുമൂലം എത്രശതമാനം അധികച്ചെലവ് നേരിടുകയുണ്ടായി ; കമ്മീഷന് സർക്കാർ എത്ര ദിവസം നീട്ടിക്കൊടുത്തിട്ടുണ്ട് ?

<u>ഓവർ ഡ്രാഫ്റ്റ്</u>

2186. **ശ്രീ.വി.ചെന്താമരാക്ഷൻ :** താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം ഇതുവരെ ഓവർ ഡ്രാഫ്റ്റ് ഇനത്തിൽ ഏതെല്ലാം ദിവസങ്ങളിൽ എത്ര രൂപയെടുത്തുവെന്ന് വ്യക്തമാക്കുമോ ; മൊത്തം എത്ര ദിവസം ഓവർ ഡ്രാഫ്റ്റിലായിരുന്നെന്ന് അറിയിക്കുമോ. ;

<u>റവന്യൂ കമ്മി</u>

2187. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ കമ്മി കുറച്ചുകൊണ്ട് വരുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) 2014 15 വർഷത്തിൽ ഇതുവരെ എത്ര തുക കടമെടുത്തു; ഏതെല്ലാം എജൻസികളിൽ നിന്നാണ് വായ്പ എടുത്തത്; വിശമാക്കാമോ;

(സി) ഈ കാലയളവിലെ നികുതിയേതര വരുമാനത്തിന്റെ വിശദാംശം ലഭ്യമാക്കാമോ; നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികളെന്തെല്ലാം; വ്യക്തമാക്കാമോ; ബഡ്ജറ്റിൽ പ്രതീക്ഷിച്ച നികുതിയേതര വരുമാനം എത്ര കോടിയായിരുന്നു; ഇതുവരെ ലഭിച്ചത് എത്ര കോടി?

<u>പത്താം ശമ്പള പരിഷ്കരണം</u>

T 2188. ശ്രീ.എളമരം കരീം

,, വി.ശിവൻകുട്ടി

,, രാജു എബ്രഹാം

,, എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം ശമ്പള പരിഷ്കരണം നീണ്ടു പോകുന്നതിന്റെ കാരണം വെളിപ്പെടുത്താമോ;

(ബി) അസാധാരണമായ വിലക്കയറ്റത്തിന്റെയും ശമ്പള പരിഷ്കരണം നീണ്ടുപോകുന്നതിന്റെയും സാഹചര്യത്തിൽ ഇടക്കാലാശ്വാസം അനുവദിക്കുവാൻ തയ്യാറാകുമോ;

(സി) അഞ്ചു വർഷ തത്വത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും വേതനം പരഷ്കരിക്കേണ്ടത് ഏത് തീയതി മുതലാണ്; ശമ്പള കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ പ്രാബല്യതീയതി നിർദ്ദേശിക്കാതിരുന്നത് എന്തുകൊണ്ടാണ്;

(ഡി) ശമ്പള കമ്മീഷൻ കാലാവധി 2015 ജൂൺ വരെ ദീർഘിപ്പിച്ച നടപടി, ജീവനക്കാരെയാകെ ആശങ്കയിലാക്കിയിട്ടുള്ളതായി അറിയാമോ; കാലാവധി വെട്ടിച്ചുരുക്കി, റിപ്പോർട്ടു വാങ്ങി ഉടൻ ശമ്പള പരിഷ്കരണം നടപ്പാക്കാൻ തയ്യാറാകുമോ;

(ഇ) ശമ്പള പരിഷ്കരണത്തിന് 2015-16 ൽ വേണ്ടി വരുന്ന തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ടോ?

## നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച പ്രത്യേക നടപടികൾ

2189. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ഈ സാമ്പത്തിക വർഷത്തിൽ പ്രത്യേക നടപടികൾ സ്വീകരിച്ചിരുന്നെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) തൽഫലമായി നികുതി പിരിവിൽ പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; ജീവനക്കാരുടെ കുറവ് നികുതി പിരിവിനെ ബാധിച്ചിട്ടുണ്ടോ;

(സി) വാണിജ്യനികുതി വകുപ്പിൽ ജീവനക്കാരുടെ നിലവിലെ ഒഴിവുകളുടെ വിവരം തസ്തിക തിരിച്ച് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത ഒഴിവുകൾ രൂപപ്പെട്ടത് എന്നു മുതലാണെന്ന വിവരം കൂടിയും ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടിയും വെളിപ്പെടുത്തുമോ?

## നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനു നടപടി

2190. ശ്രീ.വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി ചോർച്ച ഒഴിവാക്കുന്നതിനു 2014-15 വർഷത്തിൽ ഇതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ;

(ബി) ഇ-ഫയലിംഗ്, ഇ-പേമെന്റ് സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഈ കാലയളവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(സി) ചെക്ക് പോസ്റ്റുകൾ ശക്തിപ്പെടുത്തുന്നതിനും അവിടെ ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും ഈ കാലയളവിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്ത് നികുതിയിലൂടെയുള്ള വരുമാന സാധ്യതയുടെ എത്ര ശതമാനം നേടിയെടുക്കാൻ സാധ്യമായിട്ടുണ്ട് ; വിശദമാക്കുമോ ?

## നികുതി വർദ്ധന

2191. ശ്രീ.കെ.കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് എന്തിനെല്ലാം നികുതി വർദ്ധിപ്പിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ ഏതെങ്കിലും നികുതികൾ പിന്നീട് ഏതെങ്കിലും സന്ദർഭങ്ങളിൽ കുറച്ചുകൊടുക്കുകയോ, ഒഴിവാക്കിക്കൊടുക്കുകയോ ചെയ്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം പ്രത്യേകം വിശദമാക്കാമോ ;

(ഡി) ഓരോ പ്രാവശ്യവും ഉണ്ടായിരുന്ന നികുതി എത്ര ശതമാനമാണെന്ന് പ്രത്യേകം വിശദമാക്കാമോ ?

## ശമ്പളം പരിഷ്കരണം

T 2192. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് കാലതാമസം നേരിടുന്ന സാഹചര്യത്തിൽ ജീവനക്കാർ സമരത്തിലാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) 2015 മാർച്ച് 9 മുതൽ ജീവനക്കാരുടെ സംഘടനാ നേതാക്കൾ സെക്രട്ടേറിയറ്റിനു മുന്നിൽ അനിശ്ചിതകാല ഉപവാസം നടത്തുവാൻ നിശ്ചയിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ ചർച്ചയിലൂടെ പ്രശ്ന പരിഹാരം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ വിശദാംശം നൽകുമോ ?

## ബജറ്റ് പ്രഖ്യാപനത്തിലെ പദ്ധതികൾ

2193. ശ്രീ.എളമരം കരീം
ഡോ.കെ.ടി.ജലീൽ
ശ്രീ.വി.ചെന്താമരാക്ഷൻ
,, എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിലും പരിപാടികളിലും എത്ര ശതമാനം പ്രാവർത്തികമാക്കാൻ സാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ബജറ്റ് പ്രഖ്യാപനത്തിലെ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിൽ ഇത്രയും കുറഞ്ഞ തോത് ഇതിനു മുമ്പുണ്ടായിട്ടില്ലെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ;

(സി) ബജറ്റ് പ്രഖ്യാപനത്തിലെ പദ്ധതികൾക്കും പരിപാടികൾക്കും വകയിരുത്തിയ തുകയിൽ ചുരുങ്ങിയ ശതമാനം മാത്രം ചെലവഴിക്കപ്പെട്ടിട്ടും സംസ്ഥാനം ഇത്രയും ഉയർന്ന തോതിലുള്ള സാമ്പത്തിക പ്രതിസന്ധിയിലായതെങ്ങനെയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രഖ്യാപിത പദ്ധതികളിലേറെയും സർക്കാർ ഉത്തരവുകൾ മാത്രമായതിന് കാരണം വെളിപ്പെടുത്താമോ?

<u>ശമ്പളം പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ</u>

2194. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളം പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കാമോ;

<u>കാരുണ്യ ഹോം പദ്ധതി</u>

2195. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രോഗികൾക്കും അവരുടെ ബന്ധുക്കൾക്കും കുറഞ്ഞ ചെലവിൽ താമസ സൗകര്യം ലഭ്യമാക്കുന്നതിനായി കാരുണ്യ ഹോം പദ്ധതി നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ആശുപത്രികളോടനുബന്ധിച്ച് സ്ഥലമോ കെട്ടിടമോ ലഭ്യമാക്കുവാനും താമസ സൗകര്യം ഏർപ്പെടുത്തുവാനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

<u>കേന്ദ്ര ബജറ്റ്</u>

2196. പ്രൊഫ.സി.രവീന്ദ്രനാഥ്

,, പി.ടി.എ. റഹീം

,, പുരുഷൻ കടലുണ്ടി

,, ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രബജറ്റ് സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയിൽ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്ന് അവലോകനം നടത്തിയിട്ടുണ്ടോ;എങ്കിൽ വിശദമാക്കാമോ;

(ബി) സേവന നികുതിയിൽ വരുത്തിയ രണ്ടു ശതമാനം വർദ്ധന സംസ്ഥാനത്തിന് പ്രതികൂലമായി ബാധിക്കുമോ;

(സി) കേന്ദ്രബജറ്റ് പാസാകുന്നതോടു കൂടി കേന്ദ്ര പദ്ധതി വിഹിതത്തിൽ വൻ കുറവുണ്ടാകുമോ ;വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തിനുള്ള നികുതി വിഹിതത്തിൽ, ഏതെല്ലാം ഇനങ്ങളിൽ എത്ര

ശതമാനം വർദ്ധന പ്രതീക്ഷിക്കുന്നു; മുൻവർഷം ലഭിച്ചതിന്റെ എത്ര ശതമാനം വർദ്ധനയാണിത്;വ്യക്തമാക്കാമോ ?

<u>അനധികൃത ചിട്ടി കമ്പനികൾ</u>

T 2197. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ അനുമതി കൂടാതെ സ്വകാര്യ വ്യക്തികളും കമ്പനികളും ചിട്ടികൾ നടത്തുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ചിട്ടി സ്ഥാപനങ്ങൾ നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) അനധികൃതമായി നടത്തിയിരുന്ന എത്ര ചിട്ടി കമ്പനികൾ സംസ്ഥാനത്തുണ്ടായിരുന്നെന്നും ഇത്തരം സ്ഥാപനങ്ങൾ വീണ്ടും തുടങ്ങുന്നത് നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും വിശദമാക്കുമോ?

<u>സംസ്ഥാന ഗവൺമെന്റിന്റെ ആസ്തി-ബാധ്യത .</u>

2198. ശ്രീ.സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം സംസ്ഥാന ഗവൺമെന്റ് കൊടുത്തു തീർക്കേണ്ട മൊത്തം ബാധ്യതകളെ സംബന്ധിച്ച് വിശദമാക്കാമോ;

(ബി) പി.ഡബ്ല്യു.ഡി. കോൺട്രാക്ടർമാർ, ജലവിഭവ വകുപ്പിലെ കോൺട്രാക്ടർമാർ, സാമൂഹ്യസുരക്ഷാ പെൻഷനുകൾ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ, ലാൻഡ് അക്വിസിഷൻ തുടങ്ങി എന്തെല്ലാം ഇനങ്ങളിൽ എന്തു തുക വീതം ഇപ്പോൾ കൊടുത്തു തീർക്കാനായി ബാക്കി നില്പുണ്ട്; ഇവയ്ക്കെല്ലാമായി ഇപ്പോൾ ട്രഷറിയിൽ എത്ര തുക മിച്ചമുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാരിന്റെ ബാധ്യതകൾ 2015 മാർച്ച് 31 ന് മുൻപായി കൊടുത്ത് തീർക്കാമെന്ന് കരുതുന്നുണ്ടോ; 2015 മാർച്ച് പിന്നിടുമ്പോൾ കടബാധ്യതകൾ മൊത്തം എത്ര കോടിയായി ഉയരും; ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ ചരിത്രത്തിലുടനീളമുള്ള കടബാധ്യത മൊത്തം എത്രയായിരുന്നു?

<u>തലശ്ശേരി എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും നിർദ്ദേശിച്ച പ്രവൃത്തികൾ</u>

2199. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2012, 2012-2013, 2013-2014, സാമ്പത്തിക വർഷങ്ങളിലെ തലശ്ശേരി എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും നിർദ്ദേശിച്ച ഏതെല്ലാം പ്രവൃത്തികൾക്ക് ധനകാര്യവകുപ്പ് അംഗീകാരം നൽകിയെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം പ്രവൃത്തികൾക്ക് ധനവകുപ്പ് അംഗീകാരം നൽകിയില്ലെന്നും ആയതിന്റെ കാരണവും വിശദമാക്കാമോ?

## നബാർഡ് വായ്പാ പദ്ധതി

2200. ശ്രീ.സി.പി.മുഹമ്മദ്

,, കെ.ശിവദാസൻ നായർ

,, പാലോട് രവി

,, ടി.എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-2015 സാമ്പത്തിക വർഷം നബാർഡ് വായ്പാ പദ്ധതി അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ എന്തു തുകയാണ് വായ്പയായി നല്കുന്നത്;വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾ എത്ര ശതമാനം കൂടുതലാണ് അനുദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) ഏതെല്ലാം മേഖലകളിൽ വിനിയോഗിക്കുവാനാണ് വായ്പ അനുവദിച്ചതെന്ന വ്യക്തമാക്കാമോ?

## ബഡ്ജറ്റ് നിർദ്ദേശങ്ങൾ

2201. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ അവതരിപ്പിച്ച ബഡ്ജറ്റ് പ്രസംഗങ്ങളിലെ എല്ലാ നിർദ്ദേശങ്ങളും പൂർണ്ണമായും നടപ്പിൽ വരുത്തിയിട്ടുണ്ടോ;

(ബി) ഏതെല്ലാം വകുപ്പുകളിലെ ഏതെല്ലാം ബഡ്ജറ്റ് നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ അവശേഷിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട

ഏതെല്ലാം പദ്ധതികൾക്കു എത്ര വീതം തുകകളാണ് ചെലവഴിക്കപ്പെടാതിരുന്നതെന്ന് വകുപ്പടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ;

(ഡി) ബഡ്ജറ്റുകളിലെ മുൻഗണനാ പരിപാടികൾക്ക് വകയിരുത്തിയ തുകകളിൽ ഈ വർഷം ഇതുവരെ ചെലവ് വന്നിട്ടില്ലാത്തവ ഏതൊക്കെയായിരുന്നു; വിശദമാക്കാമോ?

ഓൺലൈൻ വ്യാപാരം

2202. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വർദ്ധിച്ചുവരുന്ന ഓൺലൈൻ വ്യാപാരത്തെ കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ;

(ബി) ഓൺലൈൻ വ്യാപാരത്തിലൂടെ എന്തുമാത്രം നികുതിയാണ് സർക്കാരിന് ലഭിച്ചിട്ടുള്ളത്;

ബാലുശ്ശേരി താലൂക്ക് ആശുപത്രിക്ക് തസ്തികകൾ

2203. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ ബാലുശ്ശേരി താലൂക്ക് ആശുപത്രി പ്രഖ്യാപിക്കപ്പെട്ടെങ്കിലും ആവശ്യത്തിന് തസ്തികകൾ അനുവദിക്കാത്തതു കാരണം ആശുപത്രി പ്രവർത്തിക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ആശുപത്രിക്കാവശ്യമുള്ള തസ്തികകൾ അനുവദിക്കുന്നതിന് വേണ്ടി ആരോഗ്യ വകുപ്പ് ശുപാർശകൾ സമർപ്പിച്ചിട്ടുണ്ടോ;

(സി) ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ ഏതെല്ലാം തസ്തികകളിൽ എത്ര വീതം ജീവനക്കാരെ അനുവദിച്ചിട്ടുണ്ട്;

(ഡി) താലൂക്ക് ആശുപത്രിയായി പ്രവർത്തിക്കുന്നതിന് ഏതെല്ലാം തസ്തികകളിൽ എത്ര വീതം ജീവനക്കാരെ അനുവദിക്കാനാണ് ആവശ്യപ്പെട്ടിട്ടുള്ളത്;

(ഇ) പുതിയ തസ്തികകൾ അനുവദിക്കുന്നതിന് പ്രതിമാസം എത്ര തുക അധിക ബാധ്യത ഉണ്ടാകുമെന്ന് അറിയിക്കാമോ?

സാമ്പത്തിക പ്രതിസന്ധി

2204. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസർവ്വ് ബാങ്കിൽ നിന്നും 2014-15 സാമ്പത്തിക വർഷം എത്ര തുക ഓവർ ഡ്രാഫ്റ്റ് ഇനത്തിൽ നാളിതുവരെ എടുക്കുകയുണ്ടായി;

(ബി) 2014-15 സാമ്പത്തിക വർഷം നാളിതുവരെ ഓരോ വകുപ്പുകളിൽ നിന്നും പിരിഞ്ഞു കിട്ടാനുള്ള തുക എത്ര; വകുപ്പുകൾ തിരിച്ച് വ്യക്തമാക്കുമോ;

(സി) കോടിക്കണക്കിന് തുക സർക്കാർ വകുപ്പുകൾ തന്നെ കുടിശ്ശികയിനത്തിൽ നൽകാതിരിക്കുന്നത് പരിഹരിക്കുവാനും സമയബന്ധിതമായി ആയതു പിരിച്ചെടുക്കുവാനും ധനകാര്യവകുപ്പ് എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## ബഡ്ജറ്റിലെ പദ്ധതികൾ

2205. ശ്രീ.സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിലെ എത്ര പദ്ധതികൾ പൂർണ്ണമായും നടപ്പാക്കി; ഭാഗികമായി എത്ര പദ്ധതികൾ നടപ്പിലാക്കി; വിശദാംശങ്ങൾ നൽകാമോ;

(ബി) നടപ്പിലാക്കിയ ഓരോ പദ്ധതിയുടെയും പ്രവർത്തനപുരോഗതി വ്യക്തമാക്കാമോ?

## സാമ്പത്തിക പ്രതിസന്ധി-സർക്കാർ പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾക്കായി കടമെടുക്കൽ

2206. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നടപ്പുവർഷം (2014 -15) സർക്കാർ പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾക്കായി കടമെടുക്കൽ പരിധി എത്രയാക്കിയിട്ടുണ്ടെന്നും ഇതിൽ എത്ര തുകയുടെ കടമെടുപ്പ് 2015 ഫെബ്രുവരി 28 വരെ നടത്തി എന്നും വ്യക്തമാക്കുമോ;

(ബി) കടമെടുക്കൽ കുറയ്ക്കുന്നതിന് 2014- 15 സാമ്പത്തിക വർഷം നികുതി നിർണ്ണയത്തിലെ അപാകതകൾ എന്തൊക്കെ വകുപ്പിന്റെ ഇന്റേണൽ ഓഡിറ്റ് വിഭാഗവും, അക്കൗണ്ടന്റ് ജനറലും ചൂണ്ടിക്കാട്ടിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇതിൽ ഏതെല്ലാം കാര്യങ്ങൾ നടപ്പിലാക്കി എന്നും ഇതു വഴിയുണ്ടായ നേട്ടം എന്താണ് എന്നും വ്യക്തമാക്കുമോ;

(ഡി) ഏതെല്ലാം ക്ഷേമനിധി ബോർഡുകളിൽ നിന്നും2015 ഫെബ്രുവരി 28 വരെ എത്ര തുക വീതം കടമെടുത്തുവെന്ന് വ്യക്തമാക്കുമോ;

(ഇ) ഇത്തരത്തിൽ ക്ഷേമനിധി ബോർഡുകളിൽ നിന്നും കടമെടുക്കുന്നതുമൂലം പ്രസ്തുത ബോർഡുകൾക്ക് വൻ സാമ്പത്തിക നഷ്ടം സംഭവിക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(എഫ്) ധനസ്ഥിതിയെ കുറിച്ച് സർക്കാർ ധവളപത്രം ഇറക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

വകുപ്പുകൾ ചെലവഴിച്ച തുക

2207. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുകയുടെ എത്രശതമാനം നാളിതു വരെ ഓരോ വകുപ്പും ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) അൻപത് ശതമാനത്തിൽ താഴെ പദ്ധതി വിഹിതം ചെലവഴിച്ച വകുപ്പുകൾ ഏതെല്ലാം ; വിശദമാക്കുമോ ?

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കാൻ തീരുമാനിച്ച പദ്ധതികൾ

2208. **ശ്രീ.എസ്.രാജേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ 2014 - 15 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കാൻ തീരുമാനിച്ച പദ്ധതികളിൽ ഇനിയും നടപ്പിലാക്കിയിട്ടില്ലാത്തവ ഏതൊക്കെയാണ്;

(ബി) നടപ്പിലാക്കാൻ തീരുമാനിച്ചിട്ടും ഇനിയും നടപ്പിലാക്കിയിട്ടില്ലാത്ത പദ്ധതികളുടെ ആകെ തുക എത്ര?

ഡെപ്പോസിറ്റ് വർക്കുകൾക്ക് എൽ.സി

2209. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്യൂരിറ്റി തുക ട്രഷറികളിൽ ഡെപ്പോസിറ്റ് ചെയ്തിട്ടും വർക്കുകൾക്ക് ലെറ്റർ ഓഫ് ക്രഡിറ്റ് നൽകുവാൻ മാസങ്ങളുടെ കാലതാമസം വരുന്നുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

## പൊതുമരാമത്ത്, ജലവിഭവ വകുപ്പുകളിലെ കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക

2210. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത്, ജലവിഭവ വകുപ്പുകളിലെ കരാറുകാർക്ക് എത്ര രൂപയാണ് കുടിശ്ശികയായി നൽകാനുള്ളതെന്നും എന്നുമുതലുള്ള കുടിശ്ശികയാണ് നൽകാനുള്ളതെന്നും അറിയിക്കുമോ; എങ്കിൽ വിശദമാക്കാമോ ?

## സർവ്വീസിൽ നിന്നും വിരമിക്കുന്ന ജീവനക്കാർ

2211. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 മാർച്ച് 31ന് സർക്കാർ സർവ്വീസിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെയും അധ്യാപകരുടെയും എണ്ണം വെളിപ്പെടുത്തുമോ;

(ബി) അവർക്ക് കൊടുത്തു തീർക്കേണ്ട ഗ്രാറ്റുവിറ്റി മറ്റാനുകൂല്യങ്ങൾ എന്നിവ എത്ര എന്നും വ്യക്തമാക്കാമോ?

## പൂർണ്ണമായും വിനിയോഗിക്കാൻ സാധിക്കാതിരുന്ന കേന്ദ്രസർക്കാർ ഫണ്ടുകൾ

2212. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനദണ്ഡങ്ങൾ പാലിക്കാത്തതുമൂലവും തുക കൃത്യസമയത്ത് ചെലവഴിക്കാത്തതുമൂലവും കേന്ദ്ര സർക്കാരിൽ നിന്നുള്ള എന്തെല്ലാം ഫണ്ടുകളാണ് 2011-12 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന് നഷ്ടമായിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) 2011-12, 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ കേന്ദ്ര സർക്കാരിന്റെ ഏതെല്ലാം പദ്ധതികൾ പ്രകാരമുള്ള ഫണ്ടുകളാണ് പൂർണ്ണമായും വിനിയോഗിക്കാൻ സാധിക്കാതിരുന്നതെന്ന് വിശദമാക്കുമോ ; അനുവദനീയമായ ഫണ്ടിന്റെ എത്ര ശതമാനം വീതം യഥാർത്ഥത്തിൽ ചെലവഴിക്കാൻ സാധിച്ചു ?

## സർക്കാരിന്റെ നിത്യ നിദാന ചെലവുകൾക്ക് കടമെടുത്ത തുക

2213. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ സാമ്പത്തിക വർഷവും കടം എടുത്ത തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) 2014 ഏപ്രിൽ ഒന്നു മുതൽ നാളിതുവരെ എടുത്ത കടം ഏതൊക്കെ സ്രോതസ്സുകളിൽ നിന്നാണെന്ന് വിശദമാക്കാമോ;

(സി) കടമെടുത്ത തുക നിത്യ നിദാന ചെലവുകൾക്ക് ഉപയോഗിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

## കരാറുകാർക്ക് ലഭിക്കാനുള്ള കുടിശ്ശിക

2214. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടെണ്ടർ ചെയ്ത പല പ്രവൃത്തികളും ഏറ്റെടുക്കുവാൻ കരാറുകാർ തയ്യാറാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കരാറുകാർക്ക് ലഭിക്കാനുള്ള ഭീമമായ കുടിശ്ശികയാണോ ഇതിന് കാരണമെന്ന് വ്യക്തമാക്കാമോ ;

(സി) കുടിശ്ശിക എന്നത്തേക്ക് കൊടുത്ത് തീർക്കുമെന്ന് വിശദമാക്കാമോ?

## തദ്ദേശസ്വയംഭരണ വകുപ്പിന് അനുവദിച്ച തുക

2215. പ്രൊഫ.സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിന് കഴിഞ്ഞ 4 വർഷമായി അനുവദിച്ച തുക വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഓരോ വർഷവുമുള്ള വളർച്ചാനിരക്ക് എത്രയെന്ന് വിശദമാക്കാമോ?

## ഹുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണം

2216. ശ്രീ.കെ.രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും അനുവദിക്കുന്ന ശമ്പള പരിഷ്കരണം ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാർക്കും അനുവദിക്കാറുണ്ടോ ;

(ബി) 1986 മുതൽ നിയമിതരായ ഫുഡ്ക്രാഫ്റ്റിലെ പാർട്ട്ടൈം ഇൻസ്ട്രക്ടർമാർക്ക് ഫുൾടൈം ആയതിനുശേഷവും കഴിഞ്ഞ ശമ്പള പരിഷ്ക്കരണം വരെയുള്ള എല്ലാ ശമ്പള പരിഷ്ക്കരണവും നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) 21.8.2013-ൽ ഫുഡ്ക്രാഫ്റ്റിൽ അനുവദിച്ച ശമ്പള പരിഷ്ക്കരണം ഈ വിഭാഗക്കാർക്ക് നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) ഈ വിഭാഗക്കാർക്കു കൂടി ശമ്പള പരിഷ്ക്കരണത്തിന്റെ ആനുകൂല്യം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

## സംസ്ഥാനത്തിന്റെ പൊതുകടം

2217. പ്രൊഫ.സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 4 വർഷമായി സംസ്ഥാന പൊതു കടത്തിന്റെ വളർച്ചാനിരക്ക് എത്ര എന്ന് വിശദമാക്കാമോ?

## വായനശാലകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി

2218. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രന്ഥശാലാ സംഘത്തിന്റെ അംഗീകാരമുള്ള വായനശാലകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഭരണാനുമതി ലഭ്യമാക്കാൻ നിലവിൽ വ്യവസ്ഥയുണ്ടോ;

(ബി) ഇല്ലെങ്കിൽ ആയത് ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

## നികുതിയിനത്തിൽ പിരിച്ചെടുത്ത തുക

2219. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006 മുതൽ 2011 വരെ നികുതിയിനത്തിൽ പിരിച്ചെടുത്ത തുകയുടെ കണക്ക് വർഷം തിരിച്ച് ലഭ്യമാക്കുമോ ?

## ധനകാര്യവകുപ്പിന്റെ പ്രത്യേക അനുമതിയിലൂടെ നടപ്പാക്കിയ പദ്ധതികൾ

2220. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ-എസ്.ഡി എഫ് ഉപയോഗിച്ച് 2014-15 വർഷത്തിൽ ധനകാര്യവകുപ്പിന്റെ പ്രത്യേക അനുമതിയിലൂടെ സംസ്ഥാനത്ത് വിവിധ ജില്ലകളിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ; ഈ പദ്ധതികൾ ജില്ല തിരിച്ച് വിശദമാക്കുമോ?

## മൂർക്കാട്ടിൽപടി പമ്പ് ഹൗസ് റോഡിന്റെ നിർമ്മാണം

2221. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ PMGSY പദ്ധതി പ്രകാരം നടപ്പിലാക്കുന്ന മൂർക്കാട്ടിൽപടി പമ്പ് ഹൗസ് റോഡിന്റെ നിർമ്മാണ അനിശ്ചിതാവസ്ഥയെ തുടർന്ന് ധനകാര്യ വകുപ്പിൽ നിലനിൽക്കുന്ന 90153/Fin/Dev/14 ഫയൽ തീരുമാനം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) ഈ വർക്ക് ടെർമിനേറ്റ് ചെയ്ത് കിട്ടുന്നതിന് ധനകാര്യ വകുപ്പ് നടപടി സ്വീകരിക്കുമോ ;

(സി) ഈ വർക്ക് സംബന്ധിച്ച് സി.റ്റി.ഇ. പരിശോധനയ്ക്ക് ഉണ്ടായ കാലതാമസം വ്യക്തമാക്കാമോ; സി.റ്റി.ഇ. എത്ര ദിവസം ഈ ഫയൽ കൈവശം വച്ചിരുന്നു ; സി.റ്റി.ഇ. റിപ്പോർട്ട് കിട്ടിയിട്ടുണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ ?

## 2012-15 കാലയളവിൽ തകർന്ന ചിട്ടി കമ്പനികൾ

2222. ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13, 2013-14, 2014-15 സാമ്പത്തിക വർഷത്തിൽ ഇതുവരെയും കേരളത്തിൽ എത്ര ചിട്ടി കമ്പനികളാണ് തകർന്നതെന്ന് അറിയിക്കുമോ;

(ബി) ഇവയിൽ നിക്ഷേപം നടത്തിയ ജനങ്ങൾക്ക് എത്ര രൂപയാണ് നഷ്ടപ്പെട്ടതെന്ന് വ്യക്തമാക്കാമോ;

(സി) ചിട്ടി കമ്പനികൾ തകർന്നത് മൂലം ജനങ്ങൾക്ക് നഷ്ടപെട്ട പണം തിരികെ ലഭിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## 2013-14, 2014-15 വർഷങ്ങളിൽ എം.എൽ.എ. മാരുടെ ആസ്തി വികസന സ്കീം

2223. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14, 2014-15 വർഷങ്ങളിൽ എം.എൽ.എ. മാരുടെ ആസ്തി വികസന സ്കീം ) പ്രകാരം എം.എൽ.എ. മാർ നിർദ്ദേശിച്ച പ്രവൃത്തികൾക്ക് (കെട്ടിടങ്ങൾ) ധനകാര്യ വകുപ്പ് ഭരണപരമായ ആവശ്യകത ആരാഞ്ഞ് Financial Concurrence നൽകാതിരുന്നിട്ടുണ്ടോ; ; എങ്കിൽ ഏതെല്ലാം എം.എൽ.എ. മാർ നിർദ്ദേശിച്ച പ്രവൃത്തികൾക്കാണ് Concurrence നൽകാതിരുന്നത്;

(ബി) ഏതെങ്കിലും എം.എൽ.എ. മാർ നിർദ്ദേശിച്ച പ്രവൃത്തികൾക്ക് (കെട്ടിടങ്ങൾ) ഭരണപരമായ ആവശ്യകത ആരായാതെ Financial Concurrence നൽകിയിട്ടുണ്ടോ;എങ്കിൽ ഏതെല്ലാം എം.എൽ.എ. മാർ നിർദ്ദേശിച്ച പ്രവൃത്തികൾക്കാണ് concurrence നൽകിയതെന്ന് വ്യക്തമാക്കുമോ;

(സി) ആസ്തി വികസന സ്കീം സംബന്ധിച്ച സർക്കാർ ഉത്തരവുകളിൽ പ്രവൃത്തികളുടെ ഭരണപരമായ ആവശ്യകത സംബന്ധിച്ച വിശദീകരണം എസ്റ്റിമേറ്റുകളോടൊപ്പം സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ഇപ്രകാരം ക്വറി ഇട്ട് പ്രവർത്തികൾക്ക് Financial Concurrence നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) Financial Concurrence നൽകാതെ എസ്റ്റിമേറ്റുകൾ മടക്കുന്ന ധനകാര്യ വകുപ്പ് ആ കാര്യം പ്രവൃത്തികൾ നിർദ്ദേശിച്ച എം.എൽ.എ. മാരെ അറിയിക്കാറുണ്ടോ; എങ്കിൽ ഏതെല്ലാം എം.എൽ.എ. മാരെ അറിയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## 2014-15 സാമ്പത്തിക വർഷത്തെ നികുതി വരുമാനം

2224. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 വർഷം നികുതി പിരിവിലെ വളർച്ച എത്ര ശതമാനമായിരുന്നു ; ഇത് തൊട്ടു മുൻവർഷത്തെ അപേക്ഷിച്ച് കൂടുതലാണോ; കുറവാണോ; എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) 2015 മാർച്ച് മാസത്തിലെ ഭാരിച്ച ചെലവ് നേരിടുന്നതിനായി എന്തെല്ലാം വിഭവ സമാഹരണത്തിനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ;

(സി) 2013-14 വർഷം പൊതുവിപണിയിൽ നിന്ന് എത്ര തുക കടം എടുത്തു; 2014-15 വർഷം കടമെടുക്കാവുന്ന തുകയുടെ പരിധി എത്രയാണ്; അതിൽ നാളിതുവരെ എത്ര തുക കടമെടുത്തു;

(ഡി) ഈ സാമ്പത്തിക വർഷം 28-2-2015 വരെ വിവിധ ഇനങ്ങളിലെ ചെലവ് എത്ര; ഹെഡ് അടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ?

## 2015-16 ലെ പദ്ധതി അടങ്കൽ

2225. **ശ്രീ.എം.എ.ബേബി**
**ഡോ.ടി.എം.തോമസ് ഐസക്**
**ശ്രീ.കെ.രാധാകൃഷ്ണൻ**
**,, പി.ശ്രീരാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രവിഹിതം ലഭ്യമാകുന്നതിനനുസരിച്ചാണോ 2015-16 ലെ പദ്ധതി അടങ്കൽ നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) 2015-16 വർഷത്തേയ്ക്കുള്ള സംസ്ഥാന പദ്ധതി അടങ്കൽ എത്രയായിട്ടാണ് നിശ്ചയിച്ചിട്ടുള്ളത്; ഇപ്രകാരം നിശ്ചയിച്ചതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാന പദ്ധതി അടങ്കലിൽ കേന്ദ്രത്തിൽ നിന്നുള്ള കേന്ദ്ര വിഹിതം എത്രയാണ് പ്രതീക്ഷിച്ചത്; ഇത് കേന്ദ്രം അംഗീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ തുക ഏത് രീതിയിൽ കണ്ടെത്താമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഇ) 2014-15 വർഷത്തെ പദ്ധതി അടങ്കൽ എത്രയായിട്ടായിരുന്നു നിശ്ചയിച്ചിരുന്നത്; ഇത് ഉദ്ദേശിച്ച രീതിയിൽ പൂർത്തീകരിക്കുന്നതിന് വിഭവ സമാഹരണത്തിന് സാദ്ധ്യമായിട്ടുണ്ടോ?

## സർക്കുലർ നം.52/2014/ധന, 31.05.2014 പ്രകാരമുള്ള ആനുകൂല്യം

2226. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31.05.2014 ലെ 52/2014/ധന. നം.സർക്കുലർ പ്രകാരമുള്ള ആനുകൂല്യം സർക്കാർ ജീവനക്കാർക്ക് ലഭ്യമാക്കുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങൾ തയ്യാറാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം ലഭ്യമാക്കാൻ ധനകാര്യ സ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കാമോ?

## സംയോജിത ചെക്ക് പോസ്റ്റ്

2227. ശ്രീ.റോഷി അഗസ്റ്റിൻ
ഡോ.എൻ. ജയരാജ്
ശ്രീ.പി.സി. ജോർജ്
,, എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംയോജിത ചെക്ക് പോസ്റ്റ് ആരംഭിയ്ക്കുന്നത് സംബന്ധിച്ച തീരുമാനം വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് പഠനം നടത്തുന്നതിന് നിയോഗിച്ച കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(സി) സംയോജിത ചെക്ക് പോസ്റ്റുകൾ ആരംഭിയ്ക്കുന്നതുവഴി സർക്കാരിനുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

## തോംസൺ ഗ്രൂപ്പിനും ശ്രീധരീയം ഗ്രൂപ്പിനുമുള്ള നികുതിയിളവ്

2228. ശ്രീ.കെ.കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രോയിലർകോഴി ഡീലർമാരായ തോംസൺ ഗ്രൂപ്പിനും ശ്രീധരീയം ഗ്രൂപ്പിനും 2010ന് ശേഷം നികുതിയിളവ് നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ എപ്പോഴൊക്കെയാണ് നികുതിയിളവ് നൽകിയിട്ടുള്ളതെന്നും നികുതി ഇളവ് നൽകിയിട്ടുള്ളതിന്റെ ഉത്തരവുകളുടെ കോപ്പിയും ലഭ്യമാക്കാമോ ?

## വ്യാപാരി ക്ഷേമപെൻഷൻ

2229. ശ്രീ.സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാപാരികൾക്കുള്ള ക്ഷേമപെൻഷൻ ഏത് മാസം വരെ വിതരണം ചെയ്തിട്ടുണ്ട് എന്ന് വിശദമാക്കാമോ ;

(ബി) കുടിശ്ശികയുള്ള തുക എന്നേയ്ക്ക് വിതരണം ചെയ്യാൻ കഴിയും എന്ന് വിശദമാക്കാമോ ?

## സെയിൽസ് ടാക്സ് ചെക്ക് പോസ്റ്റുകൾ

2230. **ശ്രീ.എസ്.രാജേന്ദ്രൻ :** താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനതിർത്തികളിൽ ഇപ്പോൾ എത്ര സെയിൽസ് ടാക്സ് ചെക്ക് പോസ്റ്റുകൾ പ്രവർത്തിക്കുന്നുണ്ട്;

## ട്രഷറികളുടെ നവീകരണം

2231. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രഷറികളുടെ നവീകരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) ട്രഷറികളിൽ പൊതുജനങ്ങളിൽ നിന്നുള്ള നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും അതു വഴി സംസ്ഥാനത്തെ ധനസ്ഥിതിക്ക് ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ?

## ട്രഷറിയിൽ അടച്ച അധിക തുക പിൻവലിക്കുന്ന നടപടി.

2232. **ശ്രീ.എം.വി.ശ്രേയാംസ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറിയിൽ അടച്ച അധിക തുക പിൻവലിക്കുന്നതു സംബന്ധിച്ച് മുപ്പൈനാട് ഗ്രാമപഞ്ചായത്ത് സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷ എന്നാണ് ബഹു. ധനകാര്യവകുപ്പ മന്ത്രിയുടെ ഓഫീസിൽ നിന്ന് സെക്ഷനിലേക്ക് അയച്ചത്; വിശദമാക്കുമോ;

(സി) അപേക്ഷ സെക്ഷനിൽ ലഭിച്ചത് എന്നാണെന്നും ആയത് ഫയലാക്കിയത് എന്നാണെന്നും ഫയൽ ഉത്തരവിനായി സമർപ്പിച്ചത് എന്നാണെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഫയലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; ഫയലിൽ നടപടിയെടുക്കുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ?

<u>ജീവനക്കാരുടെ ശമ്പളവും പെൻഷനാനുകൂല്യങ്ങളും ട്രഷറികൾ മുഖേനയാക്കാൻ നടപടി</u>

2233. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറികളിലെ പൊതുജന നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ;

(ബി) എല്ലാ സർക്കാർ ജീവനക്കാരുടെയും ശമ്പളവും പെൻഷനും ട്രഷറികൾ മുഖേന നടത്തുന്നത് ഗുണകരമായിരുന്നുവോ എന്ന് വ്യക്തമാക്കുമോ;

(സി) ഏതെങ്കിലും വിഭാഗം സർക്കാർ ജീവനക്കാരുടെ ശമ്പളവും പെൻഷനും ബാങ്കുകൾ മുഖേനയാക്കിയത് ഏത് സാഹചര്യത്തിലാണെന്ന് അറിയിക്കുമോ;

(ഡി) ഈ തീരുമാനം സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതിയെ ഏതെങ്കിലും തരത്തിൽ ദോഷകരമായി ബാധിച്ചിട്ടുണ്ടോ എന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ ഈ തീരുമാനം പുന:പരിശോധിക്കുന്നതിനും എല്ലാ സർക്കാർ ജീവനക്കാരുടെയും ശമ്പളവും പെൻഷനാനുകൂല്യങ്ങളും ട്രഷറികൾ മുഖേനയാക്കുന്ന കാര്യവും പരിഗണിക്കുമോ?

<u>ലോട്ടറി സമ്മാനത്തുക</u>

2234. **ശ്രീ.എസ്.രാജേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറിയുടെ വിജയികളിൽ എത്ര പേർക്ക് സമ്മാനത്തുക നൽകുവാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സമ്മാനത്തുക നൽകാത്തത് സംബന്ധിച്ച് എത്ര കേസുകൾ ഏതൊക്കെ കോടതികളിൽ ലോട്ടറി വകുപ്പിനെതിരെ നിലനിൽക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) സമ്മാന ഇനത്തിൽ നൽകാൻ ബാധ്യതപ്പെട്ട തുക മൊത്തം എത്ര; അത് ഏതൊക്കെ ഹെഡ്ഡുകളിലായി ഏതെല്ലാം ബാങ്കുകളിലാണ് നിക്ഷേപിച്ചിരിക്കുന്നത്?

<u>ലോട്ടറി ടിക്കറ്റുകൾ</u>

2235. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലോട്ടറി വകുപ്പ് വഴി ഇപ്പോൾ അച്ചടിച്ച് വിതരണം ചെയ്തുവരുന്ന ലോട്ടറി ടിക്കറ്റുകൾ ഏതൊക്കെയെന്നും ഇപ്പോൾ പ്രസ്തുത ടിക്കറ്റുകളുടെ നറുക്കെടുപ്പ് ദിവസവും ടിക്കറ്റിന്റെ മുഖവിലയും വെളിപ്പെടുത്തുമോ;

(ബി) ഇപ്പോൾ ടിക്കറ്റുകൾക്ക് ഈടാക്കുന്ന വില എന്നു മുതൽ നിലവിൽ വന്നതാണെന്നും ഓരോ വിഭാഗവും നേടിത്തരുന്ന ലാഭം എത്രയെന്നും 2013-14 വർഷം എത്ര ടിക്കറ്റുകളിൽ നിന്ന് എത്ര കോടി രൂപയാണ് ലാഭം ഉണ്ടാക്കിയതെന്നും വെളിപ്പെടുത്തുമോ;

(സി) സംസ്ഥാന ലോട്ടറി വകുപ്പ് വഴി വിതരണം ചെയ്യുന്ന ടിക്കറ്റുകൾക്ക് വില വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും എങ്കിൽ എത്ര രൂപ വീതം വില വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഇത് എപ്പോൾ മുതൽ നടപ്പിൽ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

## അന്യ സംസ്ഥാന ലോട്ടറികൾ

2236. ശ്രീ.പി.സി വിഷ്ണുനാഥ്

,, പി.എ.മാധവൻ

,, ഡൊമിനിക് പ്രസന്റേഷൻ

,, ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സിക്കിം ലോട്ടറി ഉൾപ്പെടെയുള്ള അന്യ സംസ്ഥാന ലോട്ടറികൾ അനിയന്ത്രിതമായി പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ;

(ബി) പ്രസ്തുത ലോട്ടറികൾ തട്ടിപ്പ് നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) ഇവയെ നിയന്ത്രിക്കുവാൻ നിലവിലുള്ള നിയമങ്ങൾ പര്യാപ്തമാണോ എന്ന് വിശദീകരിക്കാമോ?

## കാരുണ്യ ബനവലന്റ് ഫണ്ട്

2237. ശ്രീ.കെ.കെ.ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബനവലന്റ് ഫണ്ട് ഉപയോഗപ്പെടുത്തി ചികിത്സാ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ള സർക്കാർ, സ്വകാര്യ ആശുപത്രികളുടെ പേര് വിവരങ്ങൾ ജില്ല തിരിച്ചും ,ഇവിടെ ഏതൊക്കെ അസുഖങ്ങൾക്കുള്ള ചികിത്സാ സൗകര്യം ഉണ്ട്

എന്നത് സംബന്ധിച്ചുള്ള വിവരങ്ങളും നൽകാമോ ;

(ബി) അപേക്ഷ സമർപ്പിക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകാമോ ;

(സി) ജില്ലാ ലോട്ടറി ഓഫീസുകളിൽ കൂടാതെ താലൂക്ക് ലോട്ടറി ഓഫീസുകളിൽ അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള സൗകര്യം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

<u>കാരുണ്യ ബെനവലന്റ് ഫണ്ട് ഉപയോഗിച്ച് നടത്തിയ ധനസഹായ പദ്ധതികൾ</u>

2238. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് ഉപയോഗിച്ച് ഓരോ ജില്ലയിലും നടത്തിയ ധനസഹായ പദ്ധതികൾ എന്തെല്ലാം; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് കീഴിൽ ധനസഹായം ആവശ്യപ്പെട്ട് എത്ര അപേക്ഷകൾ പരിഗണനയിലുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കാമോ?

<u>കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി</u>

2239. **ശ്രീ.ടി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ഏതൊക്കെ അസുഖങ്ങൾക്കാണ് ധനസഹായം നൽകുന്നത് ; പുതുതായി ഏതെങ്കിലും അസുഖത്തെ ഇതിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ബി) കണ്ണൂർ ജില്ലയിൽ കാരുണ്യ ചികിത്സാ സഹായം ലഭ്യമായ ആശുപത്രികൾ ഏതൊക്കെയാണ് ;

(സി) ഒരു കുടുംബത്തിന് പരമാവധി ചികിത്സാ ധനസഹായം 2 ലക്ഷമെന്നത് വർധിപ്പിക്കാൻ നടപടിയെടുക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) കാരുണ്യ സ്കീമിൽ ഉൾപ്പെടുത്തി പഴയങ്ങാടി താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്റർ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>കാരുണ്യ ബെനവലന്റ് ഫണ്ട്- ഡയാലിസിസ് സെന്റർ</u>

2240. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽ പ്രവർത്തിക്കുന്ന ഡയാലിസിസ് സെന്ററുകൾ എത്രയെന്നും എവിടെയൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ബി) ഈ ഫണ്ടിന്റെ അടിസ്ഥാനത്തിൽ പുതിയതായി ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) മലപ്പുറം ജില്ലയിൽ പുതിയതായി ഒരു സെന്റർ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>സംസ്ഥാന ഭാഗ്യക്കുറി</u>

2241. ശ്രീ.എം.എ. വാഹീദ്

,, പി.എ.മാധവൻ

,, സി.പി.മുഹമ്മദ്

,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാന ഭാഗ്യക്കുറിയിൽ നിന്നുള്ള വരുമാനത്തിൽ എത്ര വർദ്ധനവ് ഉണ്ടായിട്ടുണ്ട്;

(ബി) ലോട്ടറി നടത്തിപ്പിൽ ഈ കാലയളവിൽ എത്രയേറെ ലാഭം ഉണ്ടായിട്ടുണ്ട്;

(സി) ഈ നേട്ടങ്ങൾക്കായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയത്;

(ഡി) ലോട്ടറി ടിക്കറ്റ് വിൽപനയിൽ റിക്കാർഡ് നേട്ടം കൈവരിച്ചിട്ടുണ്ടോ?

<u>ലോട്ടറി നടത്തിപ്പിൽ കൈവരിക്കാനായ നേട്ടങ്ങൾ</u>

2242. ശ്രീ.പി.ഉബൈദുള്ള

,, റ്റി.എ.അഹമ്മദ് കബീർ

,, കെ.മുഹമ്മദുണ്ണി ഹാജി

,, അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലോട്ടറി നടത്തിപ്പിൽ വരുത്തിയ ഘടനാപരമായ മാറ്റങ്ങൾ സംബന്ധിച്ചും, മുൻസർക്കാരിന്റെ കാലത്തേക്കാൾ കൈവരിക്കാനായ നേട്ടങ്ങളെക്കുറിച്ചും വിശദമാക്കുമോ;

(ബി) ലോട്ടറി സമ്മാനത്തിന്റെ ഒരു ഭാഗം നിക്ഷേപമാക്കി മാറ്റുന്നതിനു ലക്ഷ്യമിട്ട സമ്പാദ്യപദ്ധതിയുടെ പ്രവർത്തനം വിശദമാക്കുമോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് 2014ഡിസംബർ വരെ ലോട്ടറിയിൽ നിന്നുളള ലാഭം എത്രയാണെന്നും, അതിന്റെ വിനിയോഗം സംബന്ധിച്ച വിവരങ്ങളും വെളിപ്പെടുത്തുമോ?

<u>ലോട്ടറി മേഖലയിലെ പ്രശ്നങ്ങൾ</u>

2243. **ശ്രീ.പി.കെ.ഗുരുദാസൻ**

**,, എ.എം. ആരിഫ്**

**,, ബി.ഡി. ദേവസ്സി**

**,, കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലോട്ടറി മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് 2014 മെയ് 27ന് ട്രേഡ് യൂണിയൻ പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ എടുത്ത തീരുമാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ചർച്ചയിൽ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കാത്തതിനെ കുറിച്ച് പരാതിപ്പെട്ട് ലോട്ടറി സംരക്ഷണ സമിതി വീണ്ടും നിവേദനം നൽകിയിട്ടുണ്ടോ ; അതിന്മേൽ എന്ത് നടപടിയാണ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

<u>ഭാഗ്യക്കുറി ടിക്കറ്റുകളുടെ വിലവർദ്ധനവ്</u>

2244. **ശ്രീ.എം.ചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭാഗ്യക്കുറി ടിക്കറ്റുകളുടെ വില വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എത്ര രൂപയുടെ വർദ്ധനവാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നത്;

(സി) വില വർദ്ധനവിന് ആനുപാതികമായി സമ്മാന തുകയിലും വർദ്ധനവ് വരുത്തുമോ;

(ഡി) ടിക്കറ്റ് വില വർദ്ധിപ്പിച്ചാൽ അത് വില്പനയെ പ്രതികൂലമായി ബാധിക്കാതിരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>കെ.എസ്.എഫ്.ഇ ബ്രാഞ്ചുകൾ</u>

2245. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിനു സംസ്ഥാനത്ത് എത്ര ബ്രാഞ്ചുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ആകെ എത്ര ജീവനക്കാരുമാണ് നിലവിലുള്ളതെന്നും വ്യക്തമാക്കുമോ ;

(ബി) 2011-12, 2012-13, 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിൽ കെ.എസ്.എഫ്.ഇ. എത്ര ലാഭം നേടിയെന്ന് വാർഷികാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ?

## കെ.എസ്.എഫ്.ഇ. ശാഖകൾ

2246. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവ. അധികാരത്തിൽ വന്നശേഷം എത്ര കെ.എസ്.എഫ്.ഇ. ശാഖകൾ പുതുതായി ആരംഭിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ശാഖകൾ ആരംഭിക്കുന്നതിലേക്കായി സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) കൊല്ലം ജില്ലയിൽ പുതുക്കുളം പ്രദേശത്ത് ഈ സ്ഥാപനത്തിന്റെ പുതിയ ശാഖ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നുവോ; എങ്കിൽ അതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ശാഖ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

## വ്യക്തിഗത അപകട ഇൻഷ്വറൻസ് പദ്ധതി

2247. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ വ്യക്തിഗത അപകട ഇൻഷ്വറൻസ് പ്രതിമാസ പ്രീമിയമായി സർക്കാർ അവരിൽ നിന്നും ഈടാക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലെ പോളിസി ഉടമയായ ഒരു ജീവനക്കാരൻ മരണമടഞ്ഞാൽ ടിയാന്റെ ആശ്രിതന് ലഭിക്കുന്ന ഇൻഷ്വറൻസ് കവറേജ് തുക എത്രയാണെന്ന് വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പ്രസ്തുത പദ്ധതിയിലൂടെ മേൽ പറഞ്ഞ ആനുകൂല്യം ലഭിച്ചവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## വ്യക്തിഗത അപകട ഇൻഷ്വറൻസ് പദ്ധതി

2248. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ വ്യക്തിഗത അപകട ഇൻഷ്വറൻസ് പദ്ധതി ഇപ്പോൾ നടപ്പിലാക്കുന്നത് സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ് ആണോ;വ്യക്തമാക്കാമോ ;

(ബി) അല്ലെങ്കിൽ ആയത് നടപ്പിലാക്കുന്നത് ഏത് ഇൻഷ്വറൻസ് കമ്പനി ആണ്;

(സി) സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റിനെ പ്രസ്തുത ചുമതല ഏൽപിക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

## മുദ്രപത്രങ്ങളുടെ ക്ഷാമം

2249. **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പല വെണ്ടർ ഓഫീസുകളിലും പല നിരക്കിലുള്ള മുദ്രപത്രങ്ങൾ കിട്ടാനില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മുദ്രപത്രത്തിന് ക്ഷാമം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) മുദ്രപത്രങ്ങൾ ആവശ്യക്കാർക്ക് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

## മുദ്രപത്ര വിൽപ്പന

2250. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ലക്ഷം രൂപവരെ വിലയുള്ള മുദ്രപത്രങ്ങൽ വിൽക്കുന്നതിന് സ്റ്റാമ്പ് വെണ്ടർമാർക്ക് അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ എന്നുമുതലാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇപ്രകാരം ഒരു ലക്ഷം രൂപയുടെ മുദ്രപത്രം വിൽക്കാൻ സ്റ്റാമ്പ് വെണ്ടർമാർക്ക് അനുമതി നൽകുന്നതിന് മുമ്പ് എത്ര രൂപയുടെ വരെ വില വരുന്ന മുദ്രപത്രം വിൽക്കാൻ അനുമതിയുണ്ടായിരുന്നുവെന്ന് അറിയിക്കുമോ ;

(സി) ഒരു ലക്ഷം രൂപയുടെ മുദ്രപത്രം വിൽക്കുന്നതിന് അനുമതി നൽകാൻ പ്രേരിപ്പിച്ച ഘടകം എന്താണെന്ന് വിശദീകരിക്കാമോ ;

(ഡി) സർക്കാരിന് കോടികളുടെ നഷ്ടം വന്നേക്കാവുന്ന പ്രസ്തുത അനുമതി സ്റ്റാമ്പ്

വെണ്ടർമാർക്ക് നൽകാനിടയായ സാഹചര്യം പുനഃപരിശോധിക്കാമോ ?

## നിയമ പരിഷ്കരണ കമ്മീഷൻ

T 2251. **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമ പരിഷ്കരണത്തിന് വേണ്ടി ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ കമ്മീഷനെ നിയമിച്ചിരുന്നോ; എങ്കിൽ ഏത് വർഷമാണ് നിയമിച്ചിരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്നും എന്തെല്ലാം ശുപാർശകളാണ് കമ്മീഷൻ നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) ശുപാർശകൾ മന്ത്രിസഭാ യോഗം അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് അംഗീകരിച്ചിട്ടുള്ളത്;

(ഡി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

## നിക്ഷേപ തട്ടിപ്പുകാർക്കെതിരെ സ്വീകരിച്ച നടപടി

T 2252. **ശ്രീ.സി.മമ്മൂട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുകയും പിന്നീട് നിക്ഷേപമോ ലാഭവിഹിതമോ തിരികെ നൽകാതെ നിക്ഷേപകരെ കബളിപ്പിക്കുകയും ചെയ്യുന്നവരുടെ സ്വത്തുവകകൾ കണ്ട്കെട്ടി നിക്ഷേപകർക്ക് അവരുടെ തുക തിരികെ നൽകാൻ എന്തെങ്കിലും നിയമം നിലവിലുണ്ടോ ;

(ബി) എങ്കിൽ ഏത് നിയമം ; അതിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) ഇല്ലെങ്കിൽ അത്തരത്തിലൊരു നിയമം കൊണ്ടുവരാൻ തയ്യാറാകുമോ ;

(ഡി) അത്തരം നിയമം എല്ലാ സംസ്ഥാനത്തും നടപ്പിലാക്കണമെന്ന സുപ്രീം കോടതിയുടെ നിരീക്ഷണം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) അത്തരം നിയമം എപ്പോൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

## ഭവന നിർമ്മാണ വായ്പയുടെ ഒറ്റത്തവണ തീർപ്പാക്കൽ

2253. ശ്രീ.കെ.കെ.ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ ബോർഡിൽ നിന്നും ഭവന നിർമ്മാണ വായ്പ എടുത്ത് കുടിശ്ശിക വരുത്തിയിരുന്നവർക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ കുടിശ്ശിക അവസാനിപ്പിക്കുന്നതിനുള്ള സൗകര്യം നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ ഈ സൗകര്യം വീണ്ടും അനുവദിച്ചു നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഭവനനിർമ്മാണ പദ്ധതികൾ</u>

2254. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ ഭവനനിർമ്മാണ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച ഇ.എം.എസ്. ഭവന പദ്ധതി, എം.എൻ. ഗോവിന്ദൻ നായർ ലക്ഷംവീട് പുനരുദ്ധാരണ പദ്ധതി തുടങ്ങിയവയിലെ ഗുണഭോക്താക്കൾക്കുള്ള അവസാന ഗഡു തുകകൾ നല്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) മാവേലിക്കര മണ്ഡലത്തിൽ എത്ര ഗുണഭോക്താക്കൾക്കാണ് ഈ പദ്ധതികളുടെ ഗഡുക്കൾ നല്കാനുള്ളത്; വിശദമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാവേലിക്കര മണ്ഡലത്തിൽ ഈ പദ്ധതികൾ പ്രകാരം സഹായമനുവദിച്ചവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) ഈ തുക അടിയന്തരമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>സങ്കേതം ഭവന പദ്ധതി</u>

2255. ശ്രീ.ടി.എൻ. പ്രതാപൻ
,, പാലോട് രവി
,, വി.ഡി.സതീശൻ
,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സങ്കേതം ഭവന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി

കൈവരിക്കാനുദ്ദേശിക്കുന്നത്;വിശദമാക്കുമോ;

(സി) വരുമാനം കുറഞ്ഞവർക്കായി സർക്കാർ സബ്സിഡിയോടുകൂടി ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

<u>ഗൃഹശ്രീ പദ്ധതി</u>

2256. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഗൃഹശ്രീ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര വീടുകൾക്കുള്ള ധനസഹായമാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ സ്പോൺസർമാർ എത്ര രൂപ വീതമാണ് നൽകേണ്ടതെന്നറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) ഇതുവരെ ഏതെല്ലാം സംഘടനകളും വ്യക്തികളുമാണ് ഈ പദ്ധതിയിലേക്കുള്ള ഗുണഭോക്താക്കളെ നിർദ്ദേശിച്ചിട്ടുള്ളതെന്നും ഓരോരുത്തരും എത്ര പേരെ വീതമാണ് നിർദ്ദേശിച്ചതെന്നും വിശദമാക്കാമോ?

<u>സാഫല്യം ഭവനനിർമ്മാണ പദ്ധതി</u>

2257. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഹൗസിംഗ് ബോർഡ് ചാത്തന്നൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കുന്ന സാഫല്യം ഭവനനിർമ്മാണ പദ്ധതിയുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന നടപടികൾ പൂർത്തീകരിച്ചുവോ; ഇതുമായി ബന്ധപ്പെട്ട നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

<u>ഭവനനിർമ്മാണ പദ്ധതികൾ</u>

2258. ശ്രീ.അബ്ദുറഹിമാന്‍ രണ്ടത്താണി **:** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ധനകാര്യവും നിയമവും ഭവനനിര്‍മാണവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഭവനനിര്‍മ്മാണ പദ്ധതികള്‍ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പട്ടികജാതി, പട്ടികവര്‍ഗ്ഗ, ന്യൂനപക്ഷ വിഭാഗങ്ങള്‍ക്കായി നടപ്പിലാക്കുന്ന പദ്ധതികള്‍ ഏതെല്ലാമാണെന്നും ഏതെല്ലാം ഏജന്‍സികള്‍ മുഖേനയാണ് ഇവ നടപ്പിലാക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) ബി.പി.എല്‍., എ.പി.എല്‍. എന്നീ വിഭാഗങ്ങളില്‍പ്പെട്ടവര്‍, ഗവണ്‍മെന്റ് ജീവനക്കാര്‍ തുടങ്ങിയവര്‍ക്ക് കുറഞ്ഞ നിരക്കില്‍ ഫ്ലാറ്റുകള്‍ അനുവദിക്കുന്നതിനുള്ള പുതിയ പദ്ധതികള്‍ പരിഗണനയിലുണ്ടോ ; എങ്കില്‍ വിശദാംശങ്ങള്‍ നല്‍കാമോ?

## ഐ.ടി. വികസനം

2259. ശ്രീ.എം.പി.വിന്‍സെന്റ്
,, എ.പി.അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാന്‍
,, വി.ഡി.സതീശന്‍ **:** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ഐ.ടി. വികസനം നഗരങ്ങളിലും ഗ്രാമങ്ങളിലും എത്തിക്കുവാന്‍ സ്വീകരിച്ച നടപടികള്‍ എന്തെല്ലാം;

(ബി) ഏതെല്ലാം പദ്ധതികളാണ് ഇതിനായി പ്രയോജനപ്പെടുത്തുന്നതെന്നു വിശദമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തില്‍ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ഡി) ആരുടെയൊക്കെ സഹായമാണ് പദ്ധതി നടത്തിപ്പിനായി സ്വീകരിച്ചിട്ടുള്ളത്?

## ലഭിച്ച കേന്ദ്ര വ്യവസായ പദ്ധതികള്‍

2260. ശ്രീ.കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ വന്നതിനുശേഷം കേന്ദ്ര സര്‍ക്കാരില്‍നിന്നും എന്തെല്ലാം വ്യവസായ പ്രോജക്ടുകളാണ് നേടിയെടുക്കാന്‍ കഴിഞ്ഞിട്ടുള്ളത് ;

(ബി) ഇതിന്റെ ഭാഗമായി എന്തെല്ലാം നേട്ടങ്ങളാണ് സംസ്ഥാനത്ത് ഉണ്ടാക്കിയെടുക്കാന്‍ കഴിഞ്ഞിട്ടുള്ളത് ; വിശദവിവരം നല്‍കുമോ ?

## കശുവണ്ടിപ്പരിപ്പ് കയറ്റുമതി

2261. ശ്രീ.പി.കെ.ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14, 2014-15 എന്നീ വർഷങ്ങളിൽ കശുവണ്ടിപ്പരിപ്പ് കയറ്റുമതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ;

(ബി) 2013-14, 2014-15എന്നീ വർഷങ്ങളിൽ കയറ്റുമതിയിലൂടെ ലഭിച്ച വരുമാനം എത്രയെന്നറിയിക്കാമോ;

(സി) 2013-14, 2014-15എന്നീ വർഷങ്ങളിൽ ആഭ്യന്തര വിപണനവും ലഭിച്ച തുകയും സംബന്ധിച്ച വിശദമായ വിവരം ലഭ്യമാക്കാമോ; 2013-14, 2014-15 സാമ്പത്തിക വർഷം തോട്ടണ്ടി ഇറക്കുമതി സംബന്ധിച്ച സ്ഥിതിവിവരം ലഭ്യമാക്കുമോ?

## എ. എസ്.എ പി. പദ്ധതി

2262. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ സംരംഭങ്ങളിലേക്ക് പുതിയ തലമുറയെ ആകർഷിക്കുന്ന വിധത്തിൽ വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന എ. എസ്.എ പി.പദ്ധതികൊണ്ട് ചെറുകിട വ്യവസായ മേഖലക്ക് ഉണ്ടാവുന്ന നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ വ്യവസായ വികസന കേന്ദ്രങ്ങൾക്ക് അനുബന്ധമായി എ. എസ്.എ പി. കേന്ദ്രങ്ങൾ ആരംഭിക്കുന്നകാര്യം പരിഗണിക്കാമോ?

## കേരള കരകൗശല വികസന കോർപ്പറേഷൻ ജനറൽ മാനേജർ നിയമനം

2263. ശ്രീ.കെ.അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തസ്തികകളിൽ മാത്രമേ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം അനുവദിക്കുവാൻ പാടുള്ളൂ എന്ന സർക്കാർ ഉത്തരവ് നിലനിൽക്കെ ഹിന്ദുസ്ഥാൻ ലാറ്റക്സിൽ സെയിൽസ് ഓഫീസർ എന്ന താഴ്ന്ന തസ്തികയിൽ 2470-5495 ശമ്പള സ്കെയിലിൽ ജോലി ചെയ്തിരുന്ന ശ്രീ. എസ്.എം. ആരിഫിനെ ഏത് നിയമ പ്രകാരമാണ് കേരള കരകൗശല വികസന കോർപ്പറേഷനിലെ 12600-15600 ശമ്പള സ്കെയിലിലുള്ള എക്സിക്യൂട്ടീവ് തസ്തികയായ ജനറൽ മാനേജർ (മാർക്കറ്റിംഗ്) ആയി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുവാൻ 2000 ൽ സംസ്ഥാന

സർക്കാർ അനുമതി നൽകിയത് ;

(ബി) ഈ നിയമനത്തിന് സർക്കാർ തലത്തിൽ ആരാണ് അനുമതി നൽകിയത് എന്ന് വിശദീകരിക്കാമോ;

(സി) ഈ കോർപ്പറേഷനിലെ ക്ലാസ്സ് നാല് ഒഴിച്ചുള്ള തസ്തികയിലെ വിദ്യാഭ്യാസ യോഗ്യത കേരള യൂണിവേഴ്സിറ്റി അംഗീകരിച്ചതായിരിക്കണമെന്ന് കോർപ്പറേഷന്റെ സ്പെഷ്യൽ റൂളിൽ വ്യവസ്ഥ ചെയ്തിരിക്കെ കേരള യൂണിവേഴ്സിറ്റി അംഗീകരിക്കാത്ത ശ്രീ. എസ്. എം. ആരിഫിന്റെ വിദ്യാഭ്യാസ യോഗ്യത നിയമനത്തിനായി എങ്ങനെ അംഗീകരിക്കപ്പെട്ടുന്ന് വിശദമാക്കാമോ;

(ഡി) ശ്രീ. എസ്. എം. ആരിഫിന് പരസ്യത്തിൽ നിഷ്കർഷിച്ചിരുന്ന പ്രകാരമുള്ള പ്രവർത്തി പരിചയമില്ല എന്ന് കോർപ്പറേഷൻ സർക്കാരിനെ അറിയിച്ചിട്ടും ഇദ്ദേഹത്തെ സേവനത്തിൽ നിന്നും പിരിച്ച് വിടാത്തത് എന്ത് കൊണ്ടാണെന്ന് വിശദീകരിക്കാമോ;

(ഇ) കോർപ്പറേഷന്റെ ജനറൽ മാനേജർ (മാർക്കറ്റിംഗ്) എന്ന നിലയിൽ കച്ചവടം വർദ്ധിപ്പിക്കുവാൻ ഇദ്ദേഹം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(എഫ്) കച്ചവടം കുറവായതിനാൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന കോർപ്പറേഷന്റെ ഷോറൂമുകൾ ലാഭത്തിലാക്കുവാൻ മാർക്കറ്റിംഗ് വിഭാഗത്തിന്റെ തലവൻ എന്ന നിലയിൽ ശ്രീ. എസ്. എം. ആരിഫ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ജി) കേരള യൂണിവേഴ്സിറ്റി അംഗീകരിച്ച വിദ്യാഭ്യാസ യോഗ്യതയും നിയമനത്തിനായി നടത്തിയ പരസ്യത്തിൽ നിഷ്കർഷിച്ചതനുസരിച്ചുള്ള പ്രവർത്തി പരിചയവും ഇല്ലാത്തതിനാൽ ശ്രീ. എസ്. എം. ആരിഫിനെ കരകൗശല വികസന കോർപ്പറേഷന്റെ ജനറൽ മാനേജർ (മാർക്കറ്റിംഗ്) സ്ഥാനത്ത് നിന്നും നീക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>വിഭവ സമ്പത്ത് വിനിയോഗിക്കാവുന്ന സംരംഭങ്ങൾ</u>

2264. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിഭവ സമ്പത്തുകളെ പൂർണ്ണമായും വിനിയോഗിക്കാവുന്നതും കാർഷിക മേഖലയെയും പരമ്പരാഗത തൊഴിൽ / വ്യവസായ മേഖലകളെയും പരിപോഷിപ്പിക്കാവുന്നതുമായ എത്ര സംരംഭങ്ങൾ ഈ സർക്കാർ ആരംഭിച്ചുവെന്ന് പറയാമോ ;

(ബി) ഇതിൽ സർക്കാർ മേഖലയിൽ എത്ര , പൊതുമേഖലയിൽ എത്ര, സ്വകാര്യമേഖലയിൽ എത്ര എന്ന് ജില്ല തിരിച്ച് കണക്ക് നൽകുമോ ;

(സി) ഇവയ്ക്ക് സർക്കാർ നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ എന്തെല്ലാമെന്നും എത്ര

വീതമെന്നും വിശദമാക്കുമോ ?

<u>യുവജന സംരംഭകത്വ പരിപാടി</u>

T 2265. ശ്രീ.പുരുഷൻ കടലുണ്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നവരത്ന പദ്ധതിയിൽ ആരംഭിച്ച യുവജന സംരംഭകത്വ പരിപാടിയുടെ ഭാഗമായി എന്തെല്ലാമാണ് നടന്നതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത ഇനത്തിൽ എത്ര തുക ഇതവരെ ചെലവഴിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര യുവജന സംരംഭങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടെന്നും ധനസഹായമായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

<u>റിയാബ്</u>

2266. ശ്രീമതി.കെ.കെ.ലതിക **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായവകുപ്പിനുകീഴിലുള്ള RIAB (Restructuring and Internal Audit Body) എന്ന സ്ഥാപനത്തിന്റെ പ്രവർത്തനലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;

(ബി) സ്ഥാപനത്തിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്നും അവരുടെ തസ്തികയുടെ പേരും ശമ്പളവും നിയമന രീതിയും എത്ര കാലത്തേക്കാണ് നിയമിച്ചിരിക്കുന്നതെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(സി) ശമ്പളം ഉൾപ്പെടെ RIAB ന്റെ ഒരു മാസത്തെ ചെലവ് എത്രയെന്ന് വിശദമാക്കുമോ ?

<u>റിയാബ് നിയമനം</u>

2267. ശ്രീമതി.കെ.കെ.ലതിക **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളിൽ എം.ഡി.മാരെ തെരഞ്ഞെടുക്കാൻ റിയാബ് (RIAB) വിജ്ഞാപനം ഇറക്കിയെന്ന് വിശദമാക്കുമോ;

(ബി) മേൽ വിഷയത്തിൽ എത്ര തവണ വിജ്ഞാപനം ഇറക്കിയെന്നും ഓരോ തവണയും എത്ര പേരെ സെലക്ട് ചെയ്തുവെന്നും അവരെ ഏതൊക്കെ സ്ഥാപനങ്ങളിൽ

നിയമിച്ചുവെന്നും വ്യക്തമാക്കുമോ?

<u>അരൂർ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ</u>

2268. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പ് വഴി അരൂർ മണ്ഡലത്തിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിരിക്കുന്നതെന്ന് വിശദമാക്കുമോ ?

<u>സിഡ്കോ സംരംഭങ്ങളും നിയമനങ്ങളും</u>

2269. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം സിഡ്കോയുടെ മേൽനോട്ടത്തിൽ തുടങ്ങിയ സംരംഭങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിലേയ്ക്കായി എത്ര ജീവനക്കാരെ പുതിയതായി നിയമിച്ചിട്ടുണ്ടെന്നും ഏതെല്ലാം തസ്തികകളിലേക്കാണ് നിയമിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ ;

(സി) സിഡ്കോയിൽ നിയമനത്തിന് സംവരണ വ്യവസ്ഥ പാലിക്കാറുണ്ടോ ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ ?

<u>മൂടാടി കെൽട്രോൺ യൂണിറ്റ്</u>

2270. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ മൂടാടി കെൽട്രോൺ യൂണിറ്റിൽ നടപ്പിലാക്കിയ വികസന പദ്ധതികൾ വിശദീകരിക്കുമോ;

(ബി) മൂടാടി യൂണിറ്റിന്റെ വികസനവുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള നിവേദനം പരിശോധിച്ചിട്ടുണ്ടോ;

(സി) എന്തെല്ലാം പുതിയ പദ്ധതികളാണ് ഇവിടെ ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## കൊച്ചി മംഗലപുരം ഗ്യാസ് പൈപ്പ് ലൈൻ

2271. ശ്രീ.ടി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മംഗലപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതിക്കായി കണ്ണൂർ ജില്ലയിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇതിനുവേണ്ടി ഭൂമി നഷ്ടപ്പെടുന്നവർക്കുള്ള നഷ്ടപരിഹാരം സംബന്ധിച്ച് അന്തിമ തീരുമാനമെടുത്തിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

## ആലപ്പുഴ ജില്ലയിൽ പുതുതായി വ്യവസായ സ്ഥാപനങ്ങൾ

2272. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ആലപ്പുഴ ജില്ലയിൽ വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലകളിൽ; വിശദാംശം നൽകാമോ;

(ബി) ഇല്ലെങ്കിൽ പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള സാധ്യതയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദവിവരം നൽകാമോ;

(സി) ആലപ്പുഴ ജില്ലയിൽ പ്രവർത്തിക്കുന്ന പൊതു മേഖലാ സ്ഥാപനങ്ങളിൽ ലാഭത്തിൽ /നഷ്ടത്തിൽ പ്രവർത്തിക്കുന്നവ എത്രയെന്നു വ്യക്തമാക്കാമോ?

## വ്യവസായ വകുപ്പിൽ ഹെഡ്ക്ലാർക്ക് നിയമനം

2273. പ്രൊഫ.സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിൽ ജെ.ഡി.സി. യോഗ്യതയുള്ള സീനിയർ യു.ഡി. ക്ലാർക്കുമാരെ ഒഴിവാക്കി ജൂനിയർ യു.ഡി. ക്ലാർക്കുമാർക്ക് ഹെഡ്ക്ലാർക്കായി പ്രമോഷൻ നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ, ഇതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് നിലവിൽ ഉണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് വകുപ്പിലെ ഏതെങ്കിലും ജീവനക്കാർ പരാതി നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഇ) തെറ്റായി ഇറക്കിയ പ്രമോഷൻ ഉത്തരവ് പുന:പരിശോധിച്ച് തിരുത്തുവാൻ നടപടികൾ സ്വീകരിക്കുമോ?

<u>വ്യവസായ എസ്റ്റേറ്റുകളിൽ ഭൂമി അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ</u>

2274. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ എസ്റ്റേറ്റുകളിൽ ഭൂമി അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ബി) ഇപ്രകാരം ഭൂമി അനുവദിക്കുന്നതിന് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നുണ്ടോ;

(സി) മുൻഗണനാ ലിസ്റ്റ് മറികടന്ന് കേരളത്തിൽ എവിടെയെല്ലാം ഭൂമി അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; അതിനിടയായ സാഹചര്യം വ്യക്തമാക്കുമോ ?

<u>വ്യവസായ എസ്റ്റേറ്റുകളിൽ ഭൂമി അനുവദിക്കുന്നതിനുള്ള അധികാരം</u>

2275. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ എസ്റ്റേറ്റുകളിൽ ഭൂമി അനുവദിക്കുന്നതിനുള്ള അധികാരം വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരിൽ നിന്നും മാറ്റി ഡയറക്ടർ നേരിട്ട് നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമൂലം ചെറുകിട വ്യവസായികൾക്കുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ ?

<u>കശുവണ്ടി വികസന കോർപ്പറേഷന്റെ പദ്ധതി ചെലവ്</u>

2276. **ശ്രീ.പി.കെ.ഗുരുദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തികവർഷം കശുവണ്ടി വികസന കോർപ്പറേഷന്റെ പദ്ധതി ചെലവ് എത്ര; പ്രസ്തുത തുക എന്തിനെല്ലാം വേണ്ടി വിനിയോഗിച്ചു എന്നറിയിക്കാമോ;

(ബി) ഗ്രാറ്റുവിറ്റി കുടിശ്ശിക എത്രയെന്ന് അറിയിക്കുമോ ; പ്രസ്തുത തുക കൊടുത്തു തീർക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ?

<u>കൊരട്ടി കിൻഫ്ര പാർക്കിന്റെ വികസനം</u>

2277. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി കിൻഫ്ര പാർക്കിനോട് ചേർന്നു ഗവൺമെന്റ് ഓഫ് ഇന്ത്യാ പ്രസ്സിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം കിൻഫ്രയുടെ വികസനത്തിനായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ?

## പൊതുമേഖല സ്ഥാപനങ്ങളിലെ എം.ഡി. മാർ

2278. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന് കീഴിൽ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിൽ എം.ഡി.മാരെ നിയമിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം നിയമിതരായ എം.ഡി. മാരിൽ റിയാബ് (RIAB) വഴി നിയമിച്ചവർ എത്ര;ഇവരിൽ 70 വയസു കഴിഞ്ഞവർ ആരെങ്കിലുമുണ്ടോ ;ഉണ്ടെങ്കിൽ അവർ ആരെല്ലാമെന്നും ഏതൊക്കെ സ്ഥാപനങ്ങളിലാണ് നിയമിക്കപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത എം.ഡി മാരിൽ വിദൂര വിദ്യാഭ്യാസം വഴി എം. ബി. എ. നേടിയവർ എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ?

## പൊതുമേഖലാ സ്ഥാപനങ്ങൾ

2279. ശ്രീ.എളമരം കരീം
,, ബാബു എം. പാലിശ്ശേരി
,, എസ്.ശർമ്മ
,, വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിസന്ധി നേരിടുന്ന സമാന സ്വഭാവമുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ സംയോജിപ്പിക്കുന്നതിനായുള്ള എന്തെങ്കിലും നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) നിർദ്ദേശത്തിന്മേൽ സ്വീകരിച്ച തുടർ നടപടികളെന്തെന്നും ഏതെല്ലാം സ്ഥാപനങ്ങളുടെ കാര്യത്തിലെന്നും വെളിപ്പെടുത്താമോ;

(സി) നിർദ്ദേശങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുരോഗതിയ്ക്ക് പ്രയോജനപ്പെട്ടുമെങ്കിൽ ആയത് നടപ്പാക്കുന്നതിലുള്ള നിലപാട് വ്യക്തമാക്കുമോ?

## പൊതുമേഖലാ സ്ഥാപനങ്ങൾ

2280. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ തരംതിരിച്ചുള്ള വിശദാംശം നൽകുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നഷ്ടത്തിൽ പ്രവൃത്തിച്ചു പോന്നിരുന്ന ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ലാഭത്തിലായിരുന്ന എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലായിട്ടുണ്ട് ; വിശദവിവരം നൽകുമോ ?

## പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ

2281. ഡോ.ടി.എം.തോമസ് ഐസക്
പ്രൊഫ.സി.രവീന്ദ്രനാഥ്
,, രാജു എബ്രഹാം
,, എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ വിറ്റഴിക്കുന്നത് സംബന്ധിച്ച നിലപാട് എന്തെന്നും, ഇതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തായിരിക്കുമെന്നും വ്യക്തമാക്കുമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ വിറ്റഴിക്കുന്നത് സംബന്ധിച്ച് പൊതു ചെലവ് അവലോകന സമിതിയുടെ നിർദ്ദേശങ്ങൾ സ്വകാര്യവൽക്കരണത്തിൻറെ ഭാഗമാണെന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പൊതുമേഖലയിൽ നിന്നുള്ള സർക്കാരിൻറെ പിൻവാങ്ങൽ ദൂരവ്യാപക പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമോ; വിശദമാക്കുമോ ?

## ചേർത്തല ഓട്ടോകാസ്റ്റ് ലിമിറ്റഡ്

2282. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല ഓട്ടോകാസ്റ്റ് ലിമിറ്റഡിന്റെ 2009-10 മുതൽ 2013-14 വരെയുള്ള വർഷങ്ങളിലെ വാർഷിക വിറ്റുവരവും ലാഭനഷ്ടക്കണക്കും വ്യക്തമാക്കുമോ;

(ബി) ചേർത്തല ഓട്ടോകാസ്റ്റ് ലിമിറ്റഡിന്റെ പ്രവർത്തനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര തുക നൽകിയെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഓട്ടോകാസ്റ്റ് ലിമിറ്റഡിൽ ഉപയോഗിക്കുന്ന അസംസ്കൃത വസ്തു ഏതെന്നും ഇതിന്റെ സംഭരണം ഏതു രീതിയിലാണെന്നും വ്യക്തമാക്കുമോ;

(ഡി) ഓട്ടോകാസ്റ്റ് ലിമിറ്റഡിലേക്ക് പഴയ ഇരുമ്പ് സാധനങ്ങൾ വാങ്ങി സംഭരിക്കുമ്പോൾ സംസ്കരിച്ചാൽ ടണ്ണിന് ലഭിക്കുന്ന യീൽഡ് സംബന്ധിച്ച് നിബന്ധന വച്ചിട്ടുണ്ടോ;

(ഇ) 2009-10 മുതൽ 2013-14 വരെയുള്ള വർഷങ്ങളിൽ സംഭരിച്ച ഇരുമ്പിൽ നിന്നും സംസ്കരിച്ചപ്പോൾ കിട്ടിയ യീൽഡ് എത്ര വീതമെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ?

<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ പദ്ധതി</u>

2283. ശ്രീ.വർക്കല കഹാർ

,, വി.റ്റി.ബൽറാം

,, എ.പി.അബ്ദുള്ളക്കുട്ടി

,, പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ കർമ്മപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും വിശദമാക്കുമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും ഉൽപ്പാദനത്തിനനുസരിച്ച് തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനും പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്തെല്ലാം; വിശദമാക്കുമോ ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

<u>പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള ലാഭവിഹിതവും</u>

2284. ഡോ.കെ.ടി.ജലീൽ **:** താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംഭരണാധികാരമുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ സർക്കാരിന്റെ മുതൽമുടക്കിന് കിട്ടുന്ന ലാഭവും ലാഭവിഹിതവും ഇനത്തിൽ 2014-15 സാമ്പത്തിക വർഷം ഇതുവരെ എന്തു തുക ലഭിക്കുകയുണ്ടായി ; പ്രതീക്ഷിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

ലാഭകരമായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

2285. ശ്രീ.എ.എ.അസീസ്

,, കോവൂർ കുഞ്ഞുമോൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലാഭകരമായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നറിയിക്കുമോ;

(ബി) ലാഭകരമായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സർക്കാർ അവാർഡ് നൽകാറുണ്ടോ;

(സി) ഇല്ലെങ്കിൽ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കുപ്പികളിൽ വെള്ളം വിതരണം ചെയ്യുന്ന കമ്പനികൾ

T 2286. ശ്രീ.സി.ദിവാകരൻ

,, മുല്ലക്കര രത്നാകരൻ

,, ഇ.കെ.വിജയൻ

,, കെ.അജിത് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുപ്പിവെള്ളം വിതരണം ചെയ്യുന്ന എത്ര കമ്പനികളുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കുപ്പിവെള്ള വിതരണ കമ്പനികളുടെമേൽ എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

എമർജിംഗ് കേരള സംഗമം

2287. ശ്രീ.സി.ദിവാകരൻ

,, കെ.രാജു

,, ഇ.കെ.വിജയൻ

,, ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിക്ഷേപം ആകർഷിക്കാനായി നടത്തിയ എമർജിംഗ് കേരള സംഗമം പരാജയപ്പെട്ടതായി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച് സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ വ്യവസായ വകുപ്പിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ ;

(ബി) സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ഇതു സംബന്ധിച്ച് വ്യവസായ വകുപ്പിന് നൽകിയ റിപ്പോർട്ടിലെ വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ ?

<u>പഴയന്നൂർ വ്യവസായ പാർക്കിൽ അടിസ്ഥാന സൗകര്യങ്ങൾ</u>

2288. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ സിഡ്കോയ്ക്ക് വ്യവസായ പാർക്ക് സ്ഥാപിക്കുവാൻ പഴയന്നൂർ ഗ്രാമപഞ്ചായത്ത് സൗജന്യമായി എത്ര ഭൂമിയാണ് നൽകിയതെന്ന് പറയാമോ;

(ബി) തുടർന്ന് പഴയന്നൂർ വ്യവസായ പാർക്കിൽ സിഡ്കോ എത്ര പ്ലോട്ടുകൾ ചെറുകിട വ്യവസായികൾക്ക് അനുവദിച്ചു നൽകിയെന്നും അതിൽ നിന്നും എത്ര തുക ലഭിച്ചുവെന്നും പറയാമോ;

(സി) ഈ തുകയിൽ വ്യവസായ പാർക്കിനാവശ്യമായ റോഡ്, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുവാൻ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) വ്യവസായ പാർക്ക് പ്രവർത്തനം ആരംഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ഇനിയും അടിസ്ഥാനസൗകര്യങ്ങൾ പൂർത്തിയാക്കാത്തത് വ്യവസായ സംരംഭകർക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ:

(ഇ) എങ്കിൽ പരാതി പരിഹരിച്ച് വ്യവസായ പാർക്കിൽ അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമായും നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

<u>മാവേലിക്കര മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലങ്ങൾ</u>

2289. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) മണ്ഡലത്തിൽ വകുപ്പിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) മണ്ഡലത്തിൽ സ്ഥലം അനുവദിക്കുന്നതിനായി കഴിഞ്ഞ 4 വർഷത്തിനുള്ളിൽ വ്യവസായ വകുപ്പിൽ (ആലപ്പുഴ) ലഭ്യമായ അപേക്ഷകൾ എത്ര എണ്ണം ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) അനുവദിച്ച സ്ഥലങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

## പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് വിലയിരുത്തൽ

2290. ശ്രീ.ജോസഫ് വാഴയ്ക്കൻ

,, ഹൈബി ഈഡൻ

,, വി.ഡി.സതീശൻ

,, പി.സി വിഷ്ണുനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് വിലയിരുത്താൻ റേറ്റിംഗ് സമ്പ്രദായം നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

2291. പ്രൊഫ.സി.രവീന്ദ്രനാഥ് **:** താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്; അവയിൽ എത്രയെണ്ണം ലാഭത്തിൽ പ്രവർത്തിക്കുന്നു; അവ ഏതെല്ലാം; വിശദമാക്കാമോ?

## മട്ടന്നൂർ കിൻഫ്രാ വ്യവസായ പാർക്ക്

2292. ശ്രീ.ഇ.പി.ജയരാജൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ വെളിയാം പറമ്പിലെ കിൻഫ്രാ വ്യവസായ പാർക്കിന് എത്ര ഹെക്ടർ സ്ഥലം ഏറ്റെടുക്കുകയുണ്ടായി;

(ബി) എത്ര ഭൂവുടമകളുടെ പക്കൽ നിന്നുമാണ് സ്ഥലം ഏറ്റെടുത്തിട്ടുള്ളത്;

(സി) എത്ര ഭൂവുടമകൾക്ക് സ്ഥലം ഏറ്റെടുത്തതിനുള്ള നഷ്ടപരിഹാര തുക നൽകിയെന്നും എത്ര തുക ഇതിനായി വിനിയോഗിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) എത്ര ഭൂവുടമകൾക്കാണ് നഷ്ടപരിഹാര തുക നൽകാനുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ഭൂവുടമകൾക്ക് നഷ്ടപരിഹാര തുക നൽകുവാൻ കാലതാമസം നേരിടുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) നഷ്ടപരിഹാര തുക നൽകുവാനുള്ള ഭൂവുടമകൾക്ക് എപ്പോൾ നഷ്ടപരിഹാര തുക നൽകും എന്ന് വ്യക്തമാക്കുമോ?

## കാക്കഞ്ചേരി കിൻഫ്രാ ഫുഡ്പാർക്കിൽ സ്വർണ്ണാഭരണ നിർമ്മാണ യൂണിറ്റ്

2293. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കാക്കഞ്ചേരി കിൻഫ്രാ ഫുഡ്പാർക്കിൽ സ്വർണ്ണാഭരണങ്ങൾ നിർമ്മിക്കുന്ന യൂണിറ്റിന് സ്ഥലം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) സ്വർണ്ണാഭരണ നിർമ്മാണ പ്ലാന്റിൽ നിന്നുണ്ടാകുന്ന മാലിന്യങ്ങൾവഴിയുള്ള പരിസരമലിനീകരണം ഇല്ലാതാക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; ആയത് പര്യാപ്തമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) പ്ലാന്റിൽ നിന്നുള്ള ഖര-ദ്രാവക-വാതക മാലിന്യങ്ങൾ നിയന്ത്രിക്കാനുള്ള സംവിധാനം സംബന്ധിച്ച് വിശദമാക്കാമോ ;

(ഡി) പ്രസ്തുത പാർക്കിൽ ഇതിനകം ആരംഭിച്ച മറ്റ് യൂണിറ്റുകൾ ഏതെല്ലാമാണ്; ഭക്ഷ്യവസ്തുക്കൾ ഉൽപാദിപ്പിക്കുന്ന യൂണിറ്റുകൾ എത്ര;

(ഇ) അവയുടെ പ്രവർത്തനത്തിനും അവിടങ്ങളിലെ ഉൽപന്നങ്ങളെയും പ്രതികൂലമായി ബാധിക്കുന്നതാണോ നിർദ്ദിഷ്ട സ്വർണ്ണാഭരണ നിർമ്മാണ യൂണിറ്റ് പദ്ധതി; വിശദമാക്കാമോ;

(എഫ്) ഇത് സംബന്ധമായി ഉണ്ടായ പരാതികൾ ഏതൊക്കെയാണ്; അവയിന്മേൽ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ;

(ജി) ഏത് തരം വ്യവസായങ്ങളെ ലക്ഷ്യമാക്കിക്കൊണ്ടാണ് പ്രസ്തുത പാർക്ക് ആരംഭിച്ചിട്ടുണ്ടായിരുന്നത് ; വിശദാംശം നൽകുമോ?

## മട്ടന്നൂർ വെള്ളിയാംപറമ്പിലെ കിൻഫ്ര വ്യവസായ പാർക്ക്

2294. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ വെള്ളിയാംപറമ്പിലെ കിൻഫ്രാ വ്യവസായ പാർക്കിന് വ്യാവസായ വകുപ്പിന്റെ ഭരണാനുമതി ലഭിച്ചത് എത് ഉത്തരവു പ്രകാരമാണ്;

(ബി) വ്യവസായ പാർക്കിന്റെ പ്രോജക്ട് റിപ്പോർട്ട് പ്രകാരം എത്ര തുകയുടെ എസ്റ്റിമേറ്റിനാണ് അംഗീകാരം നല്കിയിട്ടുള്ളത്;

(സി) എത്ര തുകയുടെ കേന്ദ്രധനസഹായത്തിനുള്ള പ്രോജക്ടാണ് ഇതുമായി ബന്ധപ്പെട്ടു സമർപ്പിച്ചിട്ടുള്ളത്;

(ഡി) കേന്ദ്രധനസഹായത്തിനുള്ള പ്രോജക്ട് സമർപ്പിച്ചതെപ്പോഴാണ് ;

(ഇ) ഇതിൻമേൽ കേന്ദ്രഗവൺമെന്റ് കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ;

(എഫ്) ഇതിനോടകം സംസ്ഥാന ഗവൺമെന്റ് എത്ര തുക മട്ടന്നൂർ കിൻഫ്രാ വ്യവസായ പാർക്കിന് അനുവദിച്ചിട്ടുണ്ട് ;

(ജി) മട്ടന്നൂർ കിൻഫ്രാ വ്യവസായ പാർക്കിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു എട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

## സിഡ്കോയിലെ നിയമനം

2295. **ശ്രീ.കെ.വി.അബ്ദുൾ ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിഡ്കോയിൽ പി.എസ്.സി വഴിയല്ലാതെ അൺ സ്കിൽഡ് വർക്കർ തസ്തികയിൽ നിയമനത്തിനായി അപേക്ഷ ക്ഷണിച്ചിരുന്നോ;

(ബി) ഇതിനായിട്ടുള്ള നടപടി ക്രമങ്ങൾ പൂർത്തീയാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇതിനായി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുമോ; അതിൽ നിന്ന് എത്ര ഒഴിവുകളിലേയ്ക്കാണ് നിയമനം നടത്താൻ ഉദ്ദേശിക്കുന്നത്?

## അങ്കമാലിയിലെ കിൻഫ്രാ വ്യവസായ പാർക്

2296. **ശ്രീ.ജോസ് തെറ്റയിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലിയിൽ സ്ഥാപിക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കിൻഫ്രാ വ്യവസായ പാർക്കിനായി ഭൂമി ഏറ്റെടുക്കുന്നതിനെതിരെ ഹൈക്കോടതിയിൽ ഫയൽ (ഡബ്ല്യൂ.പി.(സി.)33795/2010)ചെയ്ത കേസിലെ സ്റ്റേ ഉത്തരവ് ഒഴിവാക്കി കിട്ടുന്നതിനായി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കുമോ ?

## കശുവണ്ടിയുടെ അനധികൃത കുടിവറുപ്പ്

2297. **ശ്രീ.പി.കെ.ഗുരുദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടിയുടെ അനധികൃത കുടിവറുപ്പ് നടത്തുന്നത് തടയുന്നതിന് വേണ്ടി സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) അനധികൃത കുടി വറുപ്പ് നടത്തുന്ന എത്ര സ്ഥാപനങ്ങൾ ഉണ്ടെന്ന് പരിശോധിച്ച് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) പ്രസ്തുത മാനേജമെന്റുകൾക്കെതിരെ കശുവണ്ടി അൺരജിസ്റ്റേർഡ് കാഷ്യൂനട്ട് ഫാക്ടറീസ് പ്രൊഹിബിഷൻ (അമന്റ്മെന്റ്) ആക്ട് അനുസരിച്ച് സ്വീകരിച്ച നടപടി വിശദമാക്കാമോ?

## കാപെക്സിന്റെ കശുവണ്ടി ഫാക്ടറികൾ

T 2298. **ശ്രീ.കെ.രാജു :** താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വിലക്കു വാങ്ങിയ കാപെക്സിന്റെ 10 കശുവണ്ടി ഫാക്ടറികളും അതിന്റെ ഭൂമിയും ഉടമസ്ഥർക്ക് മടക്കി നൽകണമെന്ന സുപ്രീം കോടതി വിധിയിലേക്കു നയിക്കപ്പെട്ട സാഹചര്യം വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ വസ്തുതകൾ യഥാവിധി സുപ്രീംകോടതിയെ ധരിപ്പിക്കുന്നതിനായി വിധിക്കെതിരെ പുനഃപരിശോധനാ ഹർജി നൽകുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

## ചെറുവണ്ണൂർ സ്റ്റീൽ കോംപ്ലക്സ്

2299. **ശ്രീ.എളമരം കരീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുവണ്ണൂർ സ്റ്റീൽ കോംപ്ലക്സിൽ 2011-12, 2012-13, 2013-14 വർഷങ്ങളിൽ പ്രവർത്തനശേഷി ഉപയോഗം എത്ര ശതമാനം വീതമാണ്;വിശദമാക്കുമോ ;

(ബി) പ്രസ്തുത വർഷങ്ങളിൽ എത്ര ടൺ വീതം സ്റ്റീൽ ഉൽപാദനം നടന്നു;

(സി) പ്രവർത്തനശേഷി പൂർണ്ണമായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ലെങ്കിൽ, കാരണം വിശദമാക്കുമോ ;

## <u>കാപ്പക്സിന്റെ കശുവണ്ടി ഫാക്ടറികൾ</u>

2300. ശ്രീ.എം.എ.ബേബി

,, പി.കെ.ഗുരുദാസൻ

ശ്രീമതി.പി. അയിഷാ പോറ്റി

ശ്രീ.ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാപ്പക്സിന്റെ കശുവണ്ടി ഫാക്ടറികൾ മുൻ ഉടമകൾക്ക് തിരിച്ചു നല്കണമെന്ന സുപ്രീംകോടതി വിധി വരാനുണ്ടായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത വിധി മൂലം ഈ മേഖലയിൽ ഉണ്ടായ പ്രതിസന്ധിയും ആശങ്കയും വിലയിരുത്തിയിട്ടുണ്ടോ;വ്യക്തമാക്കുമോ;

(സി) സുപ്രീം കോടതി വിധിക്ക് റിവ്യൂ ഹർജി നൽകണമെന്ന ആവശ്യത്തിന്മേൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ; ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) കശുവണ്ടി വ്യവസായം സംരക്ഷിക്കുന്നതിനും സുപ്രീംകോടതി വിധിയെ തുടർന്നുണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിനും കാപ്പക്സ് ഫാക്ടറികൾ പൊതുമേഖലയിൽ നിലനിർത്തുന്നതിനും എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

## <u>കെൽട്രോണിന്റെ നവീകരണം</u>

2301. ശ്രീ.മോൻസ് ജോസഫ്

,, റ്റി.യു. കുരുവിള

,, സി.എഫ്.തോമസ്

,, തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോണിന്റെ നവീകരണത്തിനായി നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) ഗുണനിലാരമുള്ള കമ്പ്യൂട്ടർ , മൊബൈൽ ഫോൺ തുടങ്ങിയ ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ വിപുലമായ ഉൽപാദന യൂണിറ്റ് ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ</u>

2302. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നുമുതലാണ്;

(ബി) പ്രവർത്തനം പുനരാരംഭിച്ച ശേഷമുള്ള സ്ഥാപനത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഒടുവിലെ വർഷത്തെ ലാഭം / നഷ്ടം എത്രയാണ്;

(സി) സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപുലമാക്കുന്നതിനും എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്?

<u>കശുവണ്ടി വികസന കോർപ്പറേഷൻ, **CAPEX**</u>

2303. **ശ്രീ.പി.കെ.ഗുരുദാസൻ :** താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെകാലത്ത് കശുവണ്ടി വികസന കോർപ്പറേഷൻ, CAPEX എന്നീ സ്ഥാപനങ്ങളിൽ എത്ര ജീവനക്കാരെ നിയമിച്ചു എന്നും എത്ര ജീവനക്കാർ വിരമിച്ചു എന്നുമുള്ള വിവരം സെക്ഷൻ തിരിച്ച് ലഭ്യമാക്കാമോ;

<u>**KSCDC, CAPEX** എന്നീ സ്ഥാപനങ്ങളിലെ തൊഴിൽ ദിനങ്ങൾ</u>

2304. **ശ്രീ.പി.കെ.ഗുരുദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-ൽ കശുവണ്ടി വികസന കോർപ്പറേഷൻ, CAPEX എന്നീ സ്ഥാപനങ്ങളിലെ ആകെ തൊഴിൽ ദിനങ്ങൾ എത്രയെന്നറിയിക്കാമോ;

(ബി) 2015 ജനുവരി, ഫെബ്രുവരി മാസങ്ങളിലെ KSCDC, CAPEX എന്നീ സ്ഥാപനങ്ങളിലെ തൊഴിൽ ദിനങ്ങൾ എത്ര;

(സി) സ്വകാര്യ ഫാക്ടറികളിലെ തൊഴിൽ ദിനങ്ങൾ സംബന്ധിച്ച വിശദവിവരം

ലഭ്യമാക്കാമോ?

<u>മെറ്റൽ ക്രഷർ യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ലൈസൻസുകൾ</u>

2305. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെറ്റൽ ക്രഷർ യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നതിന് വേണ്ടുന്ന ലൈസൻസുകൾ എന്തൊക്കെയാണ്; ഏതൊക്കെ ഡിപ്പാർട്ടുമെന്റുകളിൽ നിന്നാണ് ഇവ ഓരോന്നും ലഭിക്കുന്നതെന്ന് ഇനംതിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇത്തരം ലൈസൻസുകളോടുകൂടി സംസ്ഥാനത്ത് എത്ര ക്രഷറുകളാണ് പ്രവർത്തിച്ചുവരുന്നത്; ഇവയുടെ പേര്, ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) അനധികൃതമായി ഏതെങ്കിലും ക്രഷറുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അവയ്ക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കുമ്പോൾ, പശ്ചിമഘട്ട മേഖലയിൽ പ്രവർത്തിക്കുന്ന ക്രഷറുകളുടെ പ്രവർത്തനാനുമതി സംബന്ധിച്ച് എന്തു നിലപാടാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കാമോ;

(ഇ) ക്രഷറുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും നിയമവിധേയമായ അളവിലും, രീതിയിലുമാണ് ഖനനം നടക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിനും എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് നടപടി സ്വീകരിക്കുമോ;

(എഫ്) ക്രഷറുകളുടെ പ്രവർത്തനം സംബന്ധിച്ച് പരാതിയുണ്ടാകുന്നപക്ഷം, ഇത് പരിശോധിക്കുവാനും തീരുമാനമെടുക്കുന്നതിനും ഏതൊക്കെ ഉദ്യോഗസ്ഥർക്കാണ് അധികാരമുള്ളത്?

<u>വന മേഖലയിലെ ക്വാറികൾ</u>

T 2306. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനഭൂമിക്കടുത്ത് പ്രവർത്തിക്കുന്ന 70 ക്വാറികൾ ഏതെല്ലാമാണ്; ക്വാറികൾക്ക് ലൈസൻസ് ലഭിക്കാൻ ഉടമകൾ ഹാജരാക്കിയ ഭൂരേഖകൾ ഏതെല്ലാം; അവയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ക്വാറി ഉടമകളുടെ പേര് വിവരം ലഭ്യമാക്കാമോ?

## മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ ഇ ഗവേണൻസ് പദ്ധതി

2307. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ ഇ ഗവേണൻസ് പദ്ധതി തുടങ്ങിയത് ഏത് വർഷത്തിലാണ് ;

(ബി) പ്രസ്തുത ഇ ഗവേണൻസ് പദ്ധതിയുടെ പ്രത്യേകതകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയ്ക്കായി നാളിതുവരെ എത്ര രൂപ ചെലവഴിച്ചു എന്ന് അറിയിക്കാമോ;

(ഡി) ഏത് ഏജൻസിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് ; പ്രസ്തുത ഏജൻസി വഴി മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ എത്ര ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി ; ആർക്കൊക്കെ പരിശീലനം നൽകി ; പരിശീലനത്തിനായി നാളിതുവരെ എത്ര രൂപ ചെലവഴിച്ചു ;

(ഇ) പ്രസ്തുത പദ്ധതി എന്നാണ് പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നത് ;

(എഫ്) ക്വാറി മേഖലയിൽ പണിയെടുക്കുന്ന അഭ്യസ്തവിദ്യരല്ലാത്ത വിഭാഗങ്ങൾക്ക് ഇ ഗവേണൻസ് പദ്ധതി പ്രായോഗികമാണോ എന്ന് പഠനം നടത്തിയിട്ടുണ്ടോ ;

(ജി) ഈ വകുപ്പിലെ ഇ ഗവേണൻസ് പദ്ധതി പരാജയപ്പെടാതിരിക്കാൻ മുൻകരുതലുകൾ എടുത്തിട്ടുണ്ടോ ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; വകുപ്പിലെ ഇ ഗവേണൻസ് പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണ് ;

## ക്ലേയ്സ് ആന്റ് സിറാമിക് പ്രോഡക്ട് ലിമിറ്റഡ് കമ്പനി

2308. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ക്ലേയ്സ് ആന്റ് സിറാമിക് പ്രോഡക്ട് ലിമിറ്റഡ് കമ്പനി കാസർഗോഡ് ജില്ലയിലെ തലയടുക്കത്ത് GO(MS) 111/2004/1D തീയതി 25.09.2004 ഉത്തരവിൽ വ്യവസ്ഥ ചെയ്ത പ്രകാരം മൈനിംഗ് ലീസ് ഡീഡ് തയ്യാറാക്കിയിരുന്നോ; തയ്യാറാക്കിയിരുന്നുവെങ്കിൽ ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ബി) ഉത്തരവിൽ വ്യവസ്ഥ ചെയ്ത പ്രകാരം മൈനിംഗ് പ്ലാൻ തയ്യാറാക്കി അംഗീകാരം വാങ്ങിയിരുന്നുവോ; എങ്കിൽ ആയതിന്റെ പകർപ്പും വിശദാംശങ്ങളും ലഭ്യമാക്കാമോ;

(സി) മൈനിംഗ് പ്രദേശത്തിന്റെ കഡസ്ട്രൽ മാപ്പ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പുകൾ ലഭ്യമാക്കാമോ?

## കളിമണ്ണ് ഖനനാനുമതി

2309\. ശ്രീ.എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓട്ടു വ്യവസായത്തിനാവശ്യമായ കളിമണ്ണ് ഖനനം ചെയ്യാൻ അനുമതി നൽകുന്നത് സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്;

(ബി) കളിമണ്ണ് ഖനനാനുമതി എപ്പോൾ നൽകാനാകുമെന്ന് വ്യക്തമാക്കുമോ?

## കൈത്തറിസഹകരണ സംഘങ്ങൾക്ക് റിബേറ്റ് ഇനത്തിലുള്ള കുടിശ്ശിക തുക

2310\. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി രംഗത്തെ സഹകരണ സംഘങ്ങൾക്ക് റിബേറ്റ് ഇനത്തിൽ തുക കുടിശ്ശികയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുടിശ്ശിക വിതരണം ചെയ്യാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; കുടിശ്ശിക തുക എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## ഇ- ഡിസ്ട്രിക്റ്റ് പദ്ധതി

2311\. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് ഇ ഡിസ്ട്രിക്റ്റ് പദ്ധതി നടപ്പാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതി വഴി നൽകുന്ന സേവനങ്ങളെക്കുറിച്ചും സൗകര്യങ്ങളെക്കുറിച്ചും അവലോകനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

## ഇ-ഗവേണൻസ് പദ്ധതി

2312\. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-ഗവേണൻസ് പദ്ധതിയുടെ പുരോഗതി തൃപ്തികരമാണോ;

(ബി) പദ്ധതിയുടെ ഭാഗമായി അടിസ്ഥാന സൗകര്യ വികസനം, പരിപാലനം എന്നിവയുടെ പുരോഗതി വ്യക്തമാക്കുമോ;

(സി) പദ്ധതിയുടെ ഭാഗമായുള്ള വിർച്വൽ ഐ.ടി. കേഡറിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ?

<u>ഇ-പെയ്മെൻറ് ഗേറ്റ് വേ</u>

2313. ശ്രീ.ലൂഡി ലൂയിസ്

,, എം.പി.വിൻസെൻറ്

,, എ.പി.അബ്ദുള്ളക്കുട്ടി

,, കെ.ശിവദാസൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-പെയ്മെൻറ് ഗേറ്റ് വേ നിലവിൽ വന്നിട്ടുണ്ടോ ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) സർക്കാർ സേവനങ്ങൾക്കാവശ്യമായി വരുന്ന പണമിടപാട്ടുകൾ ഓൺലൈനായി നടത്താൻ എന്തെല്ലാം സൗകര്യങ്ങളാണ് ഇതിലുള്ളത് ; വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഇ-ഡിസ്ട്രിക്ട് പബ്ലിക് പോർട്ടൽ</u>

2314. ശ്രീ.സണ്ണി ജോസഫ്

,, തേറമ്പിൽ രാമകൃഷ്ണൻ

,, ടി.എൻ. പ്രതാപൻ

,, വർക്കല കഹാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഡിസ്ട്രിക്ട് പബ്ലിക് പോർട്ടൽ സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) സർക്കാർ സേവനങ്ങൾ ഓൺലൈനിലൂടെ ലഭിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഇതിൽ ഒരുക്കിയിരിക്കുന്നത് ;

(ഡി) പ്രസ്തുത സംവിധാനം വഴി എന്തെല്ലാം സേവനങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ലേൺ ടു കോർഡ് പദ്ധതി</u>

2315. ശ്രീ.വി.ഡി.സതീശൻ

,, എം.പി.വിൻസെൻറ്

,, ലൂഡി ലൂയിസ്

,, ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലേൺ ടു കോർഡ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) പുതുതലമുറയ്ക്ക് ഐ.റ്റി. വിദ്യാഭ്യാസം ഏറ്റവും സുഗമമായ രീതിയിലും ചെലവ് കുറഞ്ഞ വിധത്തിലും നേടുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>വിവിധ വെബ് സൈറ്റുകളുടെ സംയോജനം</u>

2316. ശ്രീ.ജോസഫ് വാഴയ്ക്കൻ

,, ഡൊമിനിക് പ്രസന്റേഷൻ

,, തേറമ്പിൽ രാമകൃഷ്ണൻ

,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്ന നിലവിലുള്ള വിവിധ വെബ് സൈറ്റുകളെ സംയോജിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) ആരുടെ സഹായത്തോടുകൂടിയാണ് ഇത് പ്രാവർത്തികമാക്കുന്നത്;

(ഡി) ഇതിനായി ഐ.ടി. വകുപ്പ് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

<u>അക്ഷയ സെന്ററുകൾ</u>

2317. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി അനുവദിച്ച അക്ഷയ സെന്ററുകൾ എത്രയെന്നു വ്യക്തമാക്കുമോ;

## അക്ഷയ സെന്ററുകൾ

2318. ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷത്തിൽ മലപ്പുറം ജില്ലയിൽ പുതുതായി എത്ര അക്ഷയ കേന്ദ്രങ്ങളാണ് അനുവദിച്ചിട്ടുള്ളത് എന്നും ഏതെല്ലാം പ്രദേശങ്ങളിലാണ് അനുവദിച്ചിട്ടുള്ളത് എന്നും വിശദമാക്കാമോ;

## അക്ഷയ കേന്ദ്രങ്ങൾ

2319. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ എത്ര അക്ഷയ കേന്ദ്രങ്ങൾ നിലവിൽ പ്രവർത്തിക്കുന്നു ; അവ ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലാണെന്നും വ്യക്തമാക്കാമോ ;

(ബി) അക്ഷയകേന്ദ്രങ്ങൾക്ക് അനുമതി നൽകുന്നതിനുള്ള മാനദണ്ഡമെന്താണ്; വിശദമാക്കാമോ ;

## മലപ്പുറം ജില്ലയിൽ ഐ.ടി. പാർക്ക്

2320. ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ഐ.ടി. പാർക്ക് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്നും, ഇതിനായി എത്ര ഏക്കർ സ്ഥലം വേണ്ടിവരുമെന്നും, എത്ര രൂപ നീക്കിവെച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) സർക്കാർ കണ്ടെത്തിയ ഭൂമിയുടെ 100 ഏക്കർ ചുറ്റളവിൽ പട്ടികജാതി കോളനി ഉൾപ്പടെ 200ലധികം വീടുകളും, കുടുംബ ശ്മശാനങ്ങളും, ക്ഷേത്രങ്ങളും, തണ്ണീർത്തടങ്ങളും, വഖഫ് ഭൂമിയും ഉണ്ടെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ;

(ഡി) റോഡ് ലെവലിൽ നിന്നും 200 അടി താഴ്ചയുള്ള ഈ മലഞ്ചരുവിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ചെലവ് കൂടും എന്ന് ഐ.റ്റി. വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) പ്രസ്തുത സ്ഥലത്തിനു പകരമായി എടവണ്ണ പഞ്ചായത്തിലെ പെരകമണ്ണ വില്ലേജിൽ

100 ഏക്കർ സ്ഥലം ഭൂവുടമകൾ വിട്ടു നൽകാൻ തയ്യാറാണെന്നുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) സർക്കാർ കണ്ടെത്തിയ ഭൂമിയുടെ വിലയെക്കാളും കുറഞ്ഞ വിലയും, നിർമ്മാണച്ചെലവ് കുറഞ്ഞതുമായ, പകരം നിർദ്ദേശിക്കപ്പെട്ട സ്ഥലം ഐ.റ്റി. പാർക്കിനായി പരിഗണിക്കുന്നത് ലാഭകരമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ജി) സർക്കാർ കണ്ടെത്തിയ സ്ഥലത്തിലൂടെ 220 കെ.വി. ലൈൻ കടന്നു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ 220 കെ. വി. ലൈനിനു താഴെ നിർമ്മാണ പ്രവൃത്തനങ്ങൾ നടത്താൻ സാധിക്കാത്ത കാര്യം വിലയിരുത്തിയിട്ടുണ്ടോ; ഇതിന് മുൻപ് മറ്റു സ്ഥലങ്ങളിൽ ഐ.റ്റി പാർക്കിനായി പ്രാഥമിക സർവ്വെകൾ നടത്തിയിട്ടുണ്ടായിരുന്നോ; എങ്കിൽ ആ സ്ഥലങ്ങൾ എന്തുകൊണ്ടാണ് പരിഗണിക്കാതിരുന്നത് എന്ന് വ്യക്തമാക്കാമോ?

## കൂട്ടായി ആസ്ഥാനമാക്കി അക്ഷയ കേന്ദ്രങ്ങൾ

2321. **ഡോ.കെ.ടി.ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ മംഗലം പഞ്ചായത്തിൽ എത്ര അക്ഷയ കേന്ദ്രങ്ങളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) മംഗലം പഞ്ചായത്തിലെ കൂട്ടായി ആസ്ഥാനമാക്കി ഒരു അക്ഷയ കേന്ദ്രം കൂടി അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇതിനായി ഏതെങ്കിലും അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ?

## പുറക്കാട് ഐ.ടി പാർക്ക്

2322. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുറക്കാട് ഐ.ടി പാർക്ക് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(സി) ഐ.ടി പാർക്ക് എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## സർക്കാർ സേവനങ്ങൾക്ക് ഓൺ ലൈൻ സംവിധാനം

2323. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നൽകുന്ന എല്ലാ സേവനങ്ങൾക്കുമുള്ള അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം നിലവിൽ ലഭ്യമാണോ;

(ബി) ഇല്ലായെങ്കിൽ ഇത്തരമൊരു സംവിധാനം ഒരുക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണ്;

(സി) സർക്കാർ സേവനങ്ങൾക്കുള്ള എല്ലാ അപേക്ഷാ ഫോറങ്ങളും സർക്കാർ വെബ് സൈറ്റിൽ നിലവിൽ ലഭ്യമാണോ;

(ഡി) ഇല്ലായെങ്കിൽ ഇത്തരം എല്ലാ അപേക്ഷാ ഫോറങ്ങളും സർക്കാർ വെബ് സൈറ്റിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) സർക്കാർ സേവനങ്ങളെല്ലാം ഒരു വെബ് സൈറ്റുവഴി ലഭ്യമാക്കുന്നതിന് നിലവിലുള്ള ഒന്നിലധികം വെബ് സൈറ്റുകളെ സംയോജിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ ഈ സംവിധാനത്തിൽ എല്ലാ വകുപ്പുകളെയും ഉൾപ്പെടുത്തി വിപുലമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>വൈപ്പിൻ മണ്ഡലത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വീട് വയ്ക്കുന്നതിനുള്ള സാമ്പത്തിക സഹായം</u>

2324. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തിക വർഷത്തിൽ വൈപ്പിൻ മണ്ഡലത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് വീട് വയ്ക്കുന്നതിനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കിയെന്ന് വിശദീകരിക്കാമോ;

(ബി) അവർക്ക് നൽകേണ്ട ധനസഹായത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടെന്നും എന്നത്തേയ്ക്ക് തുക അനുവദിക്കാനാകുമെന്നും വ്യക്തമാക്കാമോ;

(സി) വീട് നിർമ്മിക്കുന്നതിനുള്ള ധനസഹായത്തിന് വൈപ്പിൻ മണ്ഡലത്തിലെ എത്ര പേർക്കാണ് ഇനിയും തുക അനുവദിക്കുവാനുള്ളതെന്ന് വ്യക്തമാക്കാമോ?

<u>പട്ടികവർഗ്ഗ മേഖലകളുടെ സുസ്ഥിര വികസനം</u>

2325. ശ്രീ.വി.പി.സജീന്ദ്രൻ
,, ഐ.സി.ബാലകൃഷ്ണൻ
,, തേറമ്പിൽ രാമകൃഷ്ണൻ

,, കെ.മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ മേഖലകളുടെ സുസ്ഥിര വികസനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പദ്ധതിവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പട്ടികവർഗ്ഗ കേന്ദ്രങ്ങളെ മാതൃകാ വികസന ഗ്രാമങ്ങളാക്കി മാറ്റുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്?

"ആശിക്കും ഭൂമി ആദിവാസിക്ക് " പദ്ധതി

2326. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) "ആശിക്കും ഭൂമി ആദിവാസിക്ക് "എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; ഈ പദ്ധതിക്ക് എത്ര തുക നീക്കിവെച്ചിട്ടുണ്ട്; എന്ന് മുതലാണ് പദ്ധതി ആരംഭിച്ചത്;വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർക്ക് ഭൂമി നൽകിയെന്നും എത്ര രൂപ ചിലവഴിച്ചു എന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി ഇപ്പോഴും തുടരുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

പി.വി.റ്റി.ജി പദ്ധതി

2327. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.വി.റ്റി.ജി പദ്ധതിയുടെ ഭാഗമായി ഭവനനിർമ്മാണം, മണ്ണ്, ജലസംരക്ഷണം, റോഡുകൾ എന്നിവക്കായി ചെലവഴിച്ച തുക ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) വൈദ്യുതീകരണം പൂർത്തിയാക്കിയ സങ്കേതങ്ങളുടെ പട്ടികയും ഓരോ സങ്കേതത്തിലും ചെലവഴിച്ച തുകയും വ്യക്തമാക്കാമോ;

(സി) കുടിവെള്ള പദ്ധതി നടപ്പാക്കുന്ന സങ്കേതങ്ങളുടെ പട്ടികയും പൂർത്തിയാക്കിയ

സങ്കേതങ്ങളിൽ ചെലവഴിച്ച തുകയും എത്രയെന്ന് വ്യക്തമാക്കാമോ?

ആറളം ആദിവാസി പുനരുദ്ധാരണത്തിനായി നീക്കി വെച്ചിട്ടുള്ള ഭൂമി

2328. ശ്രീ.സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറളം ആദിവാസി മേഖലകളിൽ എത്ര ഏക്കർ സ്ഥലമാണ് ഇതിനോടകം ആദിവാസി പുനരുദ്ധാരണത്തിനായി നൽകിയിട്ടുള്ളത്; ആദിവാസികൾക്ക് നൽകിയിട്ടുള്ള ചില പ്ലോട്ടുകൾ മനുഷ്യവാസത്തിനും കൃഷിയ്ക്കും യോജ്യമല്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത്തരത്തിൽ അനുവദിച്ചിട്ടുള്ള പ്ലോട്ടുകൾക്ക് പകരം പ്ലോട്ടുകൾ നൽകണമെന്ന അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ ഏത്ര പ്ലോട്ടുകൾ മാറ്റി നൽകിയിട്ടുണ്ട്; ഇനിയും വിതരണം ചെയ്യുവാൻ എത്ര ഏക്കർ ഭൂമിയാണ് അവശേഷിക്കുന്നത്;

(ബി) ആറളം ഫാമിനായി നീക്കി വെച്ചിട്ടുള്ള ഭൂമിയിൽ കൃഷി വികസനത്തിനും വരുമാനവർദ്ധനവിനും സ്വീകരിച്ച നടപടികൾ ഏന്തെല്ലാം?

റ്റി.ആർ.ഡി.എം. വഴി നൽകിയിട്ടുള്ള ഭൂമി

2329. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ട്രൈബൽ റീസെറ്റിൽമെന്റ് ആന്റ് ഡവലപ്പ്മെന്റ് മിഷൻവഴി നൽകിയിട്ടുള്ള ഭൂമിയുടെയും ആയത് ലഭിച്ചവരുടെയും വിശദവിവരങ്ങൾ നൽകുമോ;

(ബി) റ്റി.ആർ.ഡി.എം. ന് ലഭിച്ചിട്ടുള്ള ഫണ്ട് ഉപയോഗിച്ച് എത്ര ഭൂമി വിലയ്ക്കുവാങ്ങി പട്ടികവർഗ്ഗക്കാർക്ക് നൽകിയിട്ടുണ്ട്; വിശദവിവരം നൽകുമോ?

സമഗ്ര ആദിവാസി കോളനി വികസന പദ്ധതി

2330. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആദിവാസി കോളനി വികസന പദ്ധതി പ്രകാരം കൽപ്പറ്റ നിയോജകമണ്ഡലത്തിലെ ഏതെല്ലാം കോളനികളെയാണ് തെരഞ്ഞെടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം വികസന പദ്ധതികളാണ് ഓരോ കോളനിയിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി ഓരോ കോളനിയിലും ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന തുക എത്രയെന്ന് വ്യക്തമാക്കുമോ?

<u>പട്ടിക വർഗ്ഗ വകുപ്പ് മന്ത്രി മുഖേനയുള്ള ചികിത്സ ധനസഹായം</u>

2331. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടിക വർഗ്ഗ വകുപ്പ് മന്ത്രി മുഖേന എത്ര തുക ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ടെന്ന് ജില്ലാ അടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(ബി) പ്രസ്തുത ഇനത്തിൽ കണ്ണൂർ ജില്ലയിൽ ചികിത്സാ ധനസഹായം അനുവദിച്ചവരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>പട്ടിക വർഗ്ഗ ക്ഷേമത്തിനായി നീക്കി വച്ച തുക</u>

2332. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പട്ടിക വർഗ്ഗ വിഭാഗത്തിന്റെ വിവിധ ക്ഷേമ പദ്ധതികൾക്കായി നീക്കിവെച്ച തുകയിൽ ഏതൊക്കെ പദ്ധതികൾക്കായി ഇതിനകം എത്ര തുക വീതം ചെലവഴിച്ചെന്ന് വിശദമാക്കാമോ?

<u>ആദിവാസി ഗോത്ര മഹാസഭയുടെ നില്പ് സമരത്തിന്റെ ഒത്തുതീർപ്പ് വ്യവസ്ഥകൾ</u>

2333. **ശ്രീ.സി.മോയിൻ കുട്ടി**

**,,** പി.ബി. അബ്ദുൾ റസാക്

**,,** വി.എം.ഉമ്മർ മാസ്റ്റർ

**,,** എൻ. ഷംസുദ്ദീൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും

യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ഗോത്ര മഹാസഭയുടെ നില്പ് സമരത്തിന്റെ ഒത്തുതീർപ്പ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് ഏർപ്പെടുത്തുന്ന സംവിധാനങ്ങളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര ആദിവാസികളാണ് ഇതിന്റെ പ്രയോജന പരിധിയിൽ വരികയെന്നും, എന്ത് തുകയുടെ അധിക ബാദ്ധ്യതയാണുണ്ടാവുകയെന്നും വെളിപ്പെടുത്തുമോ?

<u>വൈക്കം നിയോജക മണ്ഡലത്തിലെ പട്ടികവർഗ്ഗ വിഭാഗങ്ങൾ</u>

2334. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജക മണ്ഡല പരിധിയിലുള്ള പഞ്ചായത്ത്, വില്ലേജ് പ്രദേശങ്ങളിൽ ഏതെല്ലാം പട്ടികവർഗ്ഗ വിഭാഗങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ വിഭാഗങ്ങളുടെ സാമ്പത്തിക ഉന്നമനത്തിനായി എന്തെല്ലാം പദ്ധതികളാണ് വൈക്കം നിയോജകമണ്ഡലത്തിൽ നടപ്പാക്കിയതെന്ന് വ്യക്തമാക്കാമോ;

(സി) വൈക്കം നിയോജക മണ്ഡലത്തിലെ പട്ടികവർഗ്ഗ വിഭാഗങ്ങളിലെ എത്ര കുടുംബങ്ങൾക്കാണ് സ്വന്തമായി ഭൂമിയും വീടും ഇല്ലാത്തതെന്ന് കണ്ടെത്തിയിട്ടുള്ളതെന്നും ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

<u>ആദിവാസി മേഖലയിലെ വികസന പ്രവർത്തനങ്ങൾ</u>

2335. **ശ്രീ.എ.കെ.ബാലൻ**
**,, കെ.വി.വിജയദാസ്**
**ശ്രീമതി.കെ.എസ്.സലീഖ**
**ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി മേഖലയിൽ ആരോഗ്യം, വിദ്യാഭ്യാസം മറ്റ് വികസന പ്രവർത്തനങ്ങൾ എന്നിവയ്ക്കായി ഈ സർക്കാരിന്റെ കാലയളവിൽ ചെലവഴിച്ച തുകയും അതത് മേഖലയിൽ ഉണ്ടായിട്ടുള്ള പുരോഗതിയും അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; നിക്ഷേപ പ്രയോജന വിശകലനം വെളിപ്പെടുത്താമോ;

(ബി) കോടിക്കണക്കിന് രൂപ ചെലവിട്ട് കഴിയുമ്പോഴും ആദിവാസികൾ പഴയ നിലയിൽ തന്നെ നിൽക്കുന്നു എന്ന വിവിധ മേഖലയിലുള്ള പഠനങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആദിവാസികളുടെ പുരോഗതിക്കായി വിനിയോഗിക്കുന്ന പണം ചോരുന്ന വഴികൾ ഏതൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

## ആദിവാസി ഊരുകളിലെ അനാരോഗ്യപ്രവണതകൾ

2336. ശ്രീ.റോഷി അഗസ്റ്റിൻ

,, പി.സി. ജോർജ്

,, എം.വി.ശ്രേയാംസ് കുമാർ

ഡോ.എൻ. ജയരാജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി ഊരുകളിൽ കണ്ടുവരുന്ന മദ്യപാനം, ശൈശവ വിവാഹം. അനാചാരങ്ങൾ തുടങ്ങിയ അനാരോഗ്യപ്രവണതകൾ ആ സമൂഹത്തിന് കടുത്ത ഭീഷണി ഉയർത്തുന്ന കാര്യം പട്ടികവർഗ്ഗ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഇടമലക്കുടി പോലുള്ള വാഹന സൗകര്യം ഇല്ലാത്ത ആദിവാസികുടികളിൽ ആർത്തവ നിയന്ത്രണത്തിനുള്ള ഗുളികകളുടെ അമിതോപയോഗം വ്യാപകമായതുമൂലം സ്ത്രീകൾ അഭിമുഖീകരിക്കുന്ന ആരോഗ്യപ്രശ്നങ്ങൾക്ക് എപ്രകാരം പരിഹാരം കാണാനാണ് പട്ടികവർഗ്ഗ വകുപ്പ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ആദിവാസി സമൂഹത്തിൽ പ്രത്യേക പരിഗണനയും ശ്രദ്ധയും വേണ്ട കുടികളിൽ ഇത്തരം അനാരോഗ്യ പ്രവണതകൾ ഫലപ്രദമായി നിയന്ത്രിക്കുന്നതിനുതകുന്ന ബോധവൽക്കരണ പരിപാടികൾ ശക്തിപ്പെടുത്താൻ വകുപ്പ് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ആദിവാസി കോളനികളിൽ ബോധവല്ക്കരണം

2337. ശ്രീ.എ.എ.അസീസ്

,, കോവൂർ കുഞ്ഞുമോൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി കോളനികളിൽ അവിവാഹിതരായ അമ്മമാരുടെ എണ്ണം വർദ്ധിക്കാതിരിക്കാൻ ബോധവൽക്കരണം നടത്താറുണ്ടോ എന്ന് വ്യക്തമാക്കാമോ ?

(ബി) ഉണ്ടെങ്കിൽ ആരെയൊക്കെയാണ് ബോധവൽക്കരിക്കുന്നത് എന്നും ആരാണ് ആയത് സംഘടിപ്പിക്കുന്നത് എന്നും അറിയിക്കുമോ ;

(സി) ബോധവൽക്കരണ സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ഊർജ്ജിതപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>പരിയാരം മെഡിക്കൽ കോളേജിന് നൽകാനുള്ള കുടിശ്ശിക</u>

2338. **ശ്രീ.ടി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിയാരം മെഡിക്കൽ കോളേജിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിന് പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് വിദഗ്ദ്ധ ചികിത്സ സൗജന്യമായി ലഭ്യമാക്കിയതിലൂടെ പരിയാരം മെഡിക്കൽ കോളേജിന് എത്ര രൂപ നൽകാനുണ്ട് ; വിശദാംശം നൽകുമോ ; കുടിശ്ശിക നൽകുവാൻ നടപടി സ്വീകരിക്കുമോ ?

<u>ആദിവാസി കുട്ടികളിലെ പോഷകാഹാരക്കുറവ് പരിഹരിക്കാൻ നടപടി</u>

2339. **ശ്രീ.എ.എ.അസീസ്**
**,, കോവൂർ കുഞ്ഞുമോൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ഊരുകളിലും കോളനികളിലും പോഷകാഹാര കുറവ് മൂലം കുട്ടികൾ മരണപ്പെടുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;വ്യക്തമാക്കാമോ ;

(ബി) എങ്കിൽ കുട്ടികളിലെ പോഷകാഹാര കുറവ് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

<u>ആദിവാസി ജനവിഭാഗങ്ങളുടെ ദുഃസ്ഥിതി</u>

2340. ശ്രീ.എ.കെ.ബാലൻ

,, കെ.കുഞ്ഞമ്മത് മാസ്റ്റർ

,, കെ.കെ.ജയചന്ദ്രൻ

,, കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ജനവിഭാഗങ്ങൾ വിവരണാതീതമായ ദുരിതമനുഭവിക്കുകയാണെന്ന കാര്യം സർക്കാരിനറിയാമോ;

(ബി) ആദിവാസി വിഭാഗങ്ങൾ ഇന്ന് അനുഭവിക്കുന്ന ദുഃസ്ഥിതി പരിഹരിക്കാൻ അടിയന്തര നടപടികൾ കൈക്കൊള്ളാമോ?

<u>ഹാംലറ്റ് വികസന പദ്ധതി</u>

2341. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാംലറ്റ് വികസന പദ്ധതിയിൽ മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പട്ടികവർഗ്ഗ കോളനികളെ ഉൾപ്പെടുത്തിയിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികവർഗ കോളനി വികസനത്തിന് എത്ര തുകയാണ് ലഭ്യമാക്കിയിട്ടുള്ളത്;

(സി) പ്രസ്തുത പദ്ധതി പ്രകാരമുള്ള വികസന പ്രവർത്തനങ്ങൾ അംഗീകരിക്കുന്നതിന് സ്പെഷ്യൽ ഊരുകൂട്ടം ചേർന്ന് അംഗീകരിച്ച പദ്ധതിനിർദ്ദേശങ്ങൾ ഗവൺമെന്റിന് എന്നാണ് സമർപ്പിച്ചത്;

(ഡി) പ്രസ്തുത പദ്ധതി നിർദ്ദേശങ്ങൾ അംഗീകരിച്ച് ഭരണാനുമതി നല്കുകയുണ്ടായോ ; എങ്കിൽ ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) പദ്ധതി പ്രവർത്തനങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ?

<u>പ്രാക്തന ഗോത്ര വിഭാഗത്തിന്റെ ജീവിത നിലവാരം ഉയർത്തുന്നതിനായുള്ള പ്രത്യേക പദ്ധതി</u>

2342. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്യാക്തന ഗോത്ര വിഭാഗത്തിൽപ്പെടുന്ന ജനവിഭാഗങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനായുള്ള പ്രത്യേക പദ്ധതി (പി.വി.ടി.ജി.) പ്രകാരം, ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ആതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ഷോളയാർ, ആനക്കയം, പെരിങ്ങൽ, പെരുമ്പാറ, വാഴച്ചാൽ തുടങ്ങിയ കാടർ കോളനികളിൽ നടപ്പാക്കുന്ന ഭവന നിർമ്മാണമടക്കമുള്ള വികസന പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(ബി) വീടുകളുടെ നിർമ്മാണം ആരംഭിച്ച് 4 വർഷം പിന്നിട്ടിട്ടും പണിപൂർത്തിയാക്കാത്തതുമൂലം പ്രസ്തുത കുടുംബങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകളും, പദ്ധതിയുടെ നിർവ്വഹണത്തിലുണ്ടായിട്ടുള്ള കെടുകാര്യസ്ഥതയും അഴിമതിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആക്ഷേപങ്ങൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനും, ഇത്തരം വികസന പ്രവർത്തനങ്ങൾ ബന്ധപ്പെട്ട ജനപ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി സുതാര്യമായി നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

## പ്രാക്തന ഗോത്രവർഗ്ഗ പദ്ധതി

2343. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാക്തന ഗോത്രവർഗ്ഗ പദ്ധതിയുടെ ഭാഗമായി ഓരോ വർഷവും എത്ര രൂപ വീതം നീക്കി വച്ചിട്ടുണ്ടായിരുന്നു;വിശദമാക്കുമോ;

(ബി) ഓരോ വർഷവും ഏതെല്ലാം ഊരുകളിലാണ് പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചത്;ജില്ലയും പഞ്ചായത്തും തിരിച്ചുള്ള കണക്ക് അറിയിക്കുമോ;

(സി) എത്ര രൂപയാണ് ഓരോ ഊരിലേക്കും നീക്കിവച്ചത്;വ്യക്തമാക്കാമോ;

(ഡി) ഏതെല്ലാം ഊരുകളിലെ പദ്ധതി പൂർത്തിയാക്കിയെന്നും മറ്റ് സ്ഥലങ്ങളിലെ പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്നും അറിയിക്കുമോ ;

(ഇ) പൂർത്തിയാക്കിയ പദ്ധതികൾക്ക് എത്ര രൂപ വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

## എറവാളൻ സമുദായകാർക്ക് പട്ടികവർഗ്ഗ സർട്ടിഫിക്കറ്റ്

T 2344. ശ്രീ.വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലുള്ള പുത്തൻപാടം, പറത്തോട്, മാത്തൂർ എന്നീ കോളനികളിലെ നൂറോളം വരുന്ന എറവാളൻ സമുദായത്തിലുള്ള പട്ടികവർഗ്ഗ വിഭാഗക്കാരുടെ ബന്ധുക്കൾക്ക് പട്ടികവർഗ്ഗ സർട്ടിഫിക്കറ്റ് ലഭിക്കാത്തത് സംബന്ധിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വിഷയത്തിൽ അടിയന്തര പഠനം നടത്തി എറവാളൻ സമുദായത്തിലുള്ള മുഴുവൻ പേർക്കും പട്ടികവർഗ്ഗ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

<u>ഹാംലറ്റ് ഡെവലപ്പ്മെന്റ് പദ്ധതി</u>

2345. ശ്രീ.ഐ.സി.ബാലകൃഷ്ണൻ

,, വി.പി.സജീന്ദ്രൻ

,, ജോസഫ് വാഴയ്ക്കൻ

,, കെ.ശിവദാസൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരഞ്ഞെടുത്ത ഗോത്രവർഗ്ഗ ഗ്രാമങ്ങളിൽ ഹാംലറ്റ് ഡെവലപ്പ്മെന്റ് പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പദ്ധതി വഴി എന്തെല്ലാം ആനുകൂല്യങ്ങളും സേവനങ്ങളുമാണ് ലഭ്യമാക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി രൂപീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ആശിക്കുന്ന ഭൂമി ആദിവാസിക്ക് സ്വന്തം പദ്ധതി</u>

2346. ശ്രീ.വി.ശശി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശിക്കുന്ന ഭൂമി ആദിവാസിക്ക് സ്വന്തം പദ്ധതിയിൽപ്പെടുത്തി ഏതെല്ലാം ജില്ലകളിൽ എത്ര പേർക്ക് ഭൂമി രജിസ്റ്റർ ചെയ്ത് നൽകി; അവരുടെ പേരുവിവരം ലഭ്യമാക്കാമോ;

(ബി) ഓരോരുത്തർക്കും ഭൂമിക്ക് നൽകിയ തുക എത്രയാണ്;

(സി) ഓരോരുത്തർക്കും പ്രസ്തുത പദ്ധതിയിൻ കീഴിൽ ലഭിച്ച ഭൂമിയുടെ അളവ് എത്രയെന്ന് വ്യക്തമാക്കുമോ?

<u>ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ പട്ടികവർഗ്ഗ ഉപ പദ്ധതി വിഹിതം</u>

2347. ശ്രീ.പുരുഷൻ കടലുണ്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ കോട്ടൂർ, കായണ്ണ, ഉണ്ണിക്കുളം ഗ്രാമപഞ്ചായത്തുകളിലെ പട്ടികവർഗ്ഗ ജനസംഖ്യക്ക് ആനുപാതികമായി പട്ടികവർഗ്ഗ ഉപ പദ്ധതി വിഹിതം അനുവദിക്കാത്ത കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് നിലവിൽ ലഭ്യമായ ജനസംഖ്യാ വിവരങ്ങൾ പ്രകാരം തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ??

<u>പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ വായ്പാ കുടിശ്ശിക</u>

2348. ശ്രീ.കെ.രാധാകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ധനകാര്യ സ്ഥാപനങ്ങളിലുള്ള വായ്പാ കുടിശ്ശിക എഴുതിത്തള്ളാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) അപ്രകാരം തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ സർക്കാർ ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കാമോ?

<u>സുഭാഷിൻറെ മരണ കാരണം</u>

2349. ശ്രീ.സി.കെ സദാശിവൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വകുപ്പിൻ കീഴിൽ തലപ്പുഴയിലുള്ള പ്രീ മെട്രിക് ഹോസ്റ്റലിലെ ആദിവാസി വിദ്യാർത്ഥി ചികിത്സ ലഭിക്കാതെ മരിച്ച സംഭവം അന്വേഷിക്കുകയുണ്ടായോ; മരണ കാരണം എന്തായിരുന്നു ;

(ബി) ചികിത്സ ലഭ്യമാക്കുന്നതിലുണ്ടായ വീഴ്ചകൾ എന്തെല്ലാമായിരുന്നു ?

## ഗോത്രജ്യോതി പദ്ധതി

2350. ശ്രീ.ഹൈബി ഈഡൻ

,, ഷാഫി പറമ്പിൽ

,, വി.റ്റി.ബൽറാം

,, പി.സി വിഷ്ണുനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോത്രജ്യോതി പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്യേശലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുമായി ഏതെല്ലാം ഏജൻസികളാണ് സഹകരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പട്ടികവർഗ്ഗ യുവാക്കൾക്ക് തൊഴിൽ നൈപുണ്യത്തിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നു വിശദീകരിക്കാമോ?

## ആദിവാസികളുടെ ഭൂമി കൈമാറ്റം

2351. ശ്രീ.എ.കെ.ബാലൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളുടെ ഭൂമി കൈമാറ്റം ചെയ്യാനോ, വില്പന നടത്താനോ പാടില്ലെന്ന നിയമം സംസ്ഥാനത്ത് ഉണ്ടോ; ഉണ്ടെങ്കിൽ എന്നു മുതലാണ് ഈ നിയമം പ്രാബല്യത്തിൽ വന്നത്;

(ബി) ഈ നിയമപ്രകാരം ആദിവാസികളുടെ ഭൂമി വാങ്ങുകയോ കൈവശപ്പെടുത്തുകയോ ചെയ്തതായ എത്ര സംഭവങ്ങൾ ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; കൈവശപ്പെടുത്തിയ ഭൂമിയുടെ അളവ് ഉൾപ്പെടെയുള്ള വിവരങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ നിയമപ്രകാരം എത്ര ഭൂമി ഇതിനകം തിരികെ നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിവരങ്ങൾ വ്യക്തമാക്കുമോ;

(ഡി) ഈ നിയമപ്രകാരം എത്ര കേസ്സുകൾ ഇപ്പോൾ കോടതികളിലുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ;

(ഇ) ഈ നിയമത്തിൽ ഭേദഗതി വരുത്താനോ പുതിയ നിയമം കൊണ്ടുവരാനോ

ഉദ്ദേശിക്കുന്നുണ്ടോ; അപ്രകാരം ചെയ്യുമെന്ന് ഏതെങ്കിലും ആദിവാസി സംഘടനകൾക്ക് സർക്കാർ ഉറപ്പ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

## മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ള ആദിവാസി ഊരുകൾ

2352. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി ഊരുകളുമായി ബന്ധപ്പെട്ട മേഖലകളിൽ മാവോയിസ്റ്റ് സ്വാധീനവും സാന്നിദ്ധ്യവും വർദ്ധിക്കുന്നത് സംബന്ധിച്ച റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ മേഖലകളിൽ മാവോയിസ്റ്റുകൾ പ്രവർത്തനം കേന്ദ്രീകരിക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ആദിവാസി വിഭാഗങ്ങളുടെ മേൽ മറ്റുള്ളവർ നടത്തുന്ന ചൂഷണം കാരണമാണ് ഈ വിഭാഗങ്ങളിൽ മാവോയിസ്റ്റുകൾ സ്വാധീനിക്കാൻ ശ്രമിക്കുന്നതെന്ന റിപ്പോർട്ടുകൾ സർക്കാർ പരിഗണിച്ചിട്ടുണ്ടോ;

(ഡി) ഏതെല്ലാം ആദിവാസി ഊരുകളിലാണ് മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ളതായി കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ?

## പട്ടികവർഗ്ഗ ഭവന നിർമ്മാണ പദ്ധതി

2353. **ശ്രീ.എം.ഉമ്മർ**

**,,** പി.കെ.ബഷീർ

**,,** കെ.എം.ഷാജി

**,,** കെ.എൻ.എ.ഖാദർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാരുടെ പാർപ്പിട പ്രശ്നത്തിന് പരിഹാരമായി സംസ്ഥാനം നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതികളെ സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇതിനായി എല്ലാ പദ്ധതികളിലും കൂടി 2013-14 വർഷത്തിൽ എന്തു തുക വകയിരുത്തി ; എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി;

(സി) ഗുണഭോക്താക്കൾക്ക് പണം നേരിട്ട് നൽകുന്നത് സ്വകാര്യ ഏജൻസികൾക്ക്

നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും കൃത്രിമം നടത്താനും സൗകര്യം നൽകുന്നതിനാൽ സർക്കാർ ഏജൻസികൾ മുഖേന നിർമ്മാണം നടത്താൻ തക്കവിധം വ്യവസ്ഥകളിൽ മാറ്റം വരുത്തുമോയെന്ന് വ്യക്തമാക്കുമോ?

<u>പട്ടികവർഗ്ഗ കോളനികളുടെ സമഗ്രവികസന പദ്ധതികൾ</u>

2354. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം മണ്ഡലത്തിലെ ചിതറ ഗ്രാമപഞ്ചായത്തിലെ വഞ്ചിയോട്, ഇടപ്പണ പട്ടികവർഗ്ഗ കോളനികളുടെ സമഗ്രവികസനത്തിനായി പ്രഖ്യാപിച്ച ഒരു കോടി രൂപയുടെ പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) പദ്ധതി നടത്തിപ്പ് വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>പട്ടികവർഗ്ഗ സങ്കേതങ്ങൾക്കായി പദ്ധതി</u>

2355. **ശ്രീ.വി.പി.സജീന്ദ്രൻ**

**,, ഐ.സി.ബാലകൃഷ്ണൻ**

**,, ഡൊമിനിക് പ്രസന്റേഷൻ**

**,, വർക്കല കഹാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സാംസ്കാരിക മൂല്യങ്ങളും പ്രവർത്തനങ്ങളും സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുവാൻ എന്തെല്ലാം കാര്യങ്ങളാണ് പട്ടികവർഗ്ഗ സങ്കേതങ്ങൾക്കായുള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(ബി) പ്രസ്തുത പദ്ധതി നടപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

<u>അട്ടപ്പാടിയിലെ ശിശുമരണം</u>

2356. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) അട്ടപ്പാടിയിലെ ശിശു മരണങ്ങൾ തടയുന്നതിനായി പ്രത്യേക പാക്കേജ് പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഇടമലക്കുടിയിൽ എം.ആർ.എസ്</u>

2357. **ശ്രീ.എസ്.രാജേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടമലക്കുടിയിൽ എം.ആർ.എസ്. സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ എം.ആർ.എസ്. സ്ഥാപിക്കാൻ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോ?

<u>അടിച്ചിൽതൊട്ടി ആദിവാസി കോളനി റോഡ് നിർമ്മാണം</u>

2358. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പള്ളി ഗ്രാമപഞ്ചായത്തിലെ അടിച്ചിൽതൊട്ടി ആദിവാസി കോളനി റോഡ് നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(ബി) നിർമ്മാണം ഉടൻ ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

<u>ആദിവാസികൾക്കിടയിൽ ആരോഗ്യ ബോധവൽക്കരണം</u>

2359. **ശ്രീ.ഐ.സി.ബാലകൃഷ്ണൻ**
**,,** വി.പി.സജീന്ദ്രൻ
**,,** എം.എ. വാഹീദ്
**,,** പി.എ.മാധവൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്കിടയിൽ ആരോഗ്യ ബോധവൽക്കരണം നടത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ആരോഗ്യ ബോധവൽക്കരണത്തിനായി പ്രമോട്ടർമാരെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പ്രമോർട്ടർമാർക്ക് എന്തെല്ലാം പരിശീലനങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ:

(ഡി) പ്രസ്തുത പ്രമോർട്ടർമാരെ തെരഞ്ഞെടുക്കുന്ന രീതി വ്യക്തമാക്കുമോ ?

## അട്ടപ്പാടിയിൽപട്ടികവർഗ്ഗ വകുപ്പ് അനുവദിച്ച തുക

2360. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അട്ടപ്പാടിയിൽ മാത്രമായി ആദിവാസികൾക്കായി എത്ര രൂപ പട്ടികവർഗ്ഗ വകുപ്പ് അനുവദിച്ചു; അതിൽ എത്ര രൂപ ചെലവഴിച്ചു;

(ബി) ഏതെല്ലാം പദ്ധതികൾക്ക് എത്ര രൂപ വീതം ചെലവഴിച്ചു; വിശദവിവരം ലഭ്യമാക്കാമോ?

## പട്ടികവർഗ്ഗക്ഷേമത്തിനായുള്ള ബഡ്ജറ്റ് വിഹിതം

2361. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്ഷേമത്തിനായി 2014-15 വർഷത്തെ ബഡ്ജറ്റിൽ എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം പ്രവർത്തനങ്ങൾക്കാണ് പ്രസ്തുത തുക വകയിരുത്തിയിരുന്നതെന്ന് വിശദമാക്കുമോ ;

(സി) നാളിതുവരെ എത്ര തുക ഈയിനത്തിൽ ചെലവാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ ?

## സ്പൈൽ പദ്ധതി

2362. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) ഒറ്റൂർ ഗ്രാമപഞ്ചായത്തിലുൾപ്പെട്ട നീറുവിളയിൽ സ്റ്റൈമൽ പദ്ധതിയിൽ ഉൾപ്പെടുത്തി സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള ശിപാർശയിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ;

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് എവിടെയെല്ലാം സ്റ്റേഡിയം നിർമ്മിക്കുവാൻ അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

യുവസംരഭക സംഗമം

2363. ശ്രീ.പി.സി വിഷ്ണുനാഥ്

,, വി.റ്റി.ബൽറാം

,, ഷാഫി പറമ്പിൽ

,, ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജന ബോർഡിന്റെ നേതൃത്വത്തിൽ യുവസംരഭക സംഗമം സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) ഇതു മൂഖേന എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സംഗമത്തിൽ ചർച്ച ചെയ്തത്;

(ഡി) ഇതിന്മേൽ എന്തെല്ലാം തുടർനടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

പുനർജനി പദ്ധതി

2364. ശ്രീ.പി.സി വിഷ്ണുനാഥ്

,, ഷാഫി പറമ്പിൽ

,, ഹൈബി ഈഡൻ

,, വി.റ്റി.ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ പുനർജനി പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും

ആശുപത്രികളിലെ കേടായ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി ചെയ്യുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

<u>യുവജനബോർഡിന്റെ സൗജന്യ കോച്ചിംഗ് പദ്ധതി</u>

2365. ശ്രീ.വി.റ്റി.ബൽറാം

,, ഹൈബി ഈഡൻ

,, ഷാഫി പറമ്പിൽ

,, പി.സി വിഷ്ണുനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനബോർഡിന്റെ ഉദ്യോഗാർത്ഥികൾക്ക് മത്സര പരീക്ഷകൾക്കായി സൗജന്യ കോച്ചിംഗ് ക്ലാസ്സുകൾ നല്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) ഏതൊക്കെ പരീക്ഷകൾക്കാണ് കോച്ചിംഗ് നൽകുന്നത് ;

(ഡി) പദ്ധതിയെക്കുറിച്ച് ഉദ്യോഗാർത്ഥികളുടെയിടയിൽ പ്രചാരം നൽകുന്നകാര്യം പരിഗണിക്കുമോ ?

<u>കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പിൽ ദിവസവേതന നിയമനം</u>

2366. ശ്രീ.വി.ശിവൻകുട്ടി **:** താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം തിരുവനന്തപുരം ജില്ലയിൽ കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവരുടെ പേര്, മേൽവിലാസം, തസ്തിക, പ്രതിദിന ശമ്പളം, നിയമിക്കപ്പെട്ട തീയതി എന്നീ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കേരള നിയമസഭാ

പി.ഡി.ശാരംഗധരൻ,

സെക്രട്ടേറിയറ്റ്,

തിരുവനന്തപുരം, സെക്രട്ടറി.

10-03-2015

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].

"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.